പുസ്തകം 7 ലക്കം 12
നവംബർ 2017
വില 15 രൂപ

പുതുതലമുറയ്ക്കായ്

# ഏകതത്ത്വ


Eka Thathwa

മാസിക



## ഒരേയൊരു പണിയേ അറിയൂ...

# ചൊല്ലാതെ പോയ യാത്രാമൊഴി



**സേതു എം. കരിപ്പോൾ**
**9940659089**

എഴുത്തുകാരി കല എസ് നായർ അന്തരിച്ചു. 2017 ഒക്ടോബർ മാസം 9–ാംതിയതി തിങ്കളാഴ്ച രാവിലെ ചെന്നൈയിലെ അണ്ണാ നഗറിലുള്ള സ്വവസതിയിൽ വെച്ചായിരുന്നു അന്ത്യം. അണ്ണാ നഗറിനടുത്തുള്ള ശ്മശാനത്തിൽ ഒക്ടോബർ 11–ാംതിയതി ബുധനാഴ്ച രാവിലെ 10 മണിക്കാണ് ശവസംസ്ക്കാരം നടന്നത്.

'ചെന്നൈ കവി സംഗമം'പോലുള്ള സാഹിത്യക്കൂട്ടായ്മകളിലെ നിരന്തരസാന്നിധ്യമായിരുന്ന അവർ ശ്വാസകോശസംബന്ധമായ അസുഖത്തിന് നിരവധി നാളുകളായി ചികിത്സയിലായിരുന്നു.

മലപ്പുറം ജില്ലയിലാണ് വംശവൃക്ഷത്തിന്റെ തായ് വേരുകൾ പടർന്നു കിടക്കുന്നതെങ്കിലും എറണാകുളം ജില്ലയിലെ തൃപ്പൂണിത്തുറയിലുള്ള ഇരുമ്പനത്താണ് കല എസ് നായർ പിറന്നതും വളർന്നതും എല്ലാം. ഭാരതീയ വേദപുരാണേതിഹാസങ്ങളിലും സാഹിത്യത്തിലും ജ്യോതിഷത്തിലും പ്രാവീണ്യമുണ്ടായിരുന്ന അച്ഛൻ, വാഴത്തോട്ടത്തിൽ ശങ്കുണ്ണിമേനോനാണ് മകളിൽ നിർലീനമായിരുന്ന സാഹിത്യാഭിരുചി തിരിച്ചറിഞ്ഞതും പ്രോത്സാഹിപ്പിച്ചതും. അമ്മയായ പുന്നമണ്ണ ദാക്ഷായണിയമ്മയുടെ വാത്സല്യ പരിലാളനങ്ങൾ ചെറുപ്പം മുതലേ സാഹിത്യരചനയുടെ കളരിയിൽ പൂഴിക്കടകൻ അഭ്യസിക്കാൻ കലയ്ക്ക് പ്രചോദനമായി.

പള്ളുരുത്തി സ്ക്കൂളിലെ പ്രാഥമികവിദ്യാഭ്യാസകാലത്തും എറണാകുളം മഹാരാജാസ് കോളേജിലെ ബിരുദവിദ്യാഭ്യാസ കാലഘട്ടങ്ങളിലും സാഹിത്യാങ്കണത്തിലെ മണൽനിലങ്ങളിൽ അക്ഷരശ്രീയുടെ 'ഹരിശ്രീ' എഴുതിയഭ്യസിച്ചുകൊണ്ട് ഈ എഴുത്തുകാരി തന്റെ അശ്വമേധം ആരംഭിച്ചു. അടിച്ചമർത്തപ്പെടുന്ന സ്ത്രീത്വത്തിന്റെ പ്രതിഷേധശീല്ക്കാരങ്ങളുടെ സാന്നിധ്യം പ്രകടമായിരുന്നു കലയുടെ ചെറുകഥകളിലും നോവലുകളിലും ഉടനീളം. വ്യവസ്ഥാപിതമായ കീഴ്‌വഴക്കങ്ങളോട് നിസ്തന്ദ്രം കലഹിക്കാൻ പലപ്പോഴും കല ആയുധമായെടുത്തത് പുരാണങ്ങളിലെ പ്രതിനായകന്മാരെയായിരുന്നു. പല ഘട്ടങ്ങളിലും അവരുടെ കഥാപാത്രങ്ങൾ സംസാരിച്ചിരുന്നത് കല എസ്. നായരുടെ ആത്മഗതങ്ങൾ തന്നെയായിരുന്നു.

മഹാഭാരതത്തിലെ കർണ്ണപത്നി വൃഷാലിയെ ഇത്തരത്തിൽ കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിച്ചു കൊണ്ട് കല എസ് നായർ എഴുതിയ 'വൃഷാലി' എന്ന നോവലിന് കോഴിക്കോട് ആസ്ഥാനമായുള്ള 'ഫിലിംസിറ്റി' മാസികയുടെ ജനപ്രിയ പുരസ്ക്കാരം ലഭിച്ചിരുന്നു. ടെലിവിഷൻ സീരിയൽ രംഗത്തെയും സിനിമാ രംഗത്തെയും അവാർഡ്ജേതാക്കളെ ആദരിക്കാൻ കോഴിക്കോടുവെച്ച് 2015 മെയ് മാസം 10–ാം തിയതി ഞായറാഴ്ച 'ഫിലിം സിറ്റി' സിനിമാ മാസികയുടെ സംഘാടകർ ഒരുക്കിയ വേദിയിൽവെച്ചായിരുന്നു അവർ ആദരിക്കപ്പെട്ടത്.

നാല്പത്തിമൂന്ന് അധ്യായങ്ങളുള്ള ആ നോവൽ 'ഫിലിം സിറ്റി' മാസികയിലൂടെത്തന്നെ പരമ്പരയായി വെളിച്ചം കണ്ടു. 'ഫിലിം സിറ്റി'യുടെ 2017 ജൂലായ് ലക്കത്തിലൂടെ തന്റെ പ്രിയപ്പെട്ട നോവലിന്റെ അവസാനത്തെ അധ്യായം മഷി പുരണ്ടെത്തി അധികം കാലം ആകുന്നതിനുമുമ്പു തന്നെ, ജഗന്നിയന്താവ് തനിക്കേല്പിച്ച ജന്മദൗത്യം അതീവനൈപുണിയോടെ നിർവഹിച്ചുകൊണ്ട് കാലമൊരുക്കിയ തിരശ്ശീലയുടെ കാണാമറയത്തെവിടെയോ തനിക്കൊരു കൂടൊരുക്കാനാണ് കല എസ്. നായർ ഇഷ്ടപ്പെട്ടത്.

'വൃഷാലി'യെ കൂടാതെ, 'ചൊല്ലാതെ പോയ യാത്രാമൊഴി', 'ഇനിയൊന്നുറങ്ങട്ടെ', 'സ്മൃതി മണ്ഡപം', 'സായൂജ്യം' എന്നിങ്ങനെ ആറോളം നോവലുകളും നിരവധി ചെറുകഥകളും വിവിധ ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ അവരുടെതായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ചെന്നൈയിലെ അണ്ണാനഗറിൽ താമസിച്ചിരുന്ന അവർ പാലക്കാട് ജില്ലയിലെ കുലുക്കല്ലൂരിലുള്ള ആത്രായിൽക്കളത്തിൽ തറവാട്ടിലെ ശങ്കരനാരായണൻ നായരുടെ പത്നിയാണ്.

ചെന്നൈയിലെ മീനാക്ഷി ഡൻറൽ കോളേജിലെ അധ്യാപകനായ ഡോ. രാംശങ്കർ ആണ് കല എസ്നായരുടെ മൂത്ത മകൻ. ദ ഫൈനൽ സ്കൂപ്പ്(The Final Scoop), എനിമി ഓഫ് ദ സർപ്പൻറ്സ് (Enemy Of The Serpents) എന്നിങ്ങനെ ഇംഗ്ലീഷ്ഭാഷയിലെഴുതിയ രണ്ട് നോവലുകളുടെ കർത്താവുകൂടിയാണ് ഡോ. രാംശങ്കർ. മൃദുല അദ്ദേഹത്തിന്റെ സഹധർമ്മിണിയാണ്. രണ്ടാമത്തെ മകൾ രമ്യ സോഫ്റ്റ്‌വെയർ എഞ്ചിനിയറായി ചെന്നൈയിലെ ടി സി എസിൽ ജോലി നോക്കുന്നു. രമ്യയുടെ ഭർത്താവ് അനിരുദ്ധ് അമേരിക്കയിൽ സോഫ്റ്റ്‌വെയർ എഞ്ചിനിയറാണ്. •

## ആദരാഞ്ജലികൾ



**ശ്രീമതി. കല എസ്. നായർക്ക് ഏക തത്ത്വ കുടുംബാംഗങ്ങളുടെ ആദരാഞ്ജലികൾ.**

₹ 15

# ഏക തത്ത്വ
മാസിക

പുസ്തകം 7 ലക്കം 12

നവംബർ 2017

visit: ekathathwa.blogspot.in



**ചീഫ് എഡിറ്റർ**

ഇ. ടി. മുരളീധരൻ

Mob : 9446443321, 9387118131

Email : muraliet@yahoo.co.in
etmuraliet@gmail.com

Facebook ID : Et murali

**മാനേജിംഗ് എഡിറ്റർ**

ബിന്ദു . കെ


**മരണക്കിടക്കയിൽവെച്ചല്ല യുവത്വത്തിലേ തിരിച്ചറിയുക**

"അറിവിനായ് ജനിച്ചു,
അത് അറിയാതെ അലഞ്ഞു,
വിശപ്പു കൊണ്ട് തളർന്നു,
കാശിനായ് അലഞ്ഞു,
വഴി മാറി മാറി നടന്നു.
നേടിയതോ.... അറിവുമാത്രം."


അഭിപ്രായങ്ങളും രചനകളും അയക്കേണ്ട വിലാസം

**Eka Thathwa, Post Box No. 70**
**Palakkad 678 001**

വരിസംഖ്യ
പോസ്റ്റൽ മണിയോർഡറായി അയക്കേണ്ട
വിലാസം :

E.T Muralidharan
Eka Thathwa
A-9, New Civil Nagar, Behind Civil Station, Palakkad 678001.


Donations and all other payment towards EkaThathwa Should also be made through Bank account Our Bank a/c details: M/s Ekathathwa Current Account Number:33077202787, IFS Code: SBIN 0004925, SBI Civil Station Branch, Palakkad 678 001


**ekathathwa@yahoo.com**

**Website: www.ekathathwa.com**


## ഉള്ളടക്കം




**ഗുരു**

7 - ഏറ്റവും വലിയവരായ ഏറ്റവും ചെറിയവർ

**ലേഖനം**

8 - കുട്ടിയാവുക സത്യം പറയുക
- എടപ്പാൾ സി. സുബ്രഹ്മണ്യൻ

9 - മതത്തെ മറയാക്കി പട്ടിണിയും ദുരിതവുമുണ്ടാക്കുന്നത് അവരാണ് - ഇന്ദു മാരാത്ത്

11 - എവിടെയാണ് മനസ്സ് ? - ലക്ഷ്മിക്കുട്ടി ചെറായ

12 - ഗൗരി ലങ്കേഷ് പോരാട്ടത്തിന്റെ രക്തസാക്ഷി
- എം. ജോൺസൺ റോച്ച്

24 - ഇടം വലം കാലുകൾ - നമിത ഗോപിനാഥ്

25 - ജൈവകൃഷി രീതികൾ - ബാലകൃഷ്ണമേനോൻ

**കഥ**

26 - വൈധവ സ്റ്റുഡന്റ് - കെ. വിജയകുമാരൻ

28 - തരൂർ കഴുക്കുന്ന് - ചൂലനൂർ രാമചന്ദ്രൻ

29 - മൂന്നു കഥകൾ - സുരേഷ് തെക്കീട്ടിൽ

32 - പാദുകം - രാധാ കണ്ണൻ

36 - വയറ്റാട്ടി - ടി. കെ. ഉണ്ണികൃഷ്ണൻ

38 - ആരാണയാൾ ? - സൈനുദീൻ മുണ്ടക്കയം

**കവിത**

14 - മൂന്നു കവിതകൾ - കുഞ്ഞുകുട്ടൻ മീനിക്കോട്

15 - യയാതി - കെ. കെ. സോമനാഥൻ മാസ്റ്റർ

21 - നാല് കവിതകൾ - മുരളീധർ കൊല്ലത്ത്

24 - കനൽ ചീളുകൾ - ടി. എ. മടക്കൽ

27 - അടങ്ങാത്ത ദാഹം - മംഗളൻ തൈയ്ക്കൽ

29 - ഗാന്ധിജിയിലേക്കിനി എത്ര ദൂരം - ഇന്ദുജൻ ഇന്ദീവരം

32 - കൂട്ട് - കമർ അഷ്ക്കർ

32 - രക്ഷിതാവ് - തുളസി കേരളശ്ശേരി

33 - സമയത്തിന്റെ വില - സത്യൻ താന്നിപ്പുഴ

33 - സ്വാർത്ഥത - പി. ആർ. ജോസ്

37 - ചിന്ത - രാജേന്ദ്രൻ തിരുവല്ല

41 - അനന്തം അജ്ഞാതം - ജോസഫ് പൂതക്കുഴി

41 - വെളിച്ചം ദുഃഖമാണുണ്ണി - അജയ് ബാലചന്ദ്രൻ

41 - അഹങ്കരിക്കരുത് - അനുപമ പി. എസ്.

**ലേഖഥ**

30 - ചരിത്രം ആവർത്തിച്ച ഒന്നാം തീയതി കയറ്റം
- ഡോ. ഒ. സി. പ്രമോദ്

**സ്മരണ**

16 - എന്റെ അഭിനയ സ്മരണകൾ - മുക്കം ഭാസി

**പാചകം**

18 - ആലുപൊറോട്ട, നിലക്കടല ബർഫി
- പി. എൻ. ഗംഗാലക്ഷ്മി

**അനുഭവം**

19 - ലൈബ്രറി നോട്ട് - വിജയൻ കല്ലട

**അനുസ്മരണം**

20 - കൃഷ്ണൻ അപ്പോത്തിക്കിരിയും നാരായണ ഗുരുസ്വാമികളും കുമാരനാശാനും
- പ്രകാശൻ ചുനങ്ങാട്

22 - കല്യാണസൗഗന്ധികം - എടത്തറ ജയൻ

**ആരോഗ്യം**

21 - മുഖക്കുരു - ഡോ. സി. രാമകൃഷ്ണൻ

**പുസ്തകപരിചയം**

34 - മനസ്സിലാവാത്ത തെറ്റ് - അശോകൻ രാജീവം

**ഫലിതം**

42 - ബൂമറാങ് - കാരിത്തടം വർക്കി



# ഒരേയൊരു പണിയേ അറിയൂ...

ഇ. ടി. മുരളീധരൻ

**വാ**ഹനമോടിക്കുന്ന ഭൂരിഭാഗം ആളുകളും മെക്കാനിക്കുകളല്ലല്ലോ. വാഹനമോടിക്കുന്ന എത്രപേർക്ക് ഗതാഗത നിയമങ്ങൾ അറിയാം ? മുഴുവനായും അറിഞ്ഞില്ലെങ്കിലും കുറച്ചെങ്കിലും അറിയാത്തവരായി ആരുണ്ട്? അങ്ങിനെ അറിഞ്ഞവരിൽ തന്നെ എത്ര പേർ അത് പാലിക്കപ്പെടുന്നു ? അപകടം ഏതുവിധത്തിൽ സംഭവിച്ചാലും കുറ്റം മറ്റുള്ളവരുടെ തലയ്ക്ക് കെട്ടിവെക്കാൻ ശ്രമിക്കും. പ്രശ്നങ്ങളിൽ നിന്ന് എങ്ങിനെയെങ്കിലും രക്ഷപ്പെടണം അതുമാത്രമാണ് ചിന്ത. നാം പലപ്പോഴും അപകടം പിണയാതെ രക്ഷപ്പെട്ടത് സ്വന്തം ഡ്രൈവിങ്ങിന്റെ മികവുകൊണ്ടാണെന്ന് മാത്രം കരുതരുത്. അത് മറ്റുള്ളവരുടെ കരുതലുകൊണ്ടാണ്, ഡ്രൈവിങ്ങ് പാടവം കൊണ്ടാണ്. വലത്തോട്ട് ഇൻഡിക്കേറ്ററിട്ട് ഇടത്തോട്ട് പോകുന്നവരും ഇൻഡിക്കേറ്റർ ഇടാതെ തോന്നുമ്പോൾ ഇടത്തോട്ടും വലത്തോട്ടും തിരിയുന്നവരുമുണ്ട്. വേറെന്തൊക്കെയോ ചിന്തിച്ചുകൊണ്ട്, മൊബൈൽ ഫോണിൽ സംസാരിച്ചുകൊണ്ട്, ചെയ്യുന്ന പ്രവൃത്തിയിൽ ശ്രദ്ധയില്ലാതെ അതേക്കുറിച്ച് പൂർണ്ണമായി അറിയാതെ, പഠിക്കാതെ വണ്ടി ഓടിക്കുന്നവരുമുണ്ട്. ഇതുപോലെയുള്ള ഇടപെടലുകളാണ് നാം നമ്മുടെ ജീവിതത്തിലും നടത്തുന്നത്. ഞാൻ ആരാണ് ? എന്തിനുവന്നു ? വരുന്നതിനുമുമ്പ് ഞാൻ എവിടെയായിരുന്നു ? മരണശേഷം ഞാൻ എങ്ങോട്ടുപോകുന്നു എന്നെല്ലാം വെറുതെ ഒന്ന് ചിന്തിച്ചുനോക്കുവാൻ പോലും സമയം കണ്ടെത്താതെ എന്തൊക്കെയോ പറയുന്നു, വേറെന്തൊക്കെയോ ചെയ്യുന്നു...

ഭാര്യയും ഭർത്താവും തമ്മിൽ കലഹിച്ച് കഷ്ടപ്പെട്ട് പലപ്പോഴായി സ്വരൂപിച്ച, വീട്ടിലുള്ള ചട്ടിയും പാത്രങ്ങളും വിലപിടിപ്പുള്ള വസ്തുക്കളും തല്ലിപ്പൊട്ടിച്ചു, എറിഞ്ഞുടച്ചു. ഒടുവിൽ അവരുടെ പ്രവർത്തിയെ തന്നെ ഓർത്ത് പുച്ഛിച്ചു, പശ്ചാത്തപിച്ചു. എന്നിട്ട് ദുഃഖിച്ചിരുന്നു. വല്ല കാര്യവുമുണ്ടോ ? അതുപോലെയാണ് നാമും നമ്മുടെ പൈതൃകങ്ങളേയും ചരിത്ര രേഖകളേയും പുച്ഛിച്ചാൽ, നശിപ്പിച്ചാൽ. പിന്നീട് ആ മണ്ടത്തരമോർത്ത് ദുഃഖിക്കേണ്ടിവരും. ഈയിടെയായി ചരിത്രസ്മാരകങ്ങളുടെ ജാതിയും മതവും നോക്കുന്നു ചിലർ. അവയെ തച്ചുടച്ച് പുതിയ ചരിത്രം തീർക്കാനൊരു മോഹം അവർക്ക്. അതിനായി വളർന്നുവരുന്ന തലമുറയിൽ വർഗ്ഗീയ വിഷം കുത്തിവെച്ചുകൊണ്ടേയിരിക്കുന്നു. തന്മൂലം ഉണ്ടാവാൻ പോവുന്ന ഭവിഷത്തുകൾ വിദൂരത്തിലല്ല. ഒരുകാലത്ത് ഏതോ അധിനിവേശത്തിന്റെ, ഒരാദർശത്തിന്റെ പേരിൽ പിടിച്ചെടുത്ത ഭൂമിയിൽ അവർ നിർമ്മിച്ച നിർമ്മിതികൾ മരിക്കുമ്പോൾ അവർക്ക് ഇവിടെനിന്നും കൊണ്ടുപോകാനായോ? പലരുടേയും സമാധാനാന്തരീക്ഷം കെടുത്തി അതുപോലൊരു പാഴ്ശ്രമം ഇനിയും നടത്തേണ്ടതുണ്ടോ?

പുരുഷനെപ്പോലുള്ള വക്രബുദ്ധിയില്ലാത്തവരാണ് സ്ത്രീസമൂഹം. അവർ പൊതുവേ നിഷ്കളങ്കരാണ്. പുരുഷൻമാരും ജനിച്ചപ്പോൾ അങ്ങിനെയായിരുന്നു പക്ഷെ മുതിർന്നപ്പോൾ പുരുഷന് സ്വാതന്ത്രക്കൂടുതൽ കാരണം എല്ലാ വൃത്തികേടുകളും നേരത്തേ പഠിക്കുന്നു എന്നുമാത്രം. എന്നിട്ട് സ്ത്രീ സമൂഹത്തെ, പ്രകൃതിയെത്തന്നെ ദുരുപയോഗം ചെയ്യുന്നു. സ്ത്രീകളെ മറയാക്കി വൃത്തികേടുകൾ ചെയ്യുന്നു. അവരെ കൊണ്ട് പണിയെടുപ്പിച്ച്, അവരെ അടിമകളെ പോലെ കണ്ട് സുഖിച്ചുനടക്കുന്നു. ആവശ്യം കഴിഞ്ഞാൽ കൊല്ലാനും മടിക്കില്ല. പുരുഷൻ പ്രകൃതിയിൽ നടത്തുന്ന ചില ഇടപെടൽ മൂലമാണ് മഴയുണ്ടാകുന്നതും ഇല്ലാതാകുന്നതും, ഭൂമിയിലെ ചൂട് വർദ്ധിക്കുന്നതും കുറയുന്നതും തുടങ്ങി പല വിപത്തുകൾക്കും കാരണമാകുന്നത്. അതുപോലെ പുരുഷൻ സ്ത്രീയാകുന്ന പ്രകൃതിയിൽ നടത്തുന്ന ഇടപെടലുകളാണ് സന്തോഷത്തിനും ദുഃഖത്തിനും സമാധാനത്തിനും സമാധാനക്കേടിനും സമ്പത്തിനും ദാരിദ്ര്യത്തിനും അറിവില്ലായ്മയ്ക്കും അറിവിനും തുടങ്ങി എല്ലാറ്റിനും കാരണമാകുന്നത്.

പുഴകളിലേയും ഡാമുകളിലേയും വെള്ളം പമ്പ് ചെയ്ത്, ശുദ്ധീകരിച്ച് പൈപ്പുകളിലൂടെ അവ കുടിവെള്ളമായി വീട്ടിലെത്തുന്നു. നാം പലപ്പോഴും ആ വെള്ളത്തിൽ കൈ കഴുകാറുണ്ട്. കൈ കഴുക്കിക്കഴിഞ്ഞാൽ പിന്നെ നാം ആ വെള്ളത്തെ തൊടില്ല അറപ്പാണ്. അത് അഴുക്കുചാലിലൂടെ ഒഴുകിപ്പോകും. വേനൽ ചൂടിൽ വറ്റി ഇല്ലാതാകും. പക്ഷെ നാം അതേക്കുറിച്ചൊന്നും ചിന്തിക്കാറേയില്ല അല്ലേ?

വിശ്വാമിത്രന്റെ തപസ്സിളക്കാൻ വന്ന മേനകയെ പോലെ പല സന്ദർഭങ്ങളിൽ വന്നു രംഭയും തിലോത്തമയും മോഹിനിയും തുടങ്ങി പലരും ഇതിനുപിന്നിലെല്ലാം പുരുഷന്റെ ചില ആവശ്യങ്ങളുണ്ടായിരുന്നു. അതുപോലെ ദേവദാസികളിൽ പേരുകേട്ട ദേവദാസിമാർ ഉണ്ടായിരുന്നു. ഇന്നും അങ്ങിനെ ഒരു വിഭാഗം ഉണ്ട്. പത്രത്തിൽ നിങ്ങൾ വായിക്കാറില്ലേ കാലങ്ങൾക്കുശേഷം വന്ന ഒരു മേനകയെക്കുറിച്ച്. നല്ല നിലയിൽ പുരോഗമ

നം കാഴ്ചവെച്ച ഒരു ഭരണകൂട ത്തെ തന്നെ മറിച്ചിടുകയും പിന്നെ ആ ഭരണാധികാരികളെയെല്ലാം ഇന്നും വേട്ടയാടിക്കൊണ്ടിരിക്കു ന്ന ഒരു വനിത. ആ വനിതയുടെ ഇ രുപുറത്തും പുരുഷൻമാരാണ്. അ വർ തമ്മിലുള്ള പക പോക്കലുമാ ത്രമാണ് ഇതിനെല്ലാം പിന്നിൽ. അ ത് ഒത്തുതീർപ്പാകുമ്പോൾ പിന്നെ ഈ അഴുക്കുജലത്തെ ആർക്കും വേണ്ടി വരില്ല. അത് ഒരുപക്ഷെ ഈ അഴുക്കുവെള്ളത്തിനും അറി യാമായിരിക്കും.

ഏത് ഭരണാധികാരിയാ യാലും നിന്ന് തിരിയാൻ നേരമു ണ്ടാകില്ല, ആളൊഴിഞ്ഞ നേരമു ണ്ടാകില്ല, എന്തിന് ഒന്ന് സ്വൈര്യമാ യി മൂത്രമൊഴിക്കാൻ പോലും പറ്റി ല്ല പിന്നെയെങ്ങിനെയാണ് ശാരീരി കമായി ഒരു സ്ത്രീയെ പീഡിപ്പി ക്കുക. അതും എഴുന്നേറ്റ് നിൽക്കാ നും നടക്കാനും ബുദ്ധിമുട്ടുന്ന ഒരു വ്യക്തിക്ക് എങ്ങിനെ കഴിയും? ചി ന്തിക്കുന്നവർക്കെല്ലാം കാര്യം മന സ്സിലായി. പക്ഷെ മഞ്ഞ പത്രങ്ങളെ ക്കാളും മോശമായി മുഖ്യധാര മാ ധ്യമങ്ങൾ വാർത്തകൾക്കുവേണ്ടി വാർത്തകൾ സൃഷ്ടിക്കുന്നതിൽ പ്രാവീണ്യം നേടിക്കഴിഞ്ഞിരിക്കു ന്നു. വാർത്തയ്ക്ക് വേണ്ടി പലരു ടേയും ജീവിതത്തെ താറുമാറാ ക്കുന്നു. എല്ലാം തെളിഞ്ഞിട്ടുപോ രെ കൊട്ടിഘോഷിക്കാൻ, എഴുതി പ്പിടിപ്പിക്കാൻ, എഴുതാപ്പുറങ്ങൾ ചർച്ച ചെയ്യാൻ... എന്തായാലും എ ന്തോ ഒന്ന് നടന്നിട്ടുണ്ട്. തീയില്ലാ തെ പുക കാണില്ലല്ലോ. നമുക്ക് കാ ത്തിരിക്കാം...

കാശു നല്കിയാൽ വാർ ത്തയിൽ ഉൾപ്പെട്ട ആളുടെ പേര് ഉൾപ്പെടുത്താതെ വാർത്ത വരു ത്തുവാൻ സാധിക്കും. വാർത്ത റേ റ്റിംഗ് കൂട്ടുമെന്ന് കണ്ടാൽ പിന്നെ അവർ പൊടിപ്പും തൊങ്ങലും വെ ച്ച് നിറയെ എഴുതിപ്പിടിപ്പിക്കും. അ ക്ഷരത്തിനകത്ത് തീയുണ്ട്, സൂ ക്ഷിക്കുക. ആരായാലും അസ ത്യം പ്രചരിപ്പിച്ചാൽ സ്വജീവിത ത്തിൽ സമാധാനവും സന്തോഷ വും നഷ്ടപ്പെടും.

കൈയടി കിട്ടാൻ വേണ്ടി, ഷൈൻ ചെയ്യാൻ വേണ്ടി, ആളാ കാൻ വേണ്ടി കാര്യങ്ങൾ ചെയ്യു ന്നവരാണ് പലരും. പക്ഷെ ജീവി ച്ചിരിക്കുമ്പോഴും മരണാനന്തരവും ജനമനസ്സുകളിൽ തിളങ്ങുന്ന മഹ ത്വ്യക്തികളെക്കുറിച്ച് പഠിക്കുക, മനസ്സിലാക്കുക. വായിക്കേണ്ടത് ആത്മകഥകളാണ്, ജീവചരിത്രങ്ങ ളാണ്. അത്തരം വായന നേരായ മാർഗ്ഗവും ലക്ഷ്യബോധവും പ്രദാ നം ചെയ്യും. വേണമെങ്കിൽ വേദ ങ്ങളും ഉപനിഷത്തുകളും മതഗ്ര ന്ഥങ്ങളും കൂടി വായിച്ചോളൂ. നല്ല തും ചീത്തയും എളുപ്പം വേർതിരി ച്ചെടുക്കാനാകും.

ഹോട്ടൽ തൊഴിലാളികൾ, ബസ് തൊഴിലാളികൾ, നേഴ്സിംഗ് തൊഴിലാളികൾ തുടങ്ങി പലരും ലീവ് എടുക്കാൻ പറ്റാത്ത പണിക ളിൽ മെഷിനുകളെ പോലെ പ്രവർ ത്തിക്കുന്നു. എന്തിന്റെ പേരിലാ യാലും കഠിനാദ്ധ്വാനികൾക്ക് രാ ജ്യപുരോഗതിക്ക് തടസ്സം സൃഷ്ടി ക്കുന്ന ഹർത്താലുകൾ ആശ്വാസം പകരുന്നുണ്ട്. കേരളത്തിൽ ആര് ഹർത്താൽ നടത്തിയാലും വിജയി ക്കും. കാരണം ഇവിടെ ഏറ്റവും കൂ ടുതലുള്ളത് മടിയൻമാരാണല്ലോ. നാക്കുകൊണ്ട് മാത്രം പണിയെടു ക്കുന്നവർ, അതുകൊണ്ട് ജീവിക്കു ന്നവർ, എന്തിനും ഏതിനും നിയമം പറയുന്നവർ, മേലനങ്ങാതെ പണം സമ്പാദിക്കുന്നവർ, പ്രശസ്തിക്കു വേണ്ടി വേഷം കെട്ടുന്നവർ.

എല്ലാവർക്കും പ്രശസ്ത രാകണം, സമയമെടുത്ത് പ്രശസ് തരാകാനൊന്നും നേരമില്ല. ഇപ്പോ ൾ തന്നെ ആകണം. കുറേയേറെ ത്യാഗങ്ങൾക്കൊടുവിലാണ് ഗാ ന്ധിജി മഹാത്മാവായത്. അതും അ ദ്ദേഹം ആവശ്യപ്പെട്ട്, ആഗ്രഹിച്ച് സ്വയമേവ ഇട്ട പേരല്ല. മറ്റുള്ളവർ നല്കിയ പേരാണ്. പക്ഷെ ഇന്ന് ത്യാഗപൂർണ്ണമായി ജീവിച്ച് പേരെ ടുക്കാൻ തയ്യാറല്ല. എന്തെങ്കിലും എങ്ങനെയെങ്കിലുമൊക്കെ എന്റെ പേര് ചരിത്രത്തിൽ രേഖപ്പെടുത്ത ണം. അതുമാത്രമേ ലക്ഷ്യമുള്ളൂ. അതിനുള്ള കോട്ടും തുന്നി നെട്ടോ ട്ടത്തിലാണ്.

പണ്ടെല്ലാം രാജാവ് രാ ജ്യം കാണാൻ ഇറങ്ങും. പ്രജകളു ടെ പരാതികളും പരിഭവങ്ങളും പ ഠിക്കും, മനസ്സിലാക്കും എന്നിട്ട് എ ല്ലാം പരിഹരിക്കാനുള്ള നടപടിക ളെടുക്കും. പക്ഷെ ഇന്ന് രാജാവില്ല ല്ലോ. മന്ത്രിമാരാണല്ലോ ഉള്ളത്. അ വരുടെ കാര്യമൊന്നും പറയേണ്ട. ഇപ്പോഴത്തെ മന്ത്രിമാരടക്കം എല്ലാ വരും തിരക്കിലാണ്. പണ്ട് മന്ത്രി യായി ഇരുന്നവരും മന്ത്രിയാകാൻ കൊതിച്ചു നടക്കുന്നവരും കൂടി ന മ്മുടെ കൊച്ചുനാട്ടിൽ അങ്ങോട്ടും ഇങ്ങോട്ടും വാഹനത്തിൽ പദയാ ത്ര നടത്തിവരുകയാണ്. എന്നിട്ട് വാഹനം നിർത്തുന്നിടത്തെല്ലാം, വിശ്രമിക്കുന്നിടത്തെല്ലാം ഇരുന്നിട്ട് വൃത്തികേടുകൾ വിളിച്ചുപറയുക യാണ്. ഇതൊന്നുമറിയാതെ വേ റൊരു മന്ത്രി രാജ്യത്തിനുപുറത്ത് കറങ്ങിനടക്കുന്നുണ്ട്. എന്തുകൊ ണ്ടും ഇവരെല്ലാവരും കൂടി നമ്മു ടെ നാടിനെക്കുറിച്ച് മറ്റുള്ളവർക്കു ണ്ടായിരുന്ന മതിപ്പിനെ ഇല്ലാതാക്കി ക്കൊണ്ടിരിക്കുന്നു. ഇരിക്കുന്ന കൊമ്പിനെ തന്നെ മുറിക്കുന്ന മണ്ട ൻമാരാണ് പലരും. എങ്കിലും എല്ലാ വരേയും മണ്ടൻമാരാണെന്ന് പറ യാനുമാവില്ല. കൈയ്യൂക്കുള്ളവന് എന്തുമാകാമല്ലോ. രാജ്യങ്ങൾ ചു റ്റിക്കാണാം, വേണമെങ്കിൽ കായ ൽ കൈയ്യേറാം. ഒരു കുഴപ്പവുമില്ല. ആദിവാസികളോ ദരിദ്രരോ വെ യിലും മഴയും കൊള്ളാതിരിക്കാൻ ഒരു കുടിൽ കെട്ടിയാൽ അത് കാ ട്ടിലായാലും ആളൊഴിഞ്ഞ സ്ഥല ത്തായാലും അത് പൊളിപ്പിക്കും. പിന്നെ നിയമനടപടികളായി. പ ക്ഷെ കായൽ നിരത്തി റിസോർട്ട് കെട്ടുന്നവരെ വെറുതെ വിടും. വാ ർത്ത നല്കി പ്രസിദ്ധരാക്കും. ന മ്മുടെ നാടും സംസ്കാരവും നശി ക്കുന്നു, അധഃപതിക്കുന്നു. സിനിമ പോസ്റ്ററിൽ നടനുവേണ്ടി കാശു വാങ്ങി പാലഭിഷേകം നടത്താൻ മലയാളിയും പഠിച്ചിരിക്കുന്നു. പണം തന്നെ കാരണം. പക്ഷെ പണം പണി തരും.

കേരളം ദൈവത്തിന്റെ സ്വന്തം നാടായതിനും ഭാരതം ഏറ്റ വും മഹത്തരമായ സംസ്കാരത്തി ന്റെ വിളഭൂമിയായതും കാരണം എ ന്താണ് ? ഏതുരാജ്യത്തിലും ഇ ത്രയധികം വൈവിധ്യമുള്ള ജനവി ഭാഗം ഉണ്ടാകില്ല. അറിവിനായ് ജ നിച്ച നമുക്ക് ഇവിടെ പഠിക്കാനൊ രുപാടുണ്ട്. യഥാർത്ഥ സാമ്പിൾ

ആണ് ഭാരതം. നമുക്ക് അഭിമാനിക്കാം ഒപ്പം കലഹിച്ച് തമ്മിൽതല്ലിയും മറ്റുള്ളവരുടെ മുന്നിൽ ഹാസ്യ കഥാപാത്രമായി മാറാതിരിക്കാൻ ശ്രമിക്കാം. ഇതെല്ലാം ഈ വിധം നിലനിർത്തിയവനെക്കുറിച്ച് ചിന്തിക്കുമ്പോഴേ അത്ഭുതം തോന്നണം. എങ്ങിനെ തോന്നാൻ ?

ചിന്തിക്കുന്നത് തന്നെ വർഗ്ഗീയമായാണല്ലോ, രാഷ്ട്രീയമായാണല്ലോ. ഈ രാഷ്ട്രത്തിൽ മാത്രം ഊന്നിക്കൊണ്ടുള്ള ചിന്തകളാണല്ലോ. പിന്നെങ്ങിനെ ശരിയാവും? പ്രാർത്ഥിക്കുക, എല്ലാം മനസ്സിലാക്കിത്തരുവാനായി പ്രാർത്ഥിക്കുക. എന്നിട്ട് കണ്ണും കാതും തുറന്നുവെക്കുക. ചോദിച്ച ചോദ്യത്തിനുള്ള ഉത്തരം വാക്കായും കാഴ്ചയായും വരുംവരായ്ക സഹിതം മനസ്സിലാക്കിത്തരും സൃഷ്ടാവ്. പക്ഷെ ചോദിക്കേണ്ടേ ? ചോദിക്കണം. നിരന്തരമായി ചോദിക്കണം. ഉത്തരം ലഭിക്കുക തന്നെ ചെയ്യും. ധനികനിലൂടേയോ ദരിദ്രനിലൂടേയോ മറ്റു ജീവജാലങ്ങളിലൂടേയോ അടുത്തെത്തി കാര്യങ്ങൾ പറഞ്ഞുതരും തീർച്ച. സങ്കുചിതരാകാതെ എല്ലാറ്റിനേയും എല്ലാവരേയും ഉൾക്കൊള്ളുന്ന ഒരു വലിയ മനസ്സിനുടമയാവാൻ ശ്രമിക്കൂ. നമ്മുടെയെല്ലാ സ്ഥലവും ഭാഷയും ഭക്ഷണവും വേഷങ്ങളും ജാതിയും മതവും കുലവും എല്ലാം വ്യത്യസ്തങ്ങളാണ് പക്ഷെ നിർമ്മല സ്നേഹത്തിനുമുന്നിൽ മാത്രം എല്ലാം ഒന്നായിത്തീരുന്നു എന്ന സത്യം മനസ്സിലാകണമെങ്കിൽ എല്ലാവരേയും സ്നേഹിക്കൂ, പ്രതിഫലേച്ഛ കൂടാതെ നിർമ്മലമായി... നിങ്ങളെ സഹായിച്ചവരിൽ അന്യമതസ്ഥരും രാജ്യക്കാരും ഉണ്ടാകാം. മതത്തേയും രാജ്യത്തേയും കുറ്റപ്പെടുത്തേണ്ട. കുഴപ്പം നമ്മളിലാണ്. ആ കുഴപ്പം കണ്ടുപിടിച്ച് തിരുത്തുംവരെ നമ്മളെ ആരും അറിയേണ്ട. അറിഞ്ഞാൽ, അറിയാതെ ബുദ്ധിമോശം കൊണ്ട് സംഭവിച്ചുപോയ തെറ്റ് നാട്ടിൽ പാട്ടാവും. അത്ര പ്രസിദ്ധനല്ലെങ്കിൽ പറ്റിയ തെറ്റ് അധികമാരും അറിയാതെ തന്നെ തിരുത്തി മുന്നേറാം. പ്രവൃത്തിയിൽ, കർമ്മത്തിൽ ആത്മാർത്ഥത പുലർത്തുന്ന ആൾക്ക് പദവി ലഭിക്കും. പദവികൾക്ക് വേണ്ടി പ്രവൃത്തിക്കുന്നവർക്ക് ഉള്ള പണിയും പോകും ഒപ്പം മാനവും. എന്തായാലും കുത്താൻ വരുന്ന പോത്തിനെ പോലെയുള്ള അമ്മായിയമ്മയെ സ്നേഹിക്കുക, കുടിച്ചുകൂത്താടി വരുന്ന ഭർത്താവിനെ സ്നേഹിക്കുക, അനുസരണയില്ലാത്ത മക്കളെ സ്നേഹിക്കുക, സ്നേഹമില്ലാതെ ജീവിക്കുന്ന അയൽക്കാരെ സ്നേഹിക്കുക, നിങ്ങളുടെ സ്നേഹം അവരിൽ മാറ്റങ്ങൾ സൃഷ്ടിക്കും. അതിന് ഭക്തിയും ആരാധനയുമല്ല ആത്മീയ ചിന്തകളാണ് വേണ്ടത്.

ഭക്തിയും ആത്മീയതയും രണ്ടാണ്. ഭക്തൻമാരെന്ന് സ്വയം വിശേഷിപ്പിക്കുന്നവർ ആവർത്തിച്ച് കേൾക്കുന്നതും കേൾക്കാനിഷ്ടപ്പെടുന്നതും അവർക്കറിയാവുന്ന കാര്യങ്ങളേയാണ്. പക്ഷെ, മറ്റൊരു ചിന്താധാര ജീവിതരീതി അവർ അംഗീകരിക്കുകയില്ല. അവർ ഒന്നും ക്ഷമയോടെ കേൾക്കില്ല, പ്രവൃത്തിക്കില്ല, അന്വേഷിക്കില്ല. അതുകൊണ്ടുതന്നെ ഒന്നും പുതുതായി പഠിക്കുകയുമില്ല. എന്നാൽ ആത്മീയമായി ജീവിക്കുന്നവർക്ക് എല്ലാം കേൾക്കാനും ഉൾക്കൊള്ളാനും അംഗീകരിക്കാനും സാധിക്കും. കാരണം എല്ലാം ദൈവസൃഷ്ടികളാണല്ലോ. പക്ഷെ രാമായണ കഥയിൽ രാവണൻ വെറും ശിവഭക്തനായിരുന്നു. അതുകൊണ്ടാണ് വിഷ്ണുവിന്റെ അവതാരമായിരുന്ന രാമനെ മനസ്സിലാക്കാനാവാതെ പോയത്. രാമപത്നിയെത്തന്നെ തട്ടിക്കൊണ്ടുപോയി, അതിന്റെ പേരിൽ യുദ്ധം വരെ ഉണ്ടായി. രാവണൻ ആത്മീയതലത്തിൽ ചിന്തകളുള്ള ഒരുവനായിരുന്നുവെങ്കിൽ സീതയെ തട്ടിക്കൊണ്ടുപോകില്ലായിരുന്നു. രാമനെ കണ്ടെത്തി സ്നേഹിച്ചേനേ. അപ്പോൾ രാമനിൽ വിഷ്ണുവിനേയും ശിവനേയുമെല്ലാം കാണാൻ സാധിച്ചേനേ. പക്ഷെ, എല്ലാം മരണത്തിനു തൊട്ടുമുമ്പ് മനസ്സിലാക്കിയിട്ട് കാര്യമില്ലല്ലോ. അതുകൊണ്ട് നിങ്ങൾ എല്ലാം മനസ്സിലാക്കാൻ മരണം വരെ കാത്തിരിക്കേണ്ട, ചുറ്റുമുള്ളവരെ നിരുപാധികം സ്നേഹിക്കുക. നിങ്ങൾക്ക് അവരിൽ ദൈവത്തെ, ദൈവത്തിന്റെ പ്രവൃത്തികളെ കാണാൻ കഴിയണം. നമുക്ക് പഠിക്കാനായാണ് ഇവിടെ എല്ലാം സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. അതുകൊണ്ട് മാറ്റേണ്ടതും പഠിക്കേണ്ടതും നമ്മളാണ്, മറ്റാരുമല്ല. അവരേയെല്ലാം മാറ്റാൻ ശ്രമിക്കാതെ സ്വയം നല്ലതരം മാറ്റങ്ങൾക്ക് വിധേയമാകൂ, എല്ലാം നല്ലതിന്...

മഴ മൂലവും പൂക്കളുടെ ദൗർലഭ്യം മൂലവും പുറത്തിറങ്ങി ഭക്ഷണം ശേഖരിക്കാൻ കഴിയാത്ത ഒരവസ്ഥ വരുമെന്നത് മുന്നിൽ കണ്ടുകൊണ്ട് വിശ്രമമില്ലാതെ പണിപ്പെട്ട് തേൻ ശേഖരിച്ചുവെയ്ക്കുന്ന തേനീച്ചകളെ കണ്ടിട്ടില്ലേ ? അവർ ആവശ്യത്തിൽ കൂടുതൽ തേൻ ശേഖരിച്ചുവെക്കും. നിരന്തരം അതുതന്നെയാണ് അവർക്ക് പണി. ഒടുവിൽ മഴക്കാലത്തിനുമുൻപ് തന്നെ മനുഷ്യർ തേനീച്ചകളെ കൊന്നും ഓടിച്ചും തേൻ മുഴുവനായി കൈക്കലാക്കും. അവശേഷിക്കപ്പെട്ട തേനീച്ചകൾ മഴക്കാലത്ത് ദുഃഖിച്ചിരിക്കും, വിശന്നു മരിക്കും. അതിജീവിച്ച തേനീച്ചകൾ ചിങ്ങമാസത്തിൽ പൂക്കളുടെ അടുത്തുപോയി തേൻ ശേഖരിച്ചുതുടങ്ങും പിന്നെയും എന്തിനെന്നില്ലാതെ ! ഇതുപോലെയാണ് മനുഷ്യനും പണം ശേഖരിച്ചുവെയ്ക്കുന്നത്. പണം തന്നെയാണ് എല്ലാ കലഹങ്ങൾക്കും കവർച്ചകൾക്കും പീഡനങ്ങൾക്കും കൊലപാതകങ്ങൾക്കും കാരണമാകുന്നത്. അനുഭവങ്ങളിൽ നിന്നൊന്നും പഠിക്കാത്തവരാണ് ഇവിടെ പലതും ആവർത്തിച്ച് ചെയ്തുകൊണ്ടിരിക്കുന്നത്. ദിവസവും വിശ്രമമില്ലാതെ തേൻ ശേഖരിച്ചുവച്ച തേനീച്ചയ്ക്ക് ആവശ്യമുള്ളപ്പോൾ ഭക്ഷിക്കാൻ ഒരു തുള്ളി തേൻ പോലും കിട്ടിയില്ലല്ലോ. എല്ലാം മനുഷ്യൻ കവർന്നെടുത്തില്ലേ. അതുപോലെ അമിതമായി പണം സമ്പാദിച്ചുവയ്ക്കുന്നവരുടെ പണവും കവർന്നെടുക്കപ്പെടും. അന്ത്യനാളുകളിൽ പണം ഉപകരിക്കില്ല. സമാധാനപൂർണ്ണമായ ജീവിതം ലഭിക്കുകയില്ല. ഉള്ളത് സ്നേഹത്തോടെ പങ്കുവെച്ച് ഈ നിമിഷത്തിൽ സന്തോഷമായി ജീവിക്കുക. നാളെയെന്നത് നാളെയല്ലേ...


●

# ഏറ്റവും വലിയവരായ ഏറ്റവും ചെറിയവർ

**ശ്രീ**മത് ഭാഗവതത്തിൽ, കലിയുഗത്തിൽ പണമാണ് എല്ലാത്തിനും അടിസ്ഥാനം എന്നർത്ഥം വരുന്ന വാചകം വായിച്ചതായി ഞാൻ ഓർക്കുന്നു. എന്നാൽ ഈ വാചകത്തിനർത്ഥം എങ്ങിനെയെങ്കിലും പണമുണ്ടാക്കുകയും വളരുകയും എന്നല്ല മറിച്ച് മനുഷ്യൻ എല്ലാ മൂല്യങ്ങളും മറന്ന് പണമുണ്ടാക്കാൻ ശ്രമിക്കരുതെന്നുള്ള ഒരു മുന്നറിയിപ്പാണത്. ധാർമ്മിക മൂല്യങ്ങൾക്ക് വിലയില്ലാത്ത കാലമാകുമെന്നും അതുകൊണ്ട് കൂടുതൽ സൂക്ഷിക്കണമെന്നും അല്ലെങ്കിൽ അപകടം സംഭവിക്കുമെന്നുമാണ്. ഈയിടെ കണ്ട ഒരു പരസ്യം 'ഈ സാരി ഉടുത്താൽ ഏതു പെണ്ണാണ് സുന്ദരിയാവാത്തത്' 'ഈ സാരി വാങ്ങാൻ ഏതു പെണ്ണാണ് മോഹിക്കാത്തത്' എന്ന്. ഇതിൽ ആദ്യത്തെ ഭാഗം നല്ലതുതന്നെ, രണ്ടാമത്തെ ഭാഗം ചൂഷണശ്രമമാണ്. അതായത് സുന്ദരിയാവുകയെന്നത് മോഹമാണ്. ആ മോഹത്തെ ചൂഷണം ചെയ്ത് പണമുണ്ടാക്കുന്ന ഒരു വ്യാപാരതന്ത്രമാണ് രണ്ടാമത്തേത്. അപ്പോൾ ഈ പരസ്യത്തിനർത്ഥം നിങ്ങളെ സുന്ദരിയാക്കുക എന്ന നല്ല ഉദ്ദേശമല്ല പക്ഷെ നിങ്ങളിലെ പണം അവരുടെ കൈയിൽ എത്തിക്കുകയെന്നതാണ്. ഈ രണ്ടാമത്തേതാണ് എല്ലാത്തിനും കാരണം. കല ഒരു അപൂർവ്വ സമ്മാനമാണ്. ഒരു കലാകാരൻ പ്രകൃതിയുടെ അപൂർവ്വ സൃഷ്ടികളിലൊന്നും എല്ലാവർക്കും കലാകാരന്മാരാകാൻ സാധ്യമല്ല പക്ഷെ ആ കല അല്ലെങ്കിൽ സാഹിത്യം അല്ലെങ്കിൽ അപൂർവ്വ കഴിവ് ഏറ്റവും കൂടുതൽ പണമുണ്ടാക്കുവാനുള്ള അപകടകരമായ അത്യാഗ്രഹമാകുമ്പോഴാണ് അത് വലിയ തിന്മയാകുന്നത്. കലാസൃഷ്ടികളിലൂടെ മനുഷ്യന് നന്മകൾ പറഞ്ഞുകൊടുക്കുന്നവർ അതുകൊണ്ടാണ് സ്വന്തം ജീവിതത്തിൽ പലപ്പോഴും തിന്മയുടെ മൂർത്തീഭാവമാകുന്നത്. പണമുണ്ടാക്കുന്നതിനുള്ള ഏറ്റവും പ്രധാനപ്പെട്ട തന്ത്രം destructive innovation (Self interpretation) ആണ്. ഇതാണ് നമ്മൾ എല്ലാ രംഗങ്ങളിലും കാണുന്നത്. ഇതൊരു നശീകരണപ്രവർത്തിയാണ്. ഇത് ചെയ്യുന്നവർ അറിയുന്നില്ല അവർ സ്വന്തം ഉയരം കൂട്ടുമ്പോൾ വളയാനും ഒടിയാനും ഉള്ള സാധ്യത കൂടുതലാണെന്ന്. കലയിലൂടെ പ്രകടിപ്പിക്കുന്ന നന്മ സ്വന്തം ജീവിതത്തിൽ കുറച്ചെങ്കിലും സൂക്ഷിച്ചില്ലെങ്കിൽ ഈ ലോകത്തിന്റെ നാശത്തിന് വേഗത കൂട്ടാൻ അവരും ഒരു കാരണമാകും. ഭാരതത്തിലെ ഏറ്റവും ഉന്നതമായ പുരസ്കാര സമ്മാനിതനായ ഒരു മഹത്‌വ്യക്തി, നമ്മളൊക്കെ മനസ്സുകൊണ്ട് എക്കാലവും ആരാധിക്കുന്ന ഒരാൾ അപകടത്തിൽ പെട്ടു. അദ്ദേഹത്തിന്റെ വാഹനം മറ്റൊരു ഇരുചക്രവാഹനത്തിൽ ഇടിച്ച് യാത്രക്കാരന്റെ ഒരു കാല് മുറിച്ചുമാറ്റേണ്ടിവന്നു. അയാൾ ഇപ്പോൾ കൃത്രിമ കാലുമായാണ് ജീവിക്കുന്നത്. അപകടം ഒരു തെറ്റല്ല അതൊരു അപകടമാണ്. പക്ഷെ അപകടം പറ്റിയ ആളുടെ അപകടം എത്രത്തോളമുണ്ടെന്നും അയാൾ ആസ്പത്രിയിൽ പോണോയെന്നും അപകടത്തിന്റെ ഗുരുതരാവസ്ഥ എത്രത്തോളമുണ്ടെന്നും ഒക്കെ ഒന്ന് അന്വേഷിക്കാനുള്ള ധാർമ്മികത ഇല്ലാത്ത ആൾ എത്ര ഉന്നതനായാലും അദ്ദേഹത്തോട് ദേഷ്യം തോന്നുന്നത് സ്വാഭാവികം. ഞാൻ ആരേയും ആക്ഷേപിക്കാൻ പറയുന്നതല്ല. ഏറ്റവും വലിയവരേക്കാൾ വലിയവർ ഏറ്റവും ചെറിയവരായ നമ്മളൊക്കെയാണെന്ന് ഒന്ന് കൂടി ഉറപ്പിച്ച് പറയാനാണ്. വലിയവരെന്ന് ലോകത്തെ ബോധ്യപ്പെടുത്തുന്ന പലരുടേയും ആന്തരികവലിപ്പം സെപ്റ്റിക് ടാങ്കിനേക്കാൾ മോശമാണ് എന്ന് നമുക്ക് പലപ്പോഴും തോന്നാറുള്ളത് ശരിയാണെന്ന് ഒരിക്കൽ കൂടി ഉറപ്പിക്കാൻ പറയുന്നതാണ്. പക്ഷേ ഭാഗവതത്തിന്റെ ഭാഷയിൽ പറഞ്ഞാൽ കലിയുഗത്തിൽ അങ്ങിനെയാണ്.

●

ഏക തത്ത്വയ്ക്ക്
8ാം പിറന്നാൾ ആശംസകളോടെ...
ഇന്ദുജൻ ഇന്ദീവരം
9567128513



ഏക തത്ത്വയെന്ന കുഞ്ഞോമനയ്ക്കിന്ന്
എട്ടുവയസ്സിലെ കുത്തിയോട്ടം.
മൃദുമന്ദഹാസമായ് വിരിയുന്നോരാശംസ
അണിയുക നമ്മളാം അനുവാചകർ.
'നേരറിഞ്ഞീടുവാൻ വേരറിഞ്ഞീടണം'
എന്ന മഹാസത്യമോതിടുന്ന
'ഏക തത്ത്വ'യെന്ന പൊൻകുരുന്നേ
നിന്റെ ഉത്തമാംഗത്തിന് പൊൻകിരീടം.

# കുട്ടിയാവുക സത്യം പറയുക

എടപ്പാൾ സി. സുബ്രഹ്മണ്യൻ
9446472231

**ജീ**വിതത്തിന്റെ ലക്ഷ്യം ഓരോരുത്തർക്കും ഓരോന്നാകാം. എന്നാൽ ജീവിതത്തിൽ എല്ലാവരും ആഗ്രഹിക്കുന്ന ഒന്നുണ്ട്, ആനന്ദം. ആനന്ദത്തിന്റെ അടിസ്ഥാനം തേടി അലഞ്ഞ അവധൂതന്മാരുടെ ജീവിതം ലോകചരിത്രത്തിനു സ്വന്തം. ചരിത്രത്തിൽ അത് അടയാളപ്പെടുത്തിയിരിക്കുന്നത് സ്വന്തം കുട്ടിക്കാലം തന്നെ. ബാല്യകാലത്തിന്റെ ദുരിതപ്പെരുമഴയിൽ നനഞ്ഞവർക്കുപോലും കുട്ടിത്തത്തിന്റെ ഇളവെയിൽത്തെളിമ ഓർമ്മയിൽ മധുരം പുരട്ടുന്നുണ്ടാവും. കുട്ടിത്തത്തിന്റെ മൂല്യം അതിന്റെ നിഷ്കാപട്യവും നിഷ്കളങ്കതയും തന്നെ.

ഒരു കുഞ്ഞുണ്ണിക്കവിത ഇങ്ങനെ.

*അമ്മിണിക്കുട്ടി*
*ഉണർന്നെഴുന്നേറ്റിരുന്നമ്മയെ*
*കാണാൻ കരഞ്ഞു.*
*ഏട്ടത്തി ഓടി വന്നമ്മു*
*കരയേണ്ടെന്നൊക്കത്തിരുത്തി*
*പ്പറഞ്ഞു*
*അമ്മയല്ലാതെന്നെയാരുമെടുക്കേ*
*ണ്ടെന്നമ്മിണിക്കുട്ടികരഞ്ഞു*
*ഏട്ടനാവാശിക്ക്*
*സമ്മാനമേകുവാൻ*
*ഈർക്കിലിയോങ്ങിയണഞ്ഞു*
*അച്ഛനല്ലാതെന്നെയാരുമടിക്കേണ്ടെ*
*ന്നമ്മിണിക്കുട്ടി കരഞ്ഞു*
*ആ വാശികേട്ടപ്പോളാവീടുമാ*
*നാടുമാകവേ പൊട്ടിച്ചിരിച്ചു.*

ഈ കളങ്കരാഹിത്യത്തിൽ നിന്നാണ് രാജാവ് നഗ്നനാണ് എന്നുവിളിച്ചു പറയാനുള്ള ശക്തി കുട്ടിക്ക് കിട്ടിയത്. വലുതാകുംതോറും ഇത് നഷ്ടമാകുന്നു എന്നാണ് ഇടശ്ശേരിയുടെ കണ്ടെത്തൽ.

*പോയിനാമിത്തിരി വ്യാകരണം*
*വായിലാക്കീട്ടു വരുന്നു മന്ദം*
*നാവിൽ നിന്നപ്പൊഴേ*
*പോയ് മറഞ്ഞു*
*നാനാജഗന്മനോ രമ്യഭാഷ.*

ഈ കുട്ടിത്തത്തിന്റെ യൗവനം തന്നെയല്ലേ നാമേറെ ചർച്ച ചെയ്യുന്ന സത്യം. സത്യത്തിന്റെ മാഹാത്മ്യത്തെക്കുറിച്ച് എത്രയെത്ര കഥകൾ. രാജ്യവും അധികാരവും പണവും ഐശ്വര്യവും ഭാര്യയും കുഞ്ഞും ഓരോന്നായി നഷ്ടമാകുന്ന ഹരിശ്ചന്ദ്രന്റെ കഥ മഹാത്മാഗാന്ധിയുടെ സത്യാന്വേഷണ പരീക്ഷണങ്ങളും സത്യാഗ്രഹവും എല്ലാം ഇതിന്റെ ശക്തി നിരന്തരം ഉദ്ഘോഷണം ചെയ്യുന്നു.

സത്യവഴിയിൽ എന്നെന്നും ഉജ്ജ്വലപ്രഭ ചൊരിയുന്ന സോക്രട്ടീസിനോട് ജഡ്ജിമാർ സത്യത്തെപ്പറ്റി പറയുന്നത് അവസാനിപ്പിച്ചാൽ മാപ്പുനൽകാമെന്നു പറഞ്ഞു. അതിന് അദ്ദേഹം ഇനിയൊരിക്കലും സത്യത്തെക്കുറിച്ച് സംസാരിക്കില്ലെന്ന് കോടതിക്കുമുന്നിൽ വാഗ്ദാനം ചെയ്യണം. സോക്രട്ടീസ് പറഞ്ഞു, സത്യത്തെക്കുറിച്ച് സംസാരിക്കുന്നത് നിർത്തുന്നതിനേക്കാൾ മരണത്തെയാണ് ഞാൻ ഇഷ്ടപ്പെടുന്നത്. ജഡ്ജിമാർ അത്ഭുതപ്പെട്ടു. എന്തിന്? ജീവിതം എത്ര മൂല്യവത്താണ്.

സോക്രട്ടീസ് പറഞ്ഞു. സത്യത്തേക്കാൾ മൂല്യമുള്ളതല്ല, സത്യം പറയാൻ എനിക്ക് കഴിയുന്നില്ലെങ്കിൽ പിന്നെ ജീവിതത്തിന് വിശേഷിച്ച് അർത്ഥമൊന്നുമില്ല. സത്യത്തിന്റെ സന്ദേശവാഹകനാവാനാണ് ഞാൻ ജീവിക്കുന്നത്. ഞാനറിഞ്ഞത് പ്രചരിപ്പിക്കാനുള്ള ഒരു ഉപാധി മാത്രമാണ് എന്റെ ജീവിതം. ഞാനത് ചെയ്യുന്നില്ലെങ്കിൽ ജീവിക്കുന്നതുകൊണ്ട് കാര്യമില്ല. ദയവായി എന്നെ കൊന്നോളൂ. നിങ്ങൾ ആവശ്യപ്പെടുന്നതുപോലെ, സത്യത്തെക്കുറിച്ച് സംസാരിക്കില്ലെന്ന് വാഗ്ദാനം ചെയ്യാൻ കഴിയാത്തതിന് ഒരുകാരണം കൂടിയുണ്ട്. ഞാനത് നിർത്തണമെന്ന് വിചാരിച്ചാലും എനിക്കതിന് കഴിയില്ല. കണ്ടത് എന്താണോ അത് ഞാൻ പറഞ്ഞുകൊണ്ടിരിക്കും. ഞാനതിൽ ജീവിച്ചുകൊണ്ടിരിക്കും. മറിച്ചൊന്ന് എനിക്കാവില്ല. സത്യത്തെ അറിയുകയെന്നാൽ അതായിത്തീരലാണ്. ഇത്ര മഹത്തായ ഈ സത്യം എങ്ങനെയാണ് ഒരാൾ സ്വായത്തമാക്കുക.

ഹൊത്തയ് എന്ന ബുദ്ധസന്യാസിയെക്കുറിച്ച് ഒരു കഥയുണ്ട്. ചിരിക്കുന്ന ബുദ്ധൻ എന്നാണ് അദ്ദേഹം അറിയപ്പെടുന്നത്. കാരണം ബോധോദയമുണ്ടായ നിമിഷം മുതൽ അദ്ദേഹം ചിരിക്കാനാരംഭിച്ചു. ആളുകൾ ചോദിച്ചു, "എന്തിനാണ് നിങ്ങൾ ചിരിക്കുന്നത് ?" "കാരണം, ഞാൻ ബോധോദയം നേടി ചിരിക്കുന്നു." അദ്ദേഹം മറുപടി പറഞ്ഞു. എന്നാൽ ബോധോദയവും ചിരിയും തമ്മിൽ എന്തെങ്കിലും ബന്ധമുള്ളതായി ഞങ്ങൾ കാണുന്നില്ല. ആളുകൾ ചോദിച്ചു, "ചിരിക്കാനുള്ള കാരണമെന്താണ്?" ഹൊത്തെയ് പറഞ്ഞു, "ഞാൻ ചിരിക്കുന്നതിന് കാരണം നേരത്തെ തന്നെ എന്നിൽ ഉണ്ടായിരുന്ന എന്തിനേയോ ആയിരുന്നു ഞാൻ തിരഞ്ഞുകൊണ്ടിരുന്നത് എന്നതിനാലാണ്."

സത്യത്തിന്റെ കാര്യത്തിൽ ഇത് സത്യമാണ്. സത്യം നമ്മുടെ ഓരോരുത്തരുടേയും ഉള്ളിലുണ്ട്. അതാണ് നിഷ്കളങ്കമായ കുട്ടിത്തം. മനസ്സിലെ ജന്മനായുള്ള നന്മയാണത്. അതിനെ സ്വർണ്ണ

പ്പാത്രം കൊണ്ട് മൂടിവെക്കാതിരുന്നാൽ മാത്രം മതി.

നമ്മൾ കഥയിൽ വായിക്കുന്ന, സിനിമയിൽ കാണുന്ന ഒരു രംഗമുണ്ട്. അത്യന്തം ദുഷ്ടനായ ഒരു കഥാപാത്രം എഴുന്നേൽക്കാൻ പോലും പ്രായമാകാത്ത, ഒരു കുഞ്ഞിനെ കൊല്ലാൻ വരുന്നു. ഉറയിൽ നിന്ന് കത്തിയെടുത്ത്, കുഞ്ഞിന്റെ കഴുത്തിൽ കുത്താനോങ്ങുന്ന ദുഷ്ടകഥാപാത്രത്തിന്റെ മുഖത്ത് നോക്കി കുഞ്ഞ് ഹൃദ്യമായി, മധുരമായി ചിരിക്കുന്നു. ദുഷ്ടകഥാപാത്രത്തിന്റെ കൈ വിറയ്ക്കുന്നു. പിന്നീട് നിശ്ചലമാകുന്നു, മനസ്സലിയുന്നു, കൈപിൻവലിക്കുന്നു. കുഞ്ഞിനെ കൊല്ലാതെ ദുഷ്ടകഥാപാത്രം പിൻവാങ്ങുന്നു. ഇത് കഥയിലും സിനിമയിലും മാത്രമല്ല, നന്മയുടെ ഒരു കണികയെങ്കിലും മനസ്സിൽ ബാക്കിയുള്ള നമ്മുടെ ഓരോരുത്തരുടെ ജീവിതത്തിലും അനുഭവവേദ്യമാണ്. ഓരോ മനുഷ്യന്റേയും ജീവരക്ഷയ്ക്കുപോലും അയാൾ പഠിച്ച കളരിയേക്കാൾ കരാട്ടയേക്കാൾ ഉപകരിക്കുന്നത് അയാളുടെ നിഷ്കളങ്കതയാകും എന്ന് ചിന്തിച്ചുകൊണ്ട് ഈ ദിവസം ആരംഭിക്കാം. ●


നിങ്ങളുടെ പുസ്തകങ്ങൾ

**ഏറ്റവും കുറഞ്ഞ ചിലവിൽ**

**ഉന്നത നിലവാരത്തിൽ പ്രസിദ്ധീകരിക്കുവാൻ**

**ഏക തത്ത്വ പബ്ലിക്കേഷൻ**
പാലക്കാട് -1

മൊബൈൽ : 9446443321, 9387118131

**തവണകളായും പണമടയ്ക്കാം.**


# മതത്തെ മറയാക്കി പട്ടിണിയും ദുരിതവുമുണ്ടാക്കുന്നത് അവരാണ്.


**ഇന്ദു മാരാത്ത്**
**9947678213**


മതങ്ങൾക്കപ്പുറം മനസ്സുകൾ ഉള്ളത് കാണാൻ ശ്രമിക്കാത്ത ലോകത്താണ് നാമൊക്കെ. 'ലോകാ സമസ്താ സുഖിനോ ഭവന്തു - എന്നു നാം ചൊല്ലുന്നത് എത്രമാത്രം ആത്മാർത്ഥമെന്ന് വിലയിരുത്തണം. തത്വങ്ങളും ആദർശങ്ങളും വിശ്വാസങ്ങളും നൻമയുടേയും ധർമ്മത്തിന്റേയും യുക്തിയില്ലാതെ വാക്കിൽ മാത്രമാക്കി പ്രവർത്തികളിൽ തിന്മ ദ്രോഹങ്ങൾ ചെയ്യുന്ന മനഃസ്സാക്ഷിയില്ലാത്തവർ ഏതു മതമായിട്ടും എന്തുഗുണം - ദേശീയത ഏതു നേരവും പറഞ്ഞ് ജനതയെ ചൂഷണം ചെയ്യുകയാണ് വാസ്തവത്തിൽ രാഷ്ട്രീയ പാർട്ടികളും ഭരണക്കാരും. രാജ്യത്തെ വിഭജിപ്പിച്ചു പോയവർക്ക് മുന്നിൽ നാം ഇന്നും പരിഹാസ്യരല്ലേ ? ന്യായനീതികൾ ഘോരഘോരം പ്രസംഗിക്കുമ്പോഴും സാഹോദര്യവും മനുഷ്യത്വവും ഇവർക്ക് മാതൃകയാക്കാനാവുന്നുണ്ടോ... മത കോലാഹലങ്ങളാൽ രാജ്യത്തെ ജനതയുടെ ദാരിദ്ര്യ-ദുരിതങ്ങൾ കൂടുകയല്ലാതെ മറ്റെന്ത് പുരോഗതിയുണ്ടായി ? ഒറ്റക്കെട്ടായി നിന്നാൽ ലോകം തന്നെ വരുതിയിലാക്കാൻ തക്ക പ്രഗത്ഭ രാഷ്ട്രമാണ് ഭാരതം ഇന്നും എന്നാൽ ഇവിടെ നില നിൽക്കുന്നത് പരസ്പര സ്നേഹ കൂട്ടുകെട്ടിന്റെ ചങ്ങലകളെ മുറിക്കുന്ന രാഷ്ട്രീയ ഇത്തിക്കണ്ണികളാണ്. മതത്തിന്റെ പേരും പറഞ്ഞ് വിശ്വാസങ്ങളെ മുതലെടുത്ത് ജനങ്ങളെ അടിപ്പിക്കുന്ന പാർട്ടികളേയും ഭരണകർത്താക്കളേയും ഒന്നടങ്കം ബഹിഷ്ക്കരിക്കാനുള്ള ചങ്കൂറ്റം രാജ്യത്തുള്ളവർ കൈകൊള്ളുകയാണ് ഇവിടം ശുദ്ധീകരിക്കാൻ ആദ്യം വേണ്ടത്. മുമ്പത്തെ രാജഭരണത്തിൽ ഉണ്ടോ ഇത്രമാത്രം അഴിമതിയും പ്രയാസങ്ങളും ? മതത്തിന്റെ പേരിലെ ഗോഷ്ഠികളും മതഭക്തിയുടേയും ദൈവങ്ങളുടേയും പേരിലുള്ള അബദ്ധ-അന്ധവിശ്വാസ പൊള്ളത്തരങ്ങളും എന്ന് മാറ്റിവെക്കപ്പെടുന്നോ അന്നേ ഇന്ത്യ എന്ന രാജ്യത്ത് അഭിവൃദ്ധി ഉണ്ടാവൂ. ഹിന്ദുസ്ഥാനും പാക്കിസ്ഥാനുമല്ലാതെ പാക്കിന്ത്യ എന്ന യാഥാർത്ഥ്യം സംഭവിച്ചാൽ ലോക ജയശക്തികൾ വേറാരാണ്. ഒരിക്കലും നടപ്പിലാവാത്തതെന്നാവും ചിന്ത. അതുതന്നെയല്ലേ നമ്മുടെ സങ്കുചിതത്വം ? മതത്തിന്റെ മതിലുകൾ പൊളിച്ച് മനസ്സുകളുടെ ഐക്യത്തിന് ഇനിയെങ്കിലുമുള്ള തലമുറകൾക്ക് ബുദ്ധി തോന്നാൻ നാം തന്നെ മുൻകൈയ്യെടുത്ത് പ്രവർത്തിക്കേണ്ടേ... ഭാവിതലമുറക്ക് സാഹോദര്യവും മനുഷ്യത്വവും പകരാൻ സമൂഹവും വിദ്യാഭ്യാസവും പ്രയോജകരാവട്ടേ... ദയവായി ഭരണകർത്താക്കളെ ഇടപെടാതിരിക്കൂ. രാഷ്ട്ര ജനതയെ മത പ്രേതങ്ങൾ കാട്ടി ഭയപ്പെടുത്തി പിരിപ്പിക്കാതിരിക്കൂ... ഇവിടെ മാനവികത പുലരട്ടെ...

ഈ അവഗണനകളും മറ്റും മതങ്ങളല്ല രാഷ്ട്രീയ പാർട്ടികൾ ഉണ്ടാക്കിയതാണ്. ഇല്ലാത്തവരെ ഉള്ളവർ മനസ്സോടെ സഹായിച്ച കാലമുണ്ടായിരുന്നു. ഇവിടെ ചവറുപോലെ കുറേ അനാവശ്യ നിയമങ്ങൾ കൊണ്ടുവന്ന് നിസ്സാര പ്രശ്നങ്ങളെ സങ്കീർണ്ണമാക്കുന്നത് ആരാണ് ? പ്രതികരിക്കണം സ്വാർത്ഥതയില്ലാതെ എല്ലാരുടേയും സദ്ഫലത്തിനായി ജാതി മത സംവരണം പാടില്ലെന്ന് തന്നെയാണ് സ

ത്യത്തിൽ ഭൂരിപക്ഷത്തിനും, സാമ്പത്തിക സംവരണമാണ് നിയമമാക്കേണ്ടത്. എന്നാൽ അതിനൊക്കെയുള്ള സമരങ്ങളെ വിദഗ്ദ്ധമായി വഴി തിരിച്ച് സ്പർദ്ധയുണ്ടാക്കി മുതലെടുക്കാൻ ശ്രമിക്കുന്ന കള്ള രാഷ്ട്രീയക്കളികളെ കണ്ടില്ലെന്ന് നടിക്കാമോ. അവരുടെ മതം ആയുധമാക്കിയുള്ള സൂത്ര നിലനിൽപ്പനെ തിരിച്ചറിഞ്ഞ് അവിടെ നാം കൃത്യമായി പ്രതികരിക്കുകയാണ് വേണ്ടത്. ഈ മത വിഷ കുത്തിവെപ്പ് നടത്തി അസുഖം സൃഷ്ടിക്കുകയാണ് രാഷ്ട്രീയ വർഗ്ഗം. ഒന്നാലോചിക്കൂ ദയവായി. നമുക്ക് നന്മ എന്ന ഒറ്റ മതം പ്രചരിപ്പിക്കാം. പുതിയ വെളിച്ചത്തിന്റെ ദീപശിഖ രാജ്യത്ത് തെളിയിച്ചുയർത്താം സാധിക്കില്ലേ...

മതത്തിന്റെ പേരിൽ സംവരണം എന്ന ലേബലിൽ അവസരങ്ങൾ ഇല്ലാതാക്കുന്നത് മാറി വരുന്ന രാഷ്ട്രീയ പാർട്ടികളും ഭരണകർത്താക്കളുമാണ്. ജനത്തെ മത ലഹരിക്ക് അടിമപ്പെടുത്തുകയാണവർ. അതിനെതിരെയാവണം സമൂഹത്തിന്റെ പ്രതിഷേധം. മതത്തെ മറയാക്കി പട്ടിണിയും ദുരിതവുമുണ്ടാക്കുന്നത് അവരാണ്. ഇസ്ലാമിന്റെ വീട്ടിൽ ഹിന്ദു പോയാലും തിരിച്ചായാലും ആ സൗഹൃദത്തെ ദേശീയതാവാദമുയർത്തി അന്യോന്യം തല്ലിക്കൊല്ലിക്കാൻ നോക്കി രസിച്ച് സ്ഥാനമാനങ്ങൾ നഷ്ടപ്പെടാതെ നോക്കാൻ ശ്രമിക്കുന്നവർ രാഷ്ട്രീയമെന്ന വർഗ്ഗമല്ലാതെ മറ്റാരാണ് ?

കോടിക്കണക്കിന് ആസ്തിയുള്ളവരല്ലേ രാഷ്ട്രീയ ഭരണകർത്താക്കളെല്ലാം. അതുതന്നെ മതി ഇവിടത്തെ ദാരിദ്ര്യം മാറാൻ. സമൂഹം പാർട്ടികൾക്കെതിരെ പ്രതിഷേധിച്ചാൽ അവിടേയും ജാതി മതം പറഞ്ഞോണ്ടുവരും അല്ലെങ്കിൽ ഗുണ്ടകളെ വിട്ട് ആക്രമിക്കും. എന്നിട്ട് എതിർ പാർട്ടിക്കാരേ ആക്ഷേപിച്ച് തങ്ങൾ പ്രതിഷേധിച്ചവർക്കൊപ്പമെന്ന് നടിച്ച് വിശ്വസിപ്പിച്ച് ആ പാർട്ടിയുടെ ആനുഭാവികളാക്കും. കേരളത്തിൽ മാത്രമല്ല ഇന്ത്യ മുഴുവൻ ഇതുതന്നേ സ്ഥിതി. നക്കാപ്പിച്ച കിട്ടാൻ പോലീസും, പാവപ്പെട്ട കൂലിക്കാരുടെ യൂണിയൻ നേതാക്കളെന്ന് ചമയുന്നവരും, ഒക്കെ പാർട്ടികൾക്ക് പിന്നാലേ മാറി മാറി നടക്കും. അരങ്ങത്ത് പ്രഖ്യാപനങ്ങളും സാത്വികഭാവ വാചകമടികളും കൊണ്ട് ജനത്തെ എങ്ങനെ പ്രതികരിക്കും എന്ന ആശയക്കുഴപ്പത്തിലാക്കി അവർ വിലസും. ദൈവഭക്തി പോലെ തന്നെ പാർട്ടിയിൽ ഓരോരുത്തരുടെ വിശ്വാസവും. കോൺഗ്രസ് നന്നെന്നുള്ളവർക്ക് ബാക്കിയാകെ മഹാമോശങ്ങൾ. കമ്മ്യൂണിസ്റ്റിലും ബി. ജെ. പി. യിലും ഒക്കെ അങ്ങനെ തന്നെയല്ലേ. അപ്പോൾ പ്രതിഷേധത്തിന് പ്രസക്തിയെന്ത് ? പ്രതിവിധി അറിയാഞ്ഞിട്ടല്ല എന്നാലും പലപ്പോഴും പൊതുജനം കഴുതകളായിപ്പോകുന്നു.

എന്താണിവിടെ സിസ്റ്റം എന്നതിനാൽ ഉദ്ദേശിക്കുന്നത്. മനുഷ്യത്വം പറഞ്ഞാലും ഫാസിസമാണോ. ദരിദ്ര-അഴിമതി-ആക്രമ നിർമാർജ്ജനം പറഞ്ഞ് സ്വാതന്ത്ര്യ ശേഷം 70വർഷമായിട്ടും ജനപ്പെരുപ്പമല്ലാതെ വേറെന്താ ഇവിടുണ്ടായത്. അടിസ്ഥാനം വോട്ട് ബാങ്കുകളുണ്ടാവണമെന്നത് തന്നെ അല്ലാതെന്താ. പരിഹാരമുള്ള കാര്യങ്ങളേയും പ്രശ്നങ്ങളാക്കുന്ന രാഷ്ട്രീയത്തെ നിരോധിക്കണമെന്ന് പറയുന്നതാണ് ഫാസിസവും ഫണ്ടമെന്റലിസവുമെങ്കിൽ എന്തു പറയാൻ... Even in that population growth there is an agenda... തീർച്ചയായും. എന്താ സംശയം ? അജൻഡ തന്നെ. നൂറായിരം ആരോഗ്യ പദ്ധതികളും ആശുപത്രികളുമുണ്ടാക്കുന്നുണ്ട്. എന്തിന് മതത്തെ വലുതാക്കാനെന്ന് പുറമെ പറഞ്ഞ് സ്പർദ്ധയാക്കി വോട്ടുബാങ്കിനും പാർട്ടിക്ക് ആളെ കൂട്ടാനും ഗുണ്ടകൾക്കും വേണ്ടിതന്നെ. Woman's code നിയമമാക്കാത്തത് മതത്തെ ബഹുമാനിക്കാനോ ? കഷ്ടം. കുറേപേരെ ദരിദ്രരാക്കി നിർത്തിയാലേ ഭരണപേരിൽ കൂടുതൽ അഴിമതി സാധ്യമാവൂ. ജനോപകാര നിയമങ്ങളെ പാർട്ടികൾ തന്നെ ദുരുപയോഗം ചെയ്യുന്നതിന്റെ പ്രത്യക്ഷോദാഹരണങ്ങളാണിവ.

മതത്തെ ചൊല്ലിയുള്ള പഠനവും സദാചാരങ്ങളും നിലവിൽ വെച്ച് ഇതൊരു മതേതര രാജ്യമെന്നും പറയുന്നതെന്തിന്. അതെ, സെക്കുലറിസം അതിന്റെ എല്ലാ അർത്ഥതലങ്ങളിലും ഉണ്ടായാൽ ഉറപ്പല്ലേ ഇവിടം secured ആവും. എന്നാലൊരിക്കലും, അങ്ങനെ ജനത്തെ ഒന്നിപ്പിക്കാൻ ഇവിടത്തെ രാഷ്ട്രീയം അനുവദിക്കില്ല. Thats all...

ഇത് മതേതര രാജ്യമായിരുന്ന കാലമുണ്ടായിരുന്നു. മേൽ പറഞ്ഞ പോലെ രാഷ്ട്രീക്കാർ തന്നെ അതില്ലാതാക്കിയത്. നോക്കൂ, ഇവിടെ സമാധാനത്തോടെ ജീവിക്കാനുള്ള അവകാശമാണ് ആദ്യം വേണ്ടത്, വോട്ടവകാശമല്ല. ആരാണ് അതിനെ ഇത്ര പ്രാധാന്യപൂർവ്വം അവകാശമാക്കി വിശ്വസിപ്പിച്ച് കോപ്പിനായി വെച്ചിരിക്കുന്നത് ? വേണം, അഭിവൃദ്ധിക്കുള്ള വിശ്വാസങ്ങളും ലക്ഷ്യങ്ങളും അവക്കു വേണ്ട പ്രവർത്തന പശ്ചാത്തലങ്ങളും... സ്വസ്ഥമായി എല്ലാർക്കും ജീവിക്കാൻ സാഹചര്യങ്ങൾ സമൂഹത്തിൽ വേണമെങ്കിൽ അതിന് പരോക്ഷമായി തടസ പാരകൾ പണിയുന്ന രാഷ്ട്രീയ കൈയ്യാളരെ നിർമ്മാർജ്ജനം ചെയ്തേ മതിയാവൂ... വ്യക്തമായ രാഷ്ട്രീയമെന്നത് അധികാരത്തിലിരിപ്പല്ല ആദരവോടെ രാഷ്ട്രത്തെ അറിഞ്ഞ് പരിപാലിക്കുക എന്നതിലാണ്. ഈ അടിസ്ഥാനത്തിൽ മുൻ രാജഭരണങ്ങളാൽ പുരോഗമിച്ച നാട് ഇപ്പോൾ ഈ അധഃപതനാവസ്ഥയിൽ ആയതിന്റെ കാരണങ്ങൾ ദയവായി മതങ്ങളുടെ തലയിൽ കെട്ടിവെക്കാതിരിക്കുക. ആദിവാസികളും ദളിതരും ഇത്രയും ഗതിയില്ലാത്തവരും ദരിദ്രരും കൊല്ലപ്പെടുന്നവരുമായി മാറിയത് എത്രയോ വർദ്ധിച്ചത് ശ്രദ്ധയിൽ പെടുന്നില്ലെന്നാണോ ? ●

# മനസ്സ്
# എവിടെയാണ് മനസ്സ് ?

**ലക്ഷ്മിക്കുട്ടി ചെറായ**
**8547147737**

**ശാ**സ്ത്രം ഇത്രയധികം പുരോഗമിച്ചിട്ടില്ലാത്ത കാലത്ത് ഹൃദയത്തിലാണ് മനസ്സ് എന്ന് കരുതപ്പെട്ടിരുന്നു. എന്നാൽ ആധുനിക ശാസ്ത്രത്തിന്റെ കണ്ടുപിടുത്തത്തിൽ മസ്തിഷ്കത്തിന്റെ ഘടനയിലേക്കും അതിന്റെ നിഗൂഢതയിലേക്കും വെളിച്ചം വീശാൻ കഴിഞ്ഞതോടെ തലച്ചോറിലാണ് എന്ന നിഗമനത്തിലെത്തിച്ചേർന്നു.

ശാസ്ത്രം അവിടേയും ഒതുങ്ങിനിന്നില്ല. തലച്ചോറിൽ പോലും ഒതുങ്ങിനില്ക്കാൻ പറ്റാത്ത വിധത്തിലുള്ള വൈദ്യുതി പോലെ അനന്തമായ ഒരു ഊർജ്ജശക്തിയാണ് മനസ്സ്. അത് ശരീരവുമായി ചേർന്ന് നിന്നുകൊണ്ട് ശരീരത്തിലെ എത്രയോ കോടികോശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഊർജ്ജത്തിന്റെ പ്രത്യേകമായ മൂശയിലാണ് മനസ്സ് കുടികൊള്ളുന്നത് എന്ന് ശാസ്ത്രലോകം കണ്ടെത്തിയിരിക്കുന്നു. ഒരിക്കൽ ഈ കണ്ടുപിടുത്തത്തെ പോലും മറികടന്ന് ശാസ്ത്രം അതിന്റെ പാരമത്യയിൽ എത്തി എന്നുവരാം.

മനുഷ്യമനസ്സിന്റെ ചിന്തകളിലൂടെയാണ് ഈ ലോകം തന്നെ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. മനസ്സ ചിന്തകളുടെ കൂമ്പാരമാണ്. ഇതിൽ നല്ലതും ചീത്തയുമായ ചിന്തകളുണ്ട്. മനസ്സിൽ ഉണ്ടാകുന്ന ഒരു ഊർജ്ജമാണ് ചിന്ത. ഈ ലോകത്തിൽ കാണുന്നതെല്ലാം ആരുടെയൊക്കെയോ ചിന്തകളുടെ ഫലമായി ഉണ്ടായിട്ടുള്ളതാണ്.

ഒരു വ്യക്തി ഇപ്പോൾ എന്താണോ അതെല്ലാം ആ വ്യക്തിയുടെ കഴിഞ്ഞ കാലചിന്തകളുടെ ഫലപ്രാപ്തിയിൽ നിന്നും ഉണ്ടായിട്ടുള്ളതാണ്. ഇതിൽ നിന്നും മനസ്സിലാക്കേണ്ടത് നല്ല ചിന്തകളിലേക്ക് മനസ്സിനെ കൊണ്ടുപോയാൽ ജീവിതം തന്നെ മാറ്റിമറിക്കാവുന്നതാണ്. നല്ല ചിന്തകളിലൂടെ സന്തുഷ്ടവും സമ്പദ്സമൃദ്ധവുമായ ജീവിതവും, തെറ്റായ ചിന്തകളിലൂടെ ദുർഗ്ഗതി ഉള്ള ജീവിതവും നമ്മൾ തന്നെ ഉണ്ടാക്കിവെയ്ക്കുന്നു.

കഴിഞ്ഞകാല ദുഃഖചിന്തകളിലേക്ക് മനസ്സിനെ വിടാൻ ഒരിക്കലും സമ്മതിക്കാതെ നല്ല ചിന്തകൾ മാത്രം ഉറവിടട്ടെ ! ഇന്ന് ലോകത്തിൽ കണ്ടുപിടിക്കപ്പെട്ടിട്ടുള്ള എല്ലാ നേട്ടങ്ങളും ധിഷണാശാലികളുടെ ചിന്തകളുടെ ഫലമായി ഉണ്ടായിട്ടുള്ളതാണ്. മനസ്സിനെ കൊണ്ട് നല്ല ചിന്തകളെ സൃഷ്ടിക്കുകയും അത് യാഥാർത്ഥ്യമാകുമെന്ന് ദൃഢമായി വിശ്വസിക്കുകയും ചെയ്താൽ അത് തീർച്ചയായും നടന്നിരിക്കും. ഇതിനെ നമ്മൾ ഭാഗ്യം എന്ന് പറയുന്നു.

ഉദാഹരണമായി വിമാനം കണ്ടുപിടിച്ചതുതന്നെ ഓർവെൽ റൈറ്റ്, വിൽബർ റൈറ്റ് എന്നീ രണ്ടുസഹോദരന്മാരുടെ മനസ്സിൽ രൂപം കൊണ്ട ആകാശസഞ്ചാരമെന്ന സങ്കല്പമാണ്. ഇന്ന് എത്രയോ ആളുകളെ കയറ്റിക്കൊണ്ടുപോകുന്നു വിമാനങ്ങൾ. ഇങ്ങനെ എത്രയെത്രയോ നേട്ടങ്ങളാണ് ചിന്തകളിൽ നിന്നും ഉരുത്തിരിഞ്ഞിട്ടുള്ളത്.

നമ്മൾ ഒരു കാര്യം ആലോചിക്കുമ്പോൾ തന്നെ അതെങ്ങനെ നടക്കും. അതിനിപ്പോൾ സാധ്യതകൾ ഇല്ലല്ലോ എന്ന് വിചാരിക്കുന്ന വില്ലനായ മനസ്സാണ് നമുക്കുള്ളതെങ്കിൽ ആ കാര്യം നടക്കാൻ വളരെ ബുദ്ധിമുട്ടാണ്.

മനസ്സിലെ അമിതമായ ആഗ്രഹം നമ്മുടെ ഉപബോധമനസ്സ് കൈക്കൊണ്ട് ആ ആഗ്രഹം യാഥാർത്ഥ്യമായിത്തന്നെ തീരുകയാണ്. ഇത് സാധിക്കണമെങ്കിൽ അതിന് നിരന്തരവും, ആസൂത്രിതവും ദൃഢവുമായ ആഗ്രഹം തന്നെ വേണം. ആത്മവിശ്വാസമില്ലായ്മയും, ഉത്കണ്ഠയും മനസ്സിനെ ഉയർത്തുന്നതിനുപകരം തളർത്തുകയേ ഉള്ളൂ.

മനുഷ്യന്റെ ഉപബോധമനസ്സിനെ ഉണർത്തുന്നതുവഴി ജീവിതവിജയത്തിലേക്ക് കുതിക്കുവാനുള്ള ഒരു ഊർജ്ജ ഉറവിടം തന്നെയാണ് മനസ്സ്. അതിന് നമ്മെ എവിടേയും കൊണ്ടെത്തിക്കുവാനുള്ള അനന്തമായ ശക്തി ഉണ്ട്. ആ ശക്തി നമ്മൾ മനസ്സിലാക്കുമ്പോൾ ജീവിതത്തിൽ കൂടുതൽ ആരോഗ്യവും, സമ്പത്തും, സന്തോഷവും, സംതൃപ്തിയും കൈവന്നിരിക്കും.

അങ്ങനെ ഉള്ളവർ ജനനം മുതൽ മരണം വരെ പഠിക്കുകയും പഠനത്തിനായി ജീവിക്കുകയും ചെയ്യുന്നവർക്ക് ഒരിക്കലും മരണമില്ല.

ബോധമനസ്സ് അല്പശക്തിയും ഉപബോധമനസ്സ് അനന്തശക്തിയുമാണ്. മനുഷ്യന്റെ മാനസികശേഷിയുടെ വെറും പത്ത് ശതമാനം മാത്രമേ ബോധമനസ്സിനുള്ളൂ. ബാക്കി തൊണ്ണൂറു ശതമാനവും ഉപബോധമനസ്സിന്റെതാണ്. ഇത് പൂർണ്ണമായും പ്രയോജനപ്പെടുത്താൻ സാധിച്ചാൽ നമുക്കെല്ലാവർക്കും ഉയരങ്ങളിലെത്താം. ●

**ഏക തത്ത്വായിലേയ്ക്ക് മികവുറ്റ സൃഷ്ടികൾ അയച്ചുതരിക.**

**വരിസംഖ്യ എടുത്തും വരിസംഖ്യ യഥാസമയം പുതുക്കിയും സഹകരിക്കുക**

**പരസ്യങ്ങളും നല്കാം!**

■ലേഖനം

# ഗൗരി ലങ്കേഷ് പോരാട്ടത്തിന്റെ രക്തസാക്ഷി

എം. ജോൺസൺ റോച്ച്
9495520611

**മാ**ധ്യമപ്രവർത്തകയും എഴുത്തുകാരിയും സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ പ്രവർത്തകയുമായ ഗൗരി ലങ്കേഷ് കൊല ചെയ്യപ്പെട്ടിരിക്കുന്നു. അവർ എപ്പോഴും ദളിത് - മർദ്ദിത ജനങ്ങൾക്കൊപ്പവും പുരോഗമന വിദ്യാർത്ഥി യുവജന സംഘടനകൾക്കൊപ്പവും നിലയുറപ്പിച്ചിരുന്നു. ജെ. എൻ. യുവിലെ വിദ്യാർത്ഥി പ്രക്ഷോഭത്തിൽ അവർ മുൻനിരയിലായിരുന്നു. വർഗ്ഗീയതയ്ക്കും അഴിമതിക്കുമെതിരെ ശക്തമായി നിലകൊണ്ടിരുന്ന മാധ്യമപ്രവർത്തകയായിരുന്നു അവർ. മതേതരത്വത്തിന്റെയും യുക്തിചിന്തയുടേയും പക്ഷത്തുനിന്ന് പൊരുതിയാണ് ഗൗരി ലങ്കേഷ് രക്തസാക്ഷിത്വം വഹിച്ചത്. തനിക്ക് തോന്നിയതിനെ ആശയങ്ങൾ കൊണ്ട് പൊരുതി മുന്നേറി കൊണ്ടിരുന്നവളാണ് ഗൗരി ലങ്കേഷ്. അവരുടെ ആ മുന്നേറ്റത്തിൽ പുരോഗമനാശയങ്ങളും സാമൂഹികബോധവും രാഷ്ട്രീയ വിവേകവും മാനവികതയും ഉണ്ടായിരുന്നു. ഭരണകൂട സംവിധാനങ്ങൾക്കോ അധികാരത്തിനു മുന്നിലോ തലകുനിക്കാൻ തയ്യാറാകാത്ത ചങ്കൂറ്റമുള്ള എഴുത്തുകാരിയായിരുന്നു ഗൗരി. പരസ്യം സ്വീകരിക്കാതെ പത്രം നടത്തിപ്പോകാമെന്ന് തെളിയിച്ചവൾ ! നിർഭയമായ സ്വാതന്ത്ര്യാഭിപ്രായപ്രതീകമായിട്ടാണ് ഗൗരിലങ്കേഷ് അറിയപ്പെട്ടത്.

ഇക്കഴിഞ്ഞ സെപ്റ്റംബർ 5ാം തീയതി ചൊവ്വാഴ്ച രാത്രി ഏഴരയോടെ ചാനൽ ചർച്ച കഴിഞ്ഞ് കാറിൽ ബാംഗ്ലൂരിലെ രാജരാജേശ്വരി നഗറിലെ വീട്ടിനു മുമ്പിൽ തിരിച്ചെത്തി, ഗേറ്റ് തുറന്നപ്പോഴാണ് അവരെ ബൈക്കിൽ പിന്തുടരുകയായിരുന്ന ആക്രമികൾ ഏഴുപ്രാവശ്യം അവർക്ക് നേരേ നിറയൊഴിച്ചത്. ആ ശരീരത്തിൽ തറച്ച മൂന്നു വെടിയുണ്ടകൾ ആ പോരാളിയുടെ ജീവൻ സംഭവസ്ഥലത്ത് വച്ചു തന്നെ ഇല്ലാതാക്കി. അങ്ങനെ തനിക്ക് പറയാനുള്ളത് ധീരതയോടെ എഴുതിയ പത്രപ്രവർത്തകയുടെ ജീവൻ അസ്തമിച്ചു.

പാവപ്പെട്ടവരുടേയും ദളിതരുടേയും ന്യൂനപക്ഷങ്ങളുടേയും സ്ത്രീകളുടേയും പ്രശ്നങ്ങളെക്കുറിച്ച് നിരന്തരം എഴുതിയതിനാണ് അവർ കൊല്ലപ്പെട്ടത്. അവരെ കൊല്ലാൻ നിയോഗിച്ചവർ, ഗൗരിയുടെ ആദർശപ്രമാണവും കാഴ്ചപ്പാടും കണ്ട് അസഹിഷ്ണുതരായവർ എന്നതിന് തർക്കമില്ല. വെടിവച്ചു കൊന്നവർ തിരശീലയ്ക്കുള്ളിലാണെങ്കിലും ഹിന്ദുവർഗ്ഗീയ ഭീകരതയെ വിമർശിച്ചു എഴുതുന്നവർക്കാണ് ജീവഹാനി സംഭവിച്ചുകൊണ്ടിരിക്കുന്നുവെന്നതും ഒരു വസ്തുതയാണ്. തെളിവുകളൊന്നും അവശേഷിപ്പിക്കാതെ വളരെ കണക്കുകൂട്ടി ആസൂത്രണം ചെയ്യുന്ന കൊലപാതകങ്ങളാണ് ഹിന്ദുഫാസിസത്തിനെതിരെ വിട്ടുവീഴ്ചയില്ലാതെ നിലകൊള്ളുന്ന ബുദ്ധിജീവികൾക്കും എഴുത്തുകാർക്കുമെതിരെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. കൽബുർഗിയെ വധിക്കാൻ ഉപയോഗിച്ച അതേ അളവും ശേഷിയുമുള്ള വെടിയുണ്ടയാണ് ഗൗരി ലങ്കേഷിന്റെ ശരീരത്തിലും തളച്ചുകയറിയത്. പുരോഗമനവാദിയായ എം. എം. കൽബുർഗി വെടിയേറ്റുവീണ കർണാടകത്തിലാണ് പുരോഗമനചിന്തകയായ ഗൗരി ലങ്കേഷും വെടിയേറ്റുവീണത്.

ധബോൽക്കറെയും ഗോവിന്ദപൻസാരെയും കൽബുർഗിയെയും കൊലപ്പെടുത്താനുപയോഗിച്ച അതേരീതി തന്നെയാണ് ഗൗരി ലങ്കേഷിന്റെ ജീവനെടുക്കാനും സ്വീകരിച്ചിരിക്കുന്നത്. ഇവരെല്ലാം ഹിന്ദുത്വ ഫാസിസത്തിനെതിരെ വിട്ടുവീഴ്ചയില്ലാതെ എഴുതുകയും ചിന്തിക്കുകയും ചെയ്തിരുന്നവരാണ്. ആശയങ്ങളെ ആശയങ്ങൾകൊണ്ട് നേരിടാനായില്ലെങ്കിൽ അവരെ കൊല്ലുക എന്ന രീതിയാണ് മതതീവ്രവാദികൾ തിരഞ്ഞെടുത്തിരിക്കുന്നത്. ആശയങ്ങളെ തോക്കുകൊണ്ട് ഇല്ലാതാക്കുന്നത് ഹീനകൃത്യമാണ്. ഈ മൂന്ന് വൃദ്ധരുടെ കൊലപാതകികളെ പിടിക്കാതിരിക്കുന്നത് കൊലപാതകികൾക്ക് കൊല ചെയ്യാൻ ഉത്തേജനം നൽകിക്കൊണ്ടിരിക്കുകയാണ്. ഗൗരി ലങ്കേഷിന്റെ കൊലപാതകത്തിലെങ്കിലും അന്വേഷണം വിജയകരമായി പൂർത്തീകരിക്കുകയും കൊലപാതകികളെ മാത്രമല്ല, ഈ കൊടും കൊലപാതകത്തിന് പിന്നാലെ ഗൂഢാലോചനക്കാരേയും പുറത്തുകൊണ്ടുവരികയും ഇവരെ മുഴുവൻ നിയമത്തിനുമുന്നിൽ നിറുത്തുകയും വേണം. അതിലൂടെ സത്യത്തെ നിശബ്ദമാക്കാൻ കഴിയില്ലെന്ന് നിയമവ്യവസ്ഥ തെളിയിക്കുകയും ചെയ്യണം.

ഗൗരി ലങ്കേഷ് തീവ്രഹിന്ദുത്വ ഫാസിസത്തിനെതിരെ 'ഗൗരി ലങ്കേഷ്' പത്രികയിൽ ശക്തമായ അന്വേഷണറിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചതിനാലാണ് കൊല്ലപ്പെട്ടത്. ഗൗരി തീവ്രഹിന്ദുത്വത്തിനെതിരെ മനുഷ്യരുടെ ഉള്ളിൽ തട്ടുന്ന യാഥാർത്ഥ്യങ്ങൾ വിവരിച്ചിരുന്നു. ഇപ്പോഴും ഇന്ത്യയിൽ ജാതി വ്യവസ്ഥ നില നിൽക്കുന്നുവെന്നും അത് കൂടുതൽ ഉറപ്പിക്കാനാണ് തീവ്രഹിന്ദുവർഗ്ഗീയത ശ്രമിക്കുന്നുവെന്നും 'ഗൗരി ലങ്കേഷ്' പത്രികയിലൂടെ അവർ തുറന്നെഴുതി. തെറ്റായ രീതിയിൽ ഹിന്ദുധർമ്മത്തെ വ്യാഖ്യാനിക്കപ്പെടുന്നതായി ചൂണ്ടിക്കാണിച്ചുകൊണ്ട്, അവർ മൂർച്ചയുള്ള ചോദ്യശരങ്ങളുമായി

വാർത്തസമ്മേളനങ്ങളിലും ചാനലുകളിലും ഹിന്ദു വർഗ്ഗീയവാദികളേയും അഴിമതിക്കാരേയും നേരിട്ടു. ഇത് തീവ്രഹിന്ദുത്വ ഭീകരവാദികൾക്ക് സഹിക്കാവുന്നതിനും അപ്പുറമായിരുന്നു. ഹിന്ദുത്വത്തെ വിമർശിച്ചില്ലായിരുന്നെങ്കിൽ ഗൗരി ഇപ്പോഴും ജീവിക്കുമായിരുന്നു. ഹിന്ദുത്വതീവ്രവർഗ്ഗീയവാദത്തിനു നേരെയാണ് ഈ കൊലപാതകത്വത്തിന്റെ ഉത്തരവാദിത്വമെന്ന് നമ്മുടെ യുക്തിയുടെ നിഗമനത്തിൽ നമുക്ക് എത്താനാകും. ഹിന്ദുത്വ മതമൗലികവാദത്തിനെതിരെ ആശയപ്രചരണം നടത്തുന്നവരാണ് കൊല്ലപ്പെടുന്നതിനാൽ കൊല്ലുന്നവർ ആരായിരിക്കുമെന്ന് വ്യക്തമാണ്.

ഇപ്പോൾ ഗൗരിയുടെ കൊലപാതകത്തിന്റെ കർണ്ണാടക അന്വേഷണസംഘം ഹിന്ദുതീവ്രവാദ ഗ്രൂപ്പ് സനാതൻ സൻസ്ഥയുടെ അഞ്ചുപ്രവർത്തകരാണെന്ന നിഗമനത്തിലാണ് എത്തിച്ചേർന്നുകൊണ്ടിരിക്കുന്നത്. ഇവരെ പോലീസ് തെരയുന്നു. ഇവരെ അറസ്റ്റുചെയ്യാൻ കഴിഞ്ഞാൽ മാത്രമേ ഈ നിഗമനത്തിന്റെ നിജ സ്ഥിതിയുടെ ചുരുൾ അഴികയുള്ളൂ. സനാതൻ സൻസ്ഥയുടെ പ്രവർത്തകർ ഭ്രാന്തമായ മതാന്ധത ബാധിച്ചവരും ജനാധിപത്യത്തെക്കുറിച്ചും മനുഷ്യാവകാശത്തെപ്പറ്റിയും അഭിപ്രായ സ്വാതന്ത്ര്യത്തെക്കുറിച്ചും മനസ്സിലാക്കാത്തവരാണ്. ഇവരെപ്പോലെത്തന്നെ മതനിരപേക്ഷതയും യുക്തിചിന്തയും തീട്ടിയിട്ടില്ലാത്തവരാണ് മുസ്ലീം മതഭീകരവാദികളും. ഇവർ നടത്തിയ ഭീകരബോംബ് സ്ഫോടനങ്ങളുടെ പരമ്പര തന്നെ ഇന്ത്യയിലുണ്ടായിട്ടുണ്ട്. അതിന് അതേ നാണയത്തിൽ മുസ്ലിങ്ങുകൾ തിങ്ങി പാർക്കുന്നിടത്ത് തിരിച്ചടി നൽകിക്കൊണ്ട് ഹിന്ദുതീവ്രവാദികൾ തിരിച്ച് ബോംബുസ്ഫോടനങ്ങൾ നടത്തിയതുകൊണ്ടാണ് മുസ്ലിം തീവ്രവാദികൾ തുടക്കമിട്ട ബോംബു സ്ഫോടനപരമ്പരകൾക്ക് ഇന്ത്യയിൽ അറുതിവരുത്താൻ കഴിഞ്ഞതു പോലെയുള്ള ഒരു നേരിടലല്ല സ്വാതന്ത്രചിന്തയും യുക്തിബോധവും മതനിരപേക്ഷതയും പുലർത്തുന്നവരെ ജീവനൊടുക്കി നടത്തുന്ന കൊലവിളിയെന്ന് ഹിന്ദുമത തീവ്രവാദികൾ മനസ്സിലാക്കണം. ഇത് തുടർന്നാൽ ഹിന്ദുത്വത്തിനെതിരെ ഇന്ത്യയിലെ ബഹുഭൂരിപക്ഷം ജനങ്ങളും തിരിയുമെന്ന കാര്യം ഇവർ വിസ്മരിക്കരുത്. മുസ്ലിം തീവ്രവാദികളുടെ ബോംബു സ്ഫോടനങ്ങളെ നിലപ്പിച്ചതുപോലെ കൊലപാതകങ്ങൾ കൊണ്ട് യുക്തിചിന്തകളെ ഇല്ലാതാക്കുക അസാധ്യമാണ്. ഹിന്ദുഭീകരർ സനാതന ധർമ്മത്തിൻമേലാണ് കളങ്കം ചാർത്തുന്നത്. സ്വാതന്ത്രചിന്തയും, യുക്തിബോധവും, മതനിരപേക്ഷതയും ഉള്ളവർക്ക് ഭയപ്പാടോടുകൂടി ജീവിക്കേണ്ടിവരുന്ന ഒരു കാലം മത തീവ്രവാദികൾ സൃഷ്ടിക്കാൻ ശ്രമിക്കുന്നത് അവർക്ക് തന്നെ അപകടകരമാണ്. അവർ ജനതയിൽ നിന്നും ഒറ്റപ്പെടും. സനാതൻ സൻസ്ഥയ്ക്കും ഇന്ത്യൻ മുജാഹിദിനും ജമഅത്ത്ദുവയ്ക്കും ലേശ്കരെ തോയബയ്ക്കും ഇന്ത്യയുടെ ബഹുസ്വരതയും മതനിരപേക്ഷതയും യുക്തിചിന്തയും എന്താണെന്നറിയില്ല. യുക്തിചിന്ത ഈ രണ്ടു മതമൗലികവാദികളേയും അസ്വസ്ഥരാക്കുന്നു. കൊന്നുതള്ളാൻ മടിയില്ലാത്തവിധം അപകടകരമായ രീതിയിൽ ഈ രണ്ടു മതതീവ്രവാദങ്ങളും ഭയം സൃഷ്ടിക്കുകയാണ്.

ഹിന്ദുത്വഭീകരവാദികൾ അവർക്കെതിരെ ശബ്ദിക്കുന്ന എഴുത്തുകാരേയും മാധ്യമ പ്രവർത്തകരേയും ഇല്ലാതാക്കി വരുന്നതിന്റെ ഒരു ഇരമാത്രമാണ് ഗൗരി ലങ്കേഷ്. ഗൗരിയുടെ കൊലപാതകം മാവോയിസ്റ്റുകളുടെമേൽ കുറ്റം ചാർത്തി മുഖം രക്ഷിക്കാനും ജനശ്രദ്ധ തിരിച്ചുവിടാനും ശ്രമിക്കുകയുണ്ടായി. സായുധപാതയിലുള്ള മാവോയിസ്റ്റുകളെ ജനാധിപത്യത്തിന്റെ പാതയിൽ കൊണ്ടുവരാൻ ശ്രമിച്ചതിനു ചില മാവോയിസ്റ്റുകൾക്ക് വിയോജിപ്പുണ്ടായിരുന്നെങ്കിലും ഗൗരിയോട് പകയുണ്ടായിരുന്നില്ല. രാജ്യത്തെ ഭരണഘടനയുടേയും നിതിന്യായവ്യവസ്ഥയുടേയും ചട്ടകൂടിനുള്ളിൽ മാവോയിസ്റ്റുകളെ കൊണ്ടുവന്ന് രാഷ്ട്രീയ പ്രവർത്തനത്തിനു അവരെ സജ്ജരാക്കാനാണ് ഗൗരി ശ്രമിച്ചത്. ഗൗരി എന്നും മുന്നോട്ടുപോയത് ഇന്ത്യയുടെ ഭരണഘടനയുടേയും നീതിവ്യവസ്ഥയുടേയും ചട്ടകൂടിനുള്ളിൽ നിന്നുകൊണ്ടാണ്. മതേതരത്വത്തോടും ജനാധിപത്യത്തോടും ഭരണഘടനയോടും എന്നും അവർ ആഭിമുഖ്യം പുലർത്തിയിരുന്നു. എന്നാൽ ഒരു കാര്യത്തിൽ ഗൗരി ലങ്കേഷിനു തെറ്റുപറ്റിയിരിക്കാം. ഇന്ത്യയിലെ ഏതുതരം മത-രാഷ്ട്രീയ ഫാസിസത്തെയും ഒന്നുപോലെ കണ്ട് എതിർപ്പ് പ്രകടിപ്പിക്കുന്നതിനുപകരം ഹിറ്റ്ലർ ജൂതരെ ലക്ഷ്യമിട്ടതുപോലെ ഹിന്ദുത്വ ഫാസിസത്തെ മാത്രം അവർ ലക്ഷ്യമിട്ടു. ഹിന്ദുതീവ്രനിലപാടുകൾക്കെതിരെ ഇവർ ശക്തമായ നിലപാട് എടുത്തിരുന്നു. ഇതിന് എതിരായ പ്രതികാരമായിരുന്നു ഗൗരിയുടെ കൊലപാതകമെന്ന് അനുമാനിക്കാം. തീവ്രഹിന്ദു പ്രത്യായശാസ്ത്രക്കാരും മുസ്ലിം ഭീകരവാദികളും ഒരുപോലെ ഇന്ത്യയ്ക്ക് അപകടകാരികളാണ്. ഈ രണ്ട് തീവ്രവാദങ്ങളുമാണ് ഇന്ത്യ നേരിടുന്ന വലിയൊരു പ്രശ്നം. രണ്ടും ഒന്നുപോലെ ഏതിർക്കപ്പെടേണ്ടതാണ്.

എഴുത്തിലൂടെ ഹിന്ദുഫാസിസ്റ്റുകളുമായി നിരന്തരം കലഹിച്ച ഗൗരിലങ്കേഷിന്റെ അഭിപ്രായ പോരാട്ടത്തിനു ശിക്ഷ മരണമെന്നത് ഒരു പ്രാകൃത സമൂഹത്തിന്റെ ചിന്താഗതിയെപോലും ലജ്ജിപ്പിക്കുന്നതാണ്. ഹിന്ദുത്വ തീവ്രവാദികൾ ആശയങ്ങളെ ആയുധം കൊണ്ട് നേരിടുകയാണ് ചെയ്തിരിക്കുന്നത്. ഹിന്ദുഭീകരതയ്ക്കെതിരെ തന്റെ തൂലികകൊണ്ട് നിരന്തരം പോരാടിയ ഗൗരി ലങ്കേഷിനെയാണ് വെടിവച്ച് കൊന്നിരിക്കുന്നത്. ഭിന്ന

സ്വരം ഉയർത്തുന്നവരെ കൊല്ലുന്നു. അതും നിരാലംബയായ ഒരു സ്ത്രീയെ! ആശയങ്ങൾ കൊണ്ടു മാത്രം നേരിട്ട ഒരു വനിതയെ! ആശയങ്ങളെ ആശയങ്ങൾകൊണ്ട് നേരിടാനാവാതെ ഒരു സ്ത്രീയെ കൊല്ലാൻ വെടിയുണ്ടകളെ ആശ്രയിച്ചത് ഭീരുത്വമാണ്.


സർഗാത്മക മനസ്സുകളേയും യുക്തിചിന്തയേയും ഭയപ്പെടുത്തിയും ആക്രമിച്ചും നിശബ്ദമാക്കാനാവില്ല. തൂലിക പടവാളാക്കിയ പത്രപ്രവർത്തകയും സാമൂഹിക പ്രവർത്തകയുമാണ് അകാലത്തിൽ പൊലിഞ്ഞു പോയിരിക്കുന്നത്. പ്രതിഭാശാലിയും ധീരയുമായ സംസ്കാരിക പ്രവർത്തകയെയാണ് നമുക്ക് നഷ്ടപ്പെട്ടിരിക്കുന്നത്. ആ പ്രതിഭയ്ക്ക് വർഗ്ഗീയ-വിദ്വേഷ രാഷ്ട്രീയത്തേയും അതിന്റെ പേരിൽ നടന്നുകൊണ്ടിരിക്കുന്ന കപടതകളേയും എതിർക്കാതിരിക്കാനാകില്ലായിരുന്നു. ഹിന്ദുവർഗ്ഗീയതയ്ക്കെതിരെ പോരാടുകയെന്നത് എന്റെ ധർമ്മമാണെന്ന് ആ ധീരവനിത പറയുമായിരുന്നു. ഹിന്ദു മതാത്മീക രാഷ്ട്രീയം അതിനെ അന്ധവിശ്വാസം ജാതിവ്യവസ്ഥ, അഴിമതി തുടങ്ങിയവയെ ഗൗരിനിർഭയം വിമർശിക്കുകയും തുറന്നുകാട്ടുകയും ചെയ്തിരുന്നു. അതിനുവേണ്ടിയാണ് 'ഗൗരി ലങ്കേഷ് പത്രിക'യിലൂടെ ഭയലേശമെന്യേ അവർ സംസാരിച്ചിരുന്നത്. എഴുത്തുകാരനും പത്രപ്രവർത്തകനും 'ലങ്കേഷ് പത്രിക'യുടെ സ്ഥാപകനുമായ അച്ഛൻ പി. ലങ്കേഷിന്റെ പാത ഗൗരി പിൻതുടരുകയായിരുന്നു. അതിൽനിന്ന് ഊർജ്ജം ഉൾക്കൊണ്ടാണ് ഹിന്ദു വർഗ്ഗീയരാഷ്ട്രീയത്തിനും ജാതിവ്യവസ്ഥയ്ക്കും അധികാരകേന്ദ്രങ്ങൾക്കുമെതിരെ അവർ ചോദ്യശരങ്ങൾ ഉയർത്തിയത്.

എഴുത്തിനെ ഭയന്നിരുന്നവർ പഴയകാലത്ത് സ്വദേശാഭിമാനി രാമകൃഷ്ണനെപോലുള്ളവരെ നാടുകടത്തുക മാത്രമാണ് ചെയ്തിരുന്നതെങ്കിൽ ഇപ്പോൾ വിമർശനാത്മക നിലപാടുള്ള എഴുത്തുകാരേയും മാധ്യമപ്രവർത്തകരേയും ഇല്ലാതാക്കുന്ന രീതിയാണ് സ്വീകരിച്ചിരിക്കുന്നത്. എതിർപ്പിനേയും സ്വാതന്ത്രാഭിപ്രായത്തേയും കൊന്നൊടുക്കി എഴുത്തുകാരിൽ ഭയത്തിന്റെ അങ്കലാപ്പ് സൃഷ്ടിക്കുന്ന കാടത്ത മനോഭാവമാണിത്. ഈ കാടത്ത മനോഭാവക്കാരെ തിരിച്ചു ഭയപ്പെടുത്താൻ സമൂഹം ഉണരേണ്ടിയിരിക്കുന്നു. അതിനായി മതനിരപേക്ഷതയ്ക്കും അഭിപ്രായ സ്വാതന്ത്ര്യത്തിനും വേണ്ടി നിലനിന്നിരുന്ന ഗൗരി ലങ്കേഷിന്റെ പാത നാം പിന്തുടരണം.

ഗൗരി കൊല ചെയ്യപ്പെട്ട തോടുകൂടി മതനിരപേക്ഷതയും ബഹുസ്വരതയും നിലനിറുത്തണമെന്ന് ആഗ്രഹിക്കുന്നവർക്ക് ആ ചുമതല ഏറ്റെടുക്കേണ്ട ഉത്തരവാദിത്വം വർദ്ധിച്ചിരിക്കുകയാണ്. ബഹുജനങ്ങളും തൊഴിലാളികളും എഴുത്തുകാരും സാമൂഹ്യപ്രവർത്തകരുമെല്ലാം ഗൗരി മുന്നോട്ടു വച്ച ആശയങ്ങൾ ഏറ്റെടുക്കണം. എതിർക്കുന്നവരെ കൊല്ലുന്ന പ്രവണതയ്ക്കെതിരെ ശക്തമായ നിലപാട് സമൂഹം സ്വീകരിക്കണം. എതിർക്കുന്നവരുടെ മരണം ആഘോഷിക്കുന്ന സംസ്കാരത്തിനെതിരെ നമുക്ക് പോരാടേണ്ടിയിരിക്കുന്നു. നമ്മെ തുറിച്ചുനോക്കുന്നവരെ തിരിച്ച് തുറിച്ചുനോക്കാനുള്ള ശക്തിയാർജ്ജിക്കാൻ നാം ഉയർത്തെണീക്കേണ്ടിയിരിക്കുന്നു. എതിർശബ്ദങ്ങൾ ഇന്ത്യയ്ക്കകത്ത് വേണ്ടെന്ന് വിചാരിക്കുന്നവർക്ക് യഥാർത്ഥത്തിൽ ജീവിച്ചിരിക്കുന്ന ഗൗരിയേക്കാൾ അവർക്ക് ഭയപ്പെടേണ്ടിവരിക രക്തസാക്ഷിത്വം വരിച്ച ഗൗരിയേയായിരിക്കും. വെടിയുണ്ടകൾ കൊണ്ട് എഴുത്തുകാരെ നിശബ്ദരാക്കാനാവില്ലെന്ന് ഗൗരിയെ കൊലചെയ്തവർ ഇനിയെങ്കിലും മനസ്സിലാക്കണം. ഗൗരിമാരുടെ പേനകളെ നിശബ്ദമാക്കാൻ ഇവരുടെ തോക്കുകൾക്ക് ആവില്ലെന്ന് കാലം തെളിയിക്കും. ഗൗരി ലങ്കേഷ് അമർ രഹേ !

●





## 3 കവിതകൾ

കുഞ്ഞുകുട്ടൻ മീനിക്കോട്
9446150290, 04922266511

## എഴുത്തോ കഴുത്തോ

വാക്കുകളെ സദാചാരത്തിന്റെ
ചാണക്കലിലുരച്ച്
മൂർച്ച കൂട്ടുന്ന സോദരാ
ഞാനും നിങ്ങളും
ആയുധപ്പുരയിലാണ്.
ധബോൽക്കർ,
ഗോവിന്ദ് പൻസാരെ
കൽബുർഗി, ഗൗരി ലങ്കേഷ്
എഴുത്തും കഴുത്തും
ഭരണ ഭീകരതയുടെ
തോക്കിൻ കുഴലിൽ
മഷിക്കൂട്ട് നിറയ്ക്കുന്നു.

## അറിവ്

അറിവറിവോനറിയും
നെറികണ്ടാലലറും
നിറദീപം തെളിയും
നിറയാക്കുടമൊഴുകും.

## ഓട്ടം

ഉഷയോടിയാൽ സ്വർണ്ണം
നമ്മളോടിയാൽ ദെണ്ണം.

**അറിയിപ്പ്**

രചനകളിലെ ആശയം മാസികയുടേതോ എഡിറ്ററുടേതോ ആവണമെന്നില്ല. മാസികയിലുള്ള രചനകളിലെ ആശയങ്ങളുടെ ഉത്തരവാദിത്വം ലേഖകരുടേതു മാത്രമായിരിക്കും.

**എഡിറ്റർ**

# യയാതി
(കാവ്യാവിഷ്ക്കാരം)



**കെ കെ സോമനാഥൻ മാസ്റ്റർ**
**സുരഭി, പുൽപ്പള്ളി, 9946429805**


അച്ഛനായില്ല മക്കളേ യൗവ്വനം
തൃപ്തിയാംവണ്ണമാസ്വദിച്ചീടുവാൻ
വൃദ്ധനായിക്കഴിഞ്ഞു ഞാനായതിൽ
ദുഃഖമെന്നെയലട്ടുന്നു രാപ്പകൽ.
മക്കളാരുണ്ടിയച്ഛന്റെ വാർദ്ധക്യ-
മേറ്റെടുത്തിട്ടു യൗവ്വനം നൽകുവാൻ
അച്ഛനായൊരീ വൃദ്ധനു യൗവ്വനം
ആർക്കുനൽകാൻ കഴിയുമോ ആ മകൻ
കീർത്തിമാനായ് ഭവിക്കും നിസ്സംശയം
ഓർത്തു കർമ്മോത്സുകരായ് ഭവിക്കുവിൻ.
മക്കളേ, നിങ്ങളാരെങ്കിലുമൊരാൾ
അച്ഛനോടായ് കരുണ കാട്ടീടണം
ദുഃസ്സഹമായ് ഭവിച്ചൊരെൻ വാർദ്ധക്യ-
മേറ്റെടുത്തിട്ടു യൗവ്വനം നൽകണം.
(തൃപ്തിയാംവരെ യൗവ്വനമാസ്വദി-
ച്ചച്ഛൻ നൽകാം മടക്കിയാ യൗവ്വനം)
വ്യക്തമാമീ വ്യവസ്ഥ പാലിക്കുമെൻ
പുത്രനായി ഞാൻ രാജ്യാവകാശവും
കീർത്തിയും സർവ്വസമ്പത്സമൃദ്ധിയും
തീർച്ചയായും ഉറപ്പിക്കയാണ് ഞാൻ !
ചക്രവർത്തി യയാതി തൻ മക്കളോ-
ടിപ്രകാരമായർത്ഥിച്ച നേരത്ത്
മക്കളാറാൾക്കുമായില്ലയുത്തരം
ക്ഷിപ്രമാത്രേണയായി നൽകീടുവാൻ
മൂത്ത പുത്രൻ യുദുവോതി താനില്ല-
സാദ്ധ്യമല്ലാത്തതൊന്നുമേ ചെയ്യുവാൻ
ആ മക്കളിലേറ്റമിളയവൻ
പൂരുവേറ്റുതൻ യൗവ്വനം നൽകുവാൻ
തൻതപോവീര്യശക്തിതൻ വൈഭവം
ഹന്തകാട്ടുവാൻ നിന്നു തപോധനൻ
സ്വന്തപുത്രനാം പൂരുവിൻ യൗവ്വനം
അന്തസ്സോടെ ഗ്രസിച്ചാവയോധികൻ
സ്വന്ത വാർദ്ധക്യമപ്പോഴേ
ചിന്ത മുൻപിൻ നടത്തിയില്ലാ നൽകിനാൻ
പുത്രനാം പൂരു നിന്നുനൃപൻ സംപ്രീതനായ്
രാജ്യഭാരവുമേറ്റെടുത്തീടിനാൻ
തൻ പ്രജകൾതൻ ശ്രേയസ്സും പ്രേയസ്സും
തന്റെയായിക്കരുതിയോരാനൃപൻ
സങ്കടങ്ങളശേഷമേകൂടാതെ
സ്വന്തരാജ്യം ഭരിച്ചുയഥോചിതം.

ആദരവിന്നുയാൾരൂപമായൊരാ
ആശ്രിതർക്കൊക്കെ വൽസലനാം നൃപൻ
പൂരുരാജ്യം ഭരിച്ചു സന്തുഷ്ടനായ്
ഭാരതത്തിന്റെ കീർത്തിയുമാത്രമായ്.
ആദരണീയനച്ഛൻ സുഖം വാഴ്കെ
ആയിരം വാസരങ്ങൾ കടന്നുപോയ്.
തൃപ്തിവന്നതേയില്ലാപിതാവിന്
മുഗ്ദ്ധ സന്തോഷ യൗവ്വനകീഡയിൽ.
തന്റെ ചിന്തകളൊക്കെയും തെറ്റെന്നു
ചിന്ത ചെയ്തൊരാ കീർത്തിമാനാം നൃപൻ
സ്വന്ത പുത്രന്റെ മുമ്പിലെത്തിക്കൊണ്ടു
ചൊന്നിതേവം പഠിച്ചോരനുഭവം:
'അർത്ഥമെന്നപോലാർത്തിയുണ്ടാക്കുന്ന
വ്യർത്ഥമോഹത്തിലൊന്നാണുകാമവും
തൃപ്തിയാക്കാൻ ശ്രമിക്കുവോരൊക്കെയും
തോറ്റുകീഴടങ്ങേണ്ടതായും വരും.
പൊന്മകനേ മടക്കിത്തരുന്നു ഞാൻ
നിന്റെ യൗവ്വനം, നീ ഏറ്റുവാങ്ങുവിൻ
തന്നവാർദ്ധക്യമേറ്റുവാങ്ങുന്നു ഞാൻ
എൻമകന്നു ഞാൻ നേരുന്നു നന്മകൾ.

**അർത്ഥമെന്നപോലാർത്തിയുണ്ടാക്കുന്ന**
**വ്യർത്ഥമോഹത്തിലൊന്നാണുകാമവും**
**തൃപ്തിയാക്കാൻ ശ്രമിക്കുവോരൊക്കെയും**
**തോറ്റുകീഴടങ്ങേണ്ടതായും വരും.**

**ഏക തത്ത്വ വരിക്കാരാവുക**
**ഒറ്റ പ്രതി - 15 രൂപ**
**ഒരു വർഷത്തേക്ക് - 170 രൂപ**
**രണ്ടു വർഷത്തേക്ക് - 330 രൂപ**
**മൂന്നു വർഷത്തേക്ക് - 500 രൂപ**
**മണിയോഡറായോ ചെക്കായോ ഡിഡിയായോ ഇ-ട്രാസ്ഫറിലൂടേയോ പണമടയ്ക്കാം. വിലാസവും ബാങ്ക് വിവരങ്ങളും ഉള്ളടക്കം പേജ് നോക്കുക.**

**K.S.F.E Palakkad Branch II**
**Sugama Account no. 3337 ലേയ്ക്കും പണം നേരിട്ടയ്ക്കാം. ഏതു വിധത്തിൽ പണമയച്ചാലും 9446443321 എന്ന നമ്പറിലേക്ക് SMS അയക്കേണ്ടതാണ്.**



## എന്റെ അഭിനയ സ്മരണകൾ

ഭാഗം 10



മുക്കം ഭാസി
9846138693

# ചോരയിൽ കുതിർന്ന മണ്ണും എം. എസ്. ബാബുരാജും

**ബേ**പ്പൂരിലെ കോഴ്സിന്റെ ഫസ്റ്റ് ഇയർ സമ്മർ വെക്കേഷൻ. ഒരു സന്ധ്യ സമയം. ചിലന്തി വല നെയ്യുമ്പോലെ ഞാൻ വീട്ടിലിരുന്നു മിഥ്യാ സങ്കൽപ്പങ്ങളുടെ വല നെയ്യുകയാണ്. അപ്പോഴുണ്ട് ഒരു ചുരുളൻ മുടിക്കാരൻ ചെറുപ്പക്കാരൻ സമൃദ്ധമായി ചിരിച്ചുകൊണ്ട് കയറിവരുന്നു.

മുഖവുരയില്ലാതെ അയാൾ പരിചയപ്പെടുത്തി, "ഞാൻ ജെ. വി. കല്ലിടുക്കിൽ. ബാലെനെന്നും ചിലർ വിളിയ്ക്കും. ജനകീയ കലാവേദി തിരുവമ്പാടി ഒരു നാടകം ചെയ്യുന്നു. കോഴിക്കോട് പി. എം. കാസിമിന്റെ ചോരയിൽ കുതിർന്ന മണ്ണ്. എം. എസ്. ബാബുരാജാണ് സംഗീതം. അയാൾ അഭിനയിക്കുന്നുമുണ്ട്. താങ്കൾക്ക് ഒരു റോൾ കണ്ടുവച്ചിട്ടുണ്ട്. സഹകരിക്കണം."

ഒറ്റശ്വാസത്തിൽ അയാൾ പറഞ്ഞുനിർത്തി. മുമ്പും പിമ്പും നോക്കാതെ ഞാൻ സമ്മതിച്ചു. വെക്കേഷനായത് കൊണ്ട് പ്രശ്നങ്ങളൊന്നുമില്ല. റിഹേഴ്സൽ ആരംഭിച്ചു. പേര് പോലെ തന്നെ ഒരു വിപ്ലവനാടകമായിരുന്നു അത്. യാതനയും വേദനയും അനുഭവിക്കുന്ന മണ്ണിന്റെ മക്കളുടെ കഥ.

കോഴിക്കോടൻ നാടക വേദികളിൽ പി. എം. കാസിമിന്റെ 'പള്ളിക്കുറ്റം' നാടകം അരങ്ങ് തകർക്കുന്ന കാലം. അദ്ദേഹം തന്നെയാണ് ഇതിലെ ഗാനങ്ങളും ഒരുക്കിയത്. വിപ്ലവാത്മകവും മനോഹരവുമായ ഗാനങ്ങൾ 'ചോരയിൽ കുതിർന്ന മണ്ണ്' എന്ന അഭിവാദന ഗാനം പ്രേക്ഷകരുടെ മനസ്സിൽ തീ കോരിയിടുന്നതായിരുന്നു. ബാബുരാജും സംഘവും ആ ഗാനമാലപിക്കുന്നതോടെ വിപ്ലവത്തിന്റെ തീ ജ്വാലകൾ കൊട്ടകയെ പൊള്ളിയ്ക്കും.

*ചെങ്കൊടികൾ കൈയ്യിലേന്തി*
*ഇൻക്വിലാബിന്റൊച്ച പൊന്തി*
*ചങ്കിലുണ്ടയേറ്റുതിർന്ന*
*ചോരയിൽ കുതിർന്ന മണ്ണ്.*
*ചോരയിൽ കുതിർന്ന മണ്ണ് (3).*

തൃശ്ശൂർ വെടിക്കെട്ടുപോലെ അത് ഉച്ചസ്ഥായിയിൽ ബാബുരാജിന്റെ കണ്ഠത്തിൽ നിന്ന് അന്തരീക്ഷത്തിലുയരുമ്പോൾ കാണികൾ അറിയാതെ ഒരു മാസ്മരിക ശക്തിയിലെന്നോണം നിലയ്ക്കാത്ത കൈയ്യടികളോടെ നാടകത്തെ സ്വീകരിക്കാൻ തയ്യാറാവും.

പിന്നെ തിരിഞ്ഞുനോക്കേണ്ട കാര്യമില്ല. പ്രേക്ഷക ഹൃദയത്തിലെ ഓരോ പടവും ചവുട്ടി കയറി കാളിയമർദ്ദനം പോലെ കഥാപാത്രങ്ങൾ ചടുലനൃത്തം ചെയ്ത് അവരെ കീഴ്പ്പെടുത്തും. ഇതിൽ അഭിനയിച്ച നടന്മാരെക്കൂടി ഒന്നു സ്മരിയ്ക്കട്ടെ. കൂത്താട്ടുകുളം കൊച്ചുനാരായണൻ, ജോർജ്ജ് വർഗ്ഗീസ്, എം. എസ്. ബാബുരാജ്, മുക്കം ഭാസി, ശ്രീധർ, ഇരിങ്ങൽ ലീല, സോമവല്ലി തുടങ്ങിയവർ.

ഒരു സ്റ്റേജ് കഴിഞ്ഞപ്പോൾ കൊച്ചു നാരായണന് പകരം ബാലൻ കെ. നായർ ട്രൂപ്പിൽ ചേർന്നു. നാട്ടിൽ പല സ്റ്റേജുകളും കിട്ടി ഈ സംഘത്തിന് പ്രത്യേകിച്ച് പാർട്ടി സ്റ്റേജുകൾ. മദ്രാസ് സ്റ്റേജിലും മൈസൂർ സ്റ്റേജിലും ഏതാനും സ്റ്റേജുകളിൽ ഈ നാടകം കളിച്ചു.

'ദേവർഷോല' എന്ന സ്ഥലത്ത് ഈ നാടകം അരങ്ങേറുമ്പോൾ രസകരമായ ഒരു അനുഭവമുണ്ടായി. തോട്ടം മേഖലയാണ്. മരം കോച്ചുന്ന തണുപ്പ് എന്ന പറയാറില്ലേ. തണുപ്പുകൊണ്ട് ഞങ്ങളുടെ താടിയെല്ലുകൾ ചടുലനൃത്തം ചെയ്യാൻ തുടങ്ങി. സംഘാടകർ കമ്പി

ളി വസ്ത്രങ്ങൾ ഒക്കെ ഒരുക്കിയിരുന്നു ഞങ്ങൾക്ക്. എന്ത് കമ്പിളി ? ഉറഞ്ഞു തുള്ളുന്ന കോമരങ്ങളായി ഞങ്ങൾ. കട്ടനടിച്ച് അല്പം തണുപ്പുമാറ്റി. സ്റ്റേജിൽ കയറാൻ നേരത്ത് അതാ വരുന്നു ഗ്രീൻ റൂമിൽ ചില 'കുപ്പിമരുന്നുകൾ' !

ബാബുരാജും ബാലൻ കെ. നായരും ഞങ്ങളിൽ ചിലരും നന്നായി വീശി. വീശാൻ എനിയ്ക്ക് ധൈര്യമില്ലായിരുന്നു. സത്യം പറയട്ടെ ആഗ്രഹമുണ്ടായിരുന്നു. വീശി ശീലമില്ലാത്തതുകൊണ്ടും വാക്കുകളേയും ചലനങ്ങളേയുമൊക്കെ ഇവൻ വഴി തെറ്റിയ്ക്കും എന്ന ഭയം കൊണ്ടും ഞാൻ കട്ടനടിച്ചു തൃപ്തിപ്പെട്ടു. കൊട്ടക കുലുക്കിക്കൊണ്ടുള്ള കോറസ്സും, നടീനടന്മാരുടെ പകർന്നാട്ടവും നാടകത്തെ ഉജ്ജ്വലമാക്കി. മരുന്നടിച്ചവരെല്ലാം തകർത്താടി ! ആടാതിരിയ്ക്കുമോ ? വേന്തിരനല്ലയോ ഉള്ളിൽ!

ഹാർമോണിയ കട്ടകളിൽ ഒരിന്ദ്രജാല വിദഗ്ദ്ധനെപ്പോലെ വിരലുകളോടിച്ച്, അക്ഷരങ്ങളെ ചിലമ്പണിയിച്ച് ചുവടു വെപ്പിയ്ക്കുന്ന ബാബുക്കയുടെ സംഗീതസംവിധാനം അപാരമായിരുന്നു. കൂട്ടത്തിൽ പറയട്ടെ ഈ നാടകത്തിലെ അഭിനയത്തിന് അത്യാവശ്യം 'നക്കാപിച്ചകൾ' എനിയ്ക്കും ലഭിച്ചു തുടങ്ങി.

കോഴിക്കോട്ടെ പല പ്രശസ്ത കലാകാരന്മാരേയും ബാബുക്കയിൽ കൂടി എനിയ്ക്ക് പരിചയപ്പെടാൻ സാധിച്ചു. അക്കാലത്തെ കോഴിക്കോട്ടെ പ്രതിഭകളായിരുന്നു സർവ്വശ്രീ. കുഞ്ഞാണ്ടി, കെ. പി. ഉമ്മർ, കുഞ്ഞാവ, നെല്ലിക്കോട് ഭാസ്ക്കരൻ, വാസുപ്രദീപ്, ഹാജി അബ്ദുറഹിമാൻ, കുതിരവട്ടം പപ്പു തുടങ്ങിയവർ.

ഇവരെല്ലാം തന്നെ പേരെടുത്ത നാടകനടന്മാരും. എനിയ്ക്കൊരു പൂതി. നാട്ടിൻപുറത്ത് ഇങ്ങനെ 'വട്ടക്കളി' കളിച്ചതുകൊണ്ടു കാര്യമില്ല. കുറച്ചൊക്കെ പുറം ലോകവുമറിയട്ടെ എന്നിലുള്ള നടനെ. ബാബുക്കയോട് കാര്യം പറഞ്ഞു. ബാബുക്ക എനിയ്ക്കുവേണ്ടി ഒരു പ്രൊഫഷണൽ ട്രൂപ്പ് മാനേജരെ കണ്ടു. 'രാജാ തിയേറ്റേഴ്സ്' മാനേജരെ. അദ്ദേഹം എന്നെ കൂടിക്കാഴ്ച്ചയ്ക്ക് വിളിച്ചു. കോഴിക്കോട് ശാന്തഭവൻ ലോഡ്ജിൽ അദ്ദേഹം താമസിക്കുന്ന മുറിയിലേയ്ക്ക്.

ഞാൻ ചെന്നപ്പോൾ മുറി അടച്ചിട്ടിരിയ്ക്കുന്നു. വാതിലിൽ മുട്ടി. ഗെറ്റ് ഇൻ. അകത്തുനിന്നുള്ള ശബ്ദം. ഞാൻ പതുക്കെ വാതിൽ തുറന്നു. പതുപതുത്ത കിടക്കയിൽ പ്രൗഢയായ ഒരു യുവതി. അവരുടെ മടിയിൽ തലവെച്ചുകിടക്കുന്നു ഒരു സിൽക്ക് ജുബ്ബാധാരി. കഴുത്തിൽ സ്വർണ്ണച്ചെയിൻ. അൽപ്പം തടിച്ച ശരീരപ്രകൃതി.

കിടന്നുകൊണ്ടുതന്നെ അദ്ദേഹം എന്റെ വിവരങ്ങളെല്ലാം ചോദിച്ചറിഞ്ഞു. ചുറ്റുപാടുകൾ, നാടകപ്രവർത്തനം എല്ലാം... ഒടുവിൽ അദ്ദേഹം പറഞ്ഞു, ''റിഹേഴ്സൽ കഴിഞ്ഞാൽ ഞങ്ങൾ ഉത്തരേന്ത്യയിൽ പോകും. പിന്നെ മൂന്നോ നാലോ മാസം കഴിഞ്ഞേ തിരിച്ചു വരൂ. നിങ്ങളുടെ ട്രെയിനിങ്ങും മറ്റും വെള്ളത്തിലാവും. നല്ലവണ്ണം ആലോചിയ്ക്കൂ. നാളെ മറുപടി തന്നാൽ മതി.''

അപ്പോൾ ആ സഹോദരി എന്നോട് പറയുകയാണ്, ''അനിയാ ഇതൊരു മരീചികയാണ്. ഞങ്ങളെല്ലാം ഇതിൽ പെട്ടുപോയി കലയോടുള്ള ഭ്രാന്തുകൊണ്ട്. അനിയൻ കോഴ്സ് പൂർത്തിയാക്കി, ഒരു ജോലി സമ്പാദിച്ച്, കുടുംബവുമായി ജീവിക്കാൻ നോക്കൂ...!''

ഞാൻ തിരിച്ചുപോന്നു. ആ സഹോദരിയുടെ ഉപദേശം എന്റെ മനസ്സിൽ പ്രതിദ്ധ്വനിച്ചു കൊണ്ടേയിരുന്നു. നാടകത്തേക്കാൾ വലുത് എനിയ്ക്ക് ജീവിതമാണെന്ന തിരിച്ചറിവിലേയ്ക്ക് എന്റെ ബോധമണ്ഡലമുയർന്നു. ഭാഗ്യമോ നിർഭാഗ്യമോ പ്രൊഫഷണൽ മോഹം ഞാനുപേക്ഷിച്ചു.

* * * * *

ബേപ്പൂരിലെ കോഴ്സ് അവസാനിയ്ക്കുന്നു. വീണ്ടുമൊരു വേർപാട്. എന്റെ കൂടെ 'വെളിച്ചം വിളക്കന്വേഷിക്കുന്ന'തിൽ അഭിനയിച്ച ശങ്കരനാരായണൻ എഴുത്തച്ഛൻ എന്ന മഞ്ചേരിക്കാരൻ എന്നെ കെട്ടിപ്പിടിച്ച് ഏങ്ങലടിച്ചുകരഞ്ഞു. ആ കണ്ണീർചാലുകൾ ഇന്നും എന്റെ മനസ്സിലൂടെ ഒഴുകുന്നു. കാലങ്ങൾ ഏറെ കഴിഞ്ഞപ്പോൾ എനിയ്ക്കദ്ദേഹത്തെ കാണണമെന്നു തോന്നി. മഞ്ചേരി മുഴുവൻ ഞാൻ തപ്പി. കണ്ടെത്താനായില്ല. ഒടുവിൽ ആരിൽ നിന്നോ ഒരു വെളിപാട്. ഞാനന്വേഷിക്കുന്ന ആൾ മഞ്ചേരിക്കാരുടെ പ്രിയങ്കരനായ കുട്ടൻ മാഷ് ആണെന്ന്.

ഒരുദിവസം ഞാനും എന്റെ സുഹൃത്തും കൂടി അദ്ദേഹത്തെ കണ്ടുപിടിച്ചു. കൂടിക്കാഴ്ച വികാരനിർഭരമായിരുന്നു. എന്നെ ചേർത്തുപിടിച്ച് എന്റെ കണ്ണുകളിലേയ്ക്ക് ഉറ്റുനോക്കി കുട്ടൻ മാഷ് മൊഴിഞ്ഞു, ''എടാ ഭാസി, നീ ആളാകെ മാറിപ്പോയല്ലോ ?''

അദ്ദേഹത്തിന്റെ മാറ്റം അയാൾക്ക് തിരിച്ചറിയാൻ കഴിഞ്ഞില്ല! അതങ്ങനെയാണല്ലോ. നല്ല ഒരു സദ്യയുമുണ്ട് ഞങ്ങൾ തിരിച്ചുപോന്നു. ഇടയ്ക്കിടയ്ക്ക് ഫോണിൽ വിളിച്ച് സൗഹൃദം പുതുക്കും. ഒരുനാൾ എഴുത്തച്ഛന്റെ ഭാര്യ, അവർ ടീച്ചറാണ്, എന്നെ വിളിച്ചു പറയുന്നു - ''ഞങ്ങളെ തനിച്ചാക്കി കുട്ടൻ മാഷ് യാത്രയായി.''

ഒരുനിമിഷം ഞാൻ എഴുത്തച്ഛന്റെ അഭിനയചാതുരിയെ സങ്കൽപ്പിച്ചു. ഒരുപക്ഷെ വഴിതെറ്റി സിനിമയിലെങ്ങാനും അയാൾ എത്തിപ്പെട്ടിരുന്നുവെങ്കിൽ മറ്റൊരു നെടുമുടിയെ പ്രേക്ഷകർക്ക് ലഭിയ്ക്കുമായിരുന്നു ! ആതിരപ്പൂനിലാവുകളിൽ ബേപ്പൂരിലെ വീട് വീടാന്തരം പൊറാട്ടുനാടകങ്ങളുമായി ഞങ്ങൾ തെണ്ടുമ്പോൾ എന്റെ അരിക് പറ്റി നടക്കുന്ന ഒരു ഓമനക്കുട്ടനുണ്ടായിരുന്നു, ഒരു എട്ടുവയസ്സുകാരൻ മണി എന്ന മണിക്കുട്ടൻ. ഞങ്ങളുടെ സ്ഥാപനത്തിലെ

## ■ സ്മരണ

ചക്കി ടീച്ചറുടെ മകൻ ഏതോ അപശ്രുതി കാരണം അവരുടെ ദാമ്പത്യ ബന്ധത്തിൽ വിള്ളൽ വീണു. ഫല മോ, മണിക്കുട്ടന് അച്ഛനില്ലാതായി.

വർഷങ്ങൾ പടക്കുതിരകളായി പാഞ്ഞു പോയി. ഒരു ടെലിഫിലിമിൽ വേഷമിട്ട സന്ദർഭത്തിൽ എന്റെ മുഖത്ത് ചായം തേച്ചത് നടുവട്ടം അപ്പുക്കുട്ടനാ യിരുന്നു. അപ്പുക്കുട്ടനോട് ഞാൻ ഈ മണിക്കുട്ടനെ തിരക്കി. കാരണം ബേപ്പൂരും നടുവട്ടവും വളരെ അടു ത്ത പ്രദേശങ്ങളാണ്. അപ്പുക്കുട്ടൻ പറയുകയാണ്, “അപ്പോൾ അറിയില്ലേ; ആ മണിക്കുട്ടനാണ് ബേപ്പൂർ മണി എന്ന സിനിമാസംവിധായകൻ. അയാൾ ഇപ്പോ ൾ മദ്രാസ്സിലാണ്.”

അഭിമാനം തോന്നി. എന്റെ മണിക്കുട്ടൻ സിനിമാ സംവിധായകനായി മാറിക്കഴിഞ്ഞിരിയ് ക്കു ന്നു. കാലചക്രം തിരിഞ്ഞു കൊണ്ടേയിരുന്നു. രണ്ടു മൂന്നു വർഷം മുമ്പ് മാതൃഭൂമി പത്രത്തിലെ ഒരു വാർ ത്ത എന്നെ നടുക്കി. പ്രസിദ്ധ സിനിമാ സംവിധായകൻ ബേപ്പൂർ മണി അന്തരിച്ചു ! ഏതാനും നിമിഷം ഞാൻ ആ ഫോട്ടോ നോക്കി തരിച്ചിരുന്നു !

ബേപ്പൂരിലുള്ള കാലത്തു തന്നെ കോഴിക്കോ ട് മാനാഞ്ചിറ മൈതാനിയിൽ സജ്ജീകരിച്ച ഗോദയി ൽ ഒരു അന്താരാഷ്ട്ര ഗുസ്തി മത്സരം നടന്നു. ലോക രാഷ്ട്രങ്ങളിലെ ഗുസ്തി ചാമ്പ്യന്മാർ പങ്കെടുത്ത രോ മാഞ്ചദായകമായ മത്സരം. മനുഷ്യമഹാപർവ്വതം ഹങ്ക റിക്കാരൻ കിങ്ങ് കോങ്ങ്, ഇന്ത്യൻ ഗുസ്തി താരം ദാരാ സിങ്ങ് തുടങ്ങി നിരവധി ഗുസ്തിചാമ്പ്യന്മാർ !

മനുഷ്യ പർവ്വതത്തെ തന്റെ തുടകളിലിറുക്കി ദാരാസിങ്ങ് കാഴ്ച വെച്ച പ്രകടനം ആവേശകരവും ആഹ്ലാദകരവുമായിരുന്നു ഓരോ ഭാരതീയനും. ഇവ രൊക്കെ പിന്നീട് സിനിമയിലും കടന്നുകൂടി.

കുട്ടിക്കുപ്പായത്തിന്റ ഷൂട്ടിങ്ങ് നടക്കുന്നു. ലൊക്കേഷൻ മുക്കം. ആൾക്കൂട്ടത്തിൽ ഞാനും. പെ ട്ടെന്ന് ബാബുരാജ് എന്നെ തിരിച്ചറിഞ്ഞു. അദ്ദേഹമാ യിരുന്നല്ലോ ആ പടത്തിന്റെ സംഗീതസംവിധായകൻ. കുറച്ചുനേരം കുശലപ്രശ്നം നടത്തി.

കോഴിക്കോട്ടെ ഒരു നാടകസംഗമവേളയിൽ ബാലൻ കെ. നായരേയും കണ്ടുമുട്ടി. അദ്ദേഹവും സൗഹൃദം കൈമാറി. (അവരൊക്കെ അപ്പോഴേയ്ക്ക് ചലച്ചിത്ര രംഗത്ത് വെട്ടിത്തിളങ്ങിക്കഴിഞ്ഞിരുന്നു !)

പക്ഷെ, ഫാബിയെ (ഫാത്തിമാബി - ബഷീറിന്റെ ഭാര്യ) കണ്ടപ്പോൾ ഞാൻ ചോദിച്ചു, “ഓർ മ്മയുണ്ടോ ഈ മുഖം ?” “ച്ച് പുടികിട്ട്ണല്ലാ...” അങ്ങനെ പുടി കിട്ടിയവരും കിട്ടാത്തവരും എല്ലാം എല്ലാം... ഇപ്പോൾ പുടികിട്ടാത്ത ലോകത്തെവിടെയോ ആണ്... ഓർമ്മകളെ സ്വസ്തി !!!

(തുടരും)

●

## ■ പാചകം

### ആലുപൊറോട്ട
### (ഉരുളക്കിഴങ്ങ് പൊറോട്ട)



പി. എൻ. ഗംഗാലക്ഷ്മി
9447972209

*ആവശ്യമുള്ള സാധനങ്ങൾ*

ഗോതമ്പുപൊടി - 2 കപ്പ്
അയമോദകം - 1/4 സ്പൂൺ
ഉരുളക്കിഴങ്ങ് - 4 എണ്ണം വലുത്
സവാള - 1 ചെറുത്
പച്ചമുളക് - 2 എണ്ണം
മല്ലിയില അരിഞ്ഞത് - 1/4 കപ്പ്
മുളകുപൊടി - 1/2 സ്പൂൺ
ഗരംമസാല - 1/4 സ്പൂൺ
നെയ്യ്, ഉപ്പ്, വെള്ളം - ആവശ്യത്തിന്

ഗോതമ്പുപൊടി ഉപ്പ്, അയമോദകം, 1 ടേബിൾ സ്പൂൺ നെയ്യ് എന്നിവ ചേർത്ത് ചപ്പാത്തിയ്ക്ക് കുഴ ക്കുന്നതുപോലെ കുഴച്ച് 1/2 മണിക്കൂർ അടച്ചുവയ് ക്കുക. ഉരുളക്കിഴങ്ങ് വേവിച്ച് പൊടിക്കുക. സവാള, പച്ചമുളക് എന്നിവ പൊടിയായി അരിയുക. പൊടിച്ച ഉ രുളക്കിഴങ്ങിൽ അരിഞ്ഞുവെച്ച സവാള, മുളക്, കൊ ത്തമല്ലി, മുളകുപൊടി, ഗരംമസാല, ഉപ്പ് എന്നിവ ചേർ ത്ത് മിക്സ് ചെയ്യുക. ഒരു വലിയ നാരങ്ങ വലുപ്പത്തി ൽ മാവ് എടുത്ത് ചെറുതായി കട്ടിയിൽ പരത്തുക. അതിനുള്ളിൽ ഉരുളക്കിഴങ്ങ് മസാല വെച്ച് വീണ്ടും ഉരുട്ടി എടുക്കുക. ചപ്പാത്തി പരത്തുന്നതുപോലെ (വളരെ സാവകാശത്തിൽ പരത്തണം ഇല്ലെങ്കിൽ മസാല പുറത്തുവരും) ചൂടായ പാനിൽ കുറേശ്ശെ നെ യ്യ് ഒഴിച്ച് ചട്ടുകം കൊണ്ട് അമർത്തി ചുട്ടെടുക്കുക. മല്ലിയില ചട്നി, തൈര്, അച്ചാർ എന്നിവ കൂട്ടി ചൂടോടെ കഴിക്കാം.

### നിലക്കടല ബർഫി

*ആവശ്യമുള്ള സാധനങ്ങൾ*

നിലക്കടല വറുത്ത് തൊലികളഞ്ഞത് - 1 കപ്പ്
തേങ്ങ പൗഡർ - 1 കപ്പ്
ഏലക്കായ പൊടിച്ചത് - 1/2 സ്പൂൺ
പഞ്ചസാര - 1 കപ്പ്
വെള്ളം - 1/2 കപ്പ്
നെയ്യ് - 2 ടീസ്പൂൺ

വറുത്ത നിലക്കടല മിക്സിയിൽ പൊടിച്ചെ ടുക്കുക. പഞ്ചസാര 1/2 കപ്പ് വെള്ളം ഒഴിച്ച് പാവ് കാ ച്ചുക. പഞ്ചസാര പാവ് ഒട്ടുന്ന പാകമാകുമ്പോൾ നില ക്കടല പൊടിച്ചത് തേങ്ങ പൗഡർ ഏലക്കായ പൊടി എന്നിവ ചേർത്ത് ചെറുതീയിൽ നല്ലതുപോലെ ഇളക്കി ഏതാണ്ട് ഉരുളുന്ന പാകമാകുമ്പോൾ നെയ്യ് ചേർത്ത് നെയ് പുരട്ടിയ പ്ലെയ്റ്റിലേക്ക് മാറ്റി സ്പൂൺ കൊണ്ട് പരത്തുക. തണുത്തതിനുശേഷം കഷ്ണങ്ങളാക്കുക.



# ലൈബ്രേറി നോട്ട്

വിജയൻ കല്ലട
9605407260

**ഞാ**ൻ അദ്ധ്യാപക പരിശീലനം നേടിയത് കടമ്പനാട് ബേസിക് ട്രെയിനിംഗ് സ്കൂളിൽ നിന്നായിരുന്നു. പത്തനം തിട്ട ജില്ലയിലാണ് ഈ സ്ഥലം. 1972-74 കാലം. ഇത്തരം സ്കൂളുകളൊക്കെ ഇന്ന് ടി. ടി. ഐ. എന്നാണറിയപ്പെടുന്നത്. കടമ്പനാട് ബി. ടി. എസ്. പിന്നീട് മണ്ണടി എന്ന സ്ഥലത്തേക്ക് മാറ്റുകയുണ്ടായി. ഇന്ന് ആ വിദ്യാലയം അവിടെയുണ്ടോ എന്നറിയില്ല.

അതിപ്രഗത്ഭരായ ചില അദ്ധ്യാപകരാണ് അന്ന് അവിടെയുണ്ടായിരുന്നത്. മലയാളവും മനഃശ്ശാസ്ത്രവും പഠിപ്പിച്ചിരുന്ന എസ്. മാധവൻ പിള്ള, ഇംഗ്ലീഷും സാമൂഹ്യ പാഠവും പഠിപ്പിച്ചിരുന്ന ആർ. മാധവൻ പിള്ള ഹെഡ് മാസ്റ്റർ നാരായണക്കുറുപ്പ് എന്നിവരുടെ പേരുകൾ മാത്രമേ ഇപ്പോൾ ഓർക്കാൻ കഴിയുന്നുള്ളൂ. കണക്ക്, സയൻസ്, പ്രവൃത്തിപരിചയം എന്നിവയുടെ ക്ലാസ്സുകളും അദ്ധ്യാപകരുടെ മുഖവും ഓർമ്മയിലുണ്ടെങ്കിലും പേരുകൾ മെമ്മറി കാർഡിൽ നിന്ന് ഡിലീറ്റ് ചെയ്യപ്പെട്ടിരിക്കുന്നു. ക്ഷമിക്കുക.

രണ്ടാം വർഷത്തിൽ മലയാളത്തിന് ലൈബ്രറി നോട്ട് എന്ന ഒരു റിക്കാർഡ് തയ്യാറാക്കാനുണ്ടായിരുന്നു. പത്ത് പുസ്തകങ്ങളെങ്കിലും വായിച്ച് നിരൂപണം എഴുതി തയ്യാറാക്കുക. നിശ്ചിത ദിവസം അത് സമർപ്പിച്ചാലേ, ഇന്റേർണൽ മാർക്കിന് പരിഗണിക്കുകയുള്ളൂ. ക്ലാസ് പഠനം, അദ്ധ്യാപനം, അസൈൻമെന്റുകൾ എന്നിവയുടെ തിരക്കിൽ നിശ്ചിത ദിവസം ഇത് പൂർത്തീകരിക്കുക വിഷമകരമാണ്. ഞാനാണെങ്കിൽ അവധി ദിവസങ്ങളിൽ മരപ്പണിക്ക് പോകാറുണ്ട്. മണ്ണെണ്ണ വിളക്കിന്റെ നേരിയ വെളിച്ചത്തിൽ പുലരുവോളം ജോലി ചെയ്തിട്ടാണ് സ്കൂൾ കാര്യങ്ങൾ നിർവ്വഹിച്ചിരുന്നത്. എന്നിട്ടും ലൈബ്രറി നോട്ട് നിശ്ചിത ദിവസത്തിനുള്ളിൽ തയ്യാറാക്കുന്നതിന് പത്താം ക്ലാസ്സിൽ പഠിച്ചിരുന്ന എന്റെ ഇളയ സഹോദരിയേയും അവളുടെ സഹപാഠിയായ അയൽവാസിയേയും ആശ്രയിക്കേണ്ടിവന്നു.

നിശ്ചിത ദിവസം അദ്ധ്യാപകരുടെ മുറിയിൽ ഞങ്ങൾ കുറേ അദ്ധ്യാപക വിദ്യാർത്ഥികൾ നോട്ടുപുസ്തകവുമായി വരിനിന്നു. കർക്കശക്കാരനും കണിശക്കാരനുമായ മാധവൻ പിള്ള സാർ ഓരോ ബുക്കും പരിശോധിച്ച് ഓരോ പേജിലും ചുവന്ന മഷി കൊണ്ട് ശരിയടയാളമിട്ട് അവസാന പേജിൽ ചുവന്ന മഷിയിൽ കൈയൊപ്പു ചാർത്തി നൽകിക്കൊണ്ടിരുന്നു. തെറ്റുകൾ, കൈയക്ഷരവ്യത്യാസം എന്നിവ ശ്രദ്ധയിൽപ്പെട്ടത് നിഷ്കരുണം ചീന്തിയെറിഞ്ഞ് വീണ്ടും എഴുതി തയ്യാറാക്കണം എന്ന നിർദ്ദേശത്തോടെ പലരേയും കഠിനമായി ശാസിച്ചിരുന്നു. അത് കണ്ട് വരിനിന്ന എന്റെ കാലുകൾ വിറയ്ക്കാൻ തുടങ്ങി. ഹൃദയമിടിപ്പ് ഉച്ചത്തിലായി, പെരുമ്പറ കൊട്ടുന്നു. എന്തു ചെയ്യും ? വരിയിൽ നിന്ന സ്ഥിതിക്ക് ഇനി രക്ഷപ്പെടാനുമാവില്ല. എല്ലാ ദൈവങ്ങളേയും മനസ്സിൽ ധ്യാനിച്ച് വിറയാർന്ന കാലുകളോടെ പെരുമ്പറ കൊട്ടുന്ന ഹൃദയവുമായി ഞാൻ നിന്നു. അവസാനം എന്റെ ഊഴമെത്തി. എന്റെ ബുക്കിന്റെ താളുകൾ പറക്കുന്നതും സാറിന്റെ ഗർജ്ജനം കേൾക്കുന്നത് കാത്ത് ഞാൻ നിന്നു. സാർ ഓരോ പേജും മറിച്ച് ശരിയടയാളം ചാർത്തി അവസാന പേജിൽ കൈയൊപ്പു ചാർത്തി തിരികെത്തന്നു. ഹാവൂ ! ഞാൻ ദീർഘമായി നിശ്വസിച്ചു. വിറയാർന്ന പാദങ്ങളോടെ ഞാൻ തിരികെ നടക്കാൻ തുടങ്ങി. അപ്പോൾ സാർ സൗമ്യമായി എന്നോടു പറഞ്ഞു, “ആശാരി, ഒന്നവിടെ നിന്നേ”

“ഈശ്വരാ പരീക്ഷണകടമ്പ കഴിഞ്ഞില്ലേയെന്നോർത്ത് ഞാൻ തിരിച്ചുനിന്നു. അദ്ദേഹം തുടർന്നു. “മറ്റു കുട്ടികളെക്കൊണ്ട് എഴുതിപ്പിക്കുമ്പോൾ അക്ഷരത്തെറ്റില്ലാതെ എഴുതാനറിയാവുന്നവരെക്കൊണ്ട് എഴുതിപ്പിക്കണം, കേട്ടോ.” ഇത്രയും പറഞ്ഞ് അദ്ദേഹം ചിരിച്ചത് എന്തിനായിരുന്നു ? എന്നെ ശകാരിക്കാനോ ശിക്ഷിക്കാനോ ? എനിക്കിന്നുമതറിയില്ല.

ഞങ്ങളുടെ അദ്ധ്യാപന പരിശീലനം ആ സ്കൂളിൽ തന്നെയുള്ള പ്രൈമറി സ്കൂളിലായിരുന്നു. ഒന്നാം ക്ലാസ് മുതൽ ഏഴാം ക്ലാസുവരെയുള്ള ക്ലാസുകൾ ഒരു മാസക്കാലം ഞങ്ങൾ തന്നെ കൈകാര്യം ചെയ്യണം. ടൈംടേബിൾ അവതരിപ്പിച്ചത് ക്ലാസദ്ധ്യാപകൻ കൂടിയായ മാധവൻ പിള്ള സാർ ആയിരുന്നു. എനിക്ക് രണ്ടാം ക്ലാസ്, മറ്റുള്ളവർക്ക് മൂന്നു മുതൽ ഏഴാം ക്ലാസ് വരെ. ഈ ടൈംടേബിൾ ക്ലാസ്സിൽ അവതരിപ്പിക്കുമ്പോൾ ഞാൻ ക്ലാസ്സിലുണ്ടായിരുന്നില്ല. വിവരമറിഞ്ഞ എനിക്ക് കടുത്ത നിരാശയുണ്ടായി. ഒന്നാം വർഷത്തെ വാർഷികപ്പൊതു പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്കുനേടിയ എനിക്ക് പഠിപ്പിക്കാൻ ഏറ്റവും ചെറിയ ക്ലാസ്സോ ഛെ മോശം. ഇതെന്നെ അവഹേളിക്കലല്ലേ ? ഇതൊന്നു ചോദിക്കുക തന്നെ വേണം. അടുത്ത ദിവസം ക്ലാസ് തുടങ്ങുന്നതിനു മുമ്പുതന്നെ ഞാൻ അദ്ധ്യാപകരുടെ മുറിയിലെത്തി. മിക്കവാറും അദ്ധ്യാപകരൊക്കെയുണ്ടവിടെ. എന്നെ കണ്ടയുടൻ തന്നെ മാധവൻ പിള്ള സാർ ചോദിച്ചു, “എന്താ ആശാരി, രണ്ടാം ക്ലാസ്സിൽ പഠിപ്പിക്കുന്നത് വളരെ കുറച്ചിലാണോ ? ഏറ്റവും നന്നായി പഠിപ്പിക്കാൻ കഴിയുന്നവരെ ഏറ്റവും ചെറിയ ക്ലാ

സ്സിൽ പഠിപ്പിക്കണം എന്ന രീതിയിലാണ് ഞങ്ങൾ പട്ടിക തയ്യാറാക്കിയത്. ഇന്നുതന്നെ മുന്നൊരുക്കങ്ങൾ തുടങ്ങിക്കോളൂ.''

ഇത്രയും പറഞ്ഞ് അദ്ദേഹം ചിരിച്ചത് എന്തിനായിരുന്നു ? എന്നെ ശിക്ഷിക്കാനോ ? ശകാരിക്കാനോ ? എനിക്കിന്നുമതറിയില്ല.

ഞങ്ങളുടെ പ്രിയപ്പെട്ട മാധവൻ പിള്ള സാർ ഇപ്പോഴുണ്ടോ എന്നറിയില്ല. ഈ കുറിപ്പ് വായിക്കുന്നവരാരെങ്കിലും അദ്ദേഹത്തേയോ അദ്ദേഹത്തിന്റെ കുടുംബത്തേയോ അറിയുമെങ്കിൽ ഇതിൽ കൊടുത്തിട്ടുള്ള എന്റെ ഫോൺ നമ്പറിൽ ബന്ധപ്പെടുമെന്ന് ആശിക്കുന്നു.


## സൃഷ്ടികൾ ക്ഷണിക്കുന്നു

**ഏക തത്ത്വ പബ്ലിക്കേഷൻ**

പുറത്തിറക്കാൻ ഉദ്ദേശിക്കുന്ന

**കഥാ സമാഹാരം, കവിതാ സമാഹാരം**

എന്നിവയിലേയ്ക്ക് സൃഷ്ടികൾ ക്ഷണിക്കുന്നു. **താത്പര്യമുള്ളവർ നിങ്ങളുടെ മികവുറ്റ കൃതികൾ ഞങ്ങൾക്കയച്ചുതരിക.** കൃതികളുടെ മൂല്യനിർണ്ണയം നടത്തിയ ശേഷം മാത്രമേ സമാഹാരത്തിലേയ്ക്ക് തിരഞ്ഞെടുക്കുകയുള്ളൂ. തിരഞ്ഞെടുക്കപ്പെട്ട കൃതികൾ ചില നിബന്ധനകൾക്ക് വിധേയമായി മാത്രമേ പ്രസിദ്ധീകരിക്കുകയുള്ളൂ. കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക

**എഡിറ്റർ, ഏക തത്ത്വ മാസിക**
**മൊബൈൽ - 9446443321**





പ്രകാശൻ ചുനങ്ങാട്
9447278230




# കൃഷ്ണൻ അപ്പോത്തിക്കിരിയും നാരായണ ഗുരുസ്വാമികളും കുമാരനാശാനും


ഒരിക്കൽ സഞ്ചാരമദ്ധ്യേ പാലക്കാട്ടുവെച്ച് നാരായണ ഗുരുസ്വാമികൾക്ക് മാരകമായ ഒരസുഖം പിടിപെട്ടു. ശ്രീകൃഷ്ണ എന്ന സ്വകാര്യ ആശുപത്രിയിലായിരുന്നു സ്വാമികളെ പ്രവേശിപ്പിച്ചത്. വത്സല ശിഷ്യനായ മഹാകവി കുമാരനാശാൻ ശുശ്രൂഷകനായി ഗുരുവിന്റെ സമീപത്തുണ്ടായിരുന്നു. പാലക്കാട്ടെ ഒരു പ്രമുഖ വ്യക്തിയായിരുന്നു അന്ന് സ്വാമികളെ ചികിത്സിച്ച കൃഷ്ണൻ അപ്പോത്തിക്കിരി. (അന്ന് അലോപ്പതി ഡോക്ടറെ അപ്പോത്തിക്കിരി എന്നാണ് വിളിച്ചിരുന്നത്.)

രോഗം ഭേദപ്പെട്ടു. ആശങ്കയൊഴിഞ്ഞു. ഒലവക്കോട്ടെ ജൈനിമേട്ടിലുള്ള തന്റെ സുഹൃത്തിന്റെ ജൈനാശ്രമത്തിൽ കുമാരനാശാൻ ഒരുദിവസം തങ്ങി. നീണ്ട അഞ്ചുവർഷങ്ങളായി കവിതയും വേദാന്തവും വെടിഞ്ഞ് സംഘടനാപ്രവർത്തനങ്ങളിൽ മുഴുകിയിരിക്കുകയായിരുന്നു കുമാരനാശാൻ. അദ്ദേഹം എസ്. എൻ. ഡി. പി. യോഗത്തിന്റെ ജനറൽ സെക്രട്ടറി ആയിരുന്നല്ലോ. തന്റെ ആത്മീയഗുരുവായ നാരായണഗുരുസ്വാമികളുടെ ആജ്ഞ സർവ്വാത്മനാ അനുസരിക്കുകയായിരുന്നു കുമാരനാശാൻ. പക്ഷേ ദൈവനിയോഗം മറിച്ചായിരുന്നു. ഈ ജൈനാശ്രമത്തിൽ തങ്ങിയ ആ വേളയിലാണത്രെ ആശാന് 'വീണപൂവ്' എഴുതാനുള്ള പ്രചോദനമുണ്ടായത്. പിന്നീടദ്ദേഹം സംഘടനാ പ്രവർത്തനത്തോടൊപ്പം കാവ്യസപര്യയും തുടർന്നു എന്നാണ് ചരിത്രം.

കൃഷ്ണൻ അപ്പോത്തിക്കിരിയുടെ മരണശേഷം അദ്ദേഹത്തിന്റെ കുടുംബം വീട്ടിന്നുനേരെ മുമ്പിൽത്തന്നെ മനോഹരമായ ഒരുദ്യാനം രൂപകൽപ്പന ചെയ്തു. ചുറ്റുമതിലുകെട്ടി ഉദ്യാനം പരിരക്ഷിച്ചു. കൃഷ്ണൻ അപ്പോത്തിക്കിരിയുടെ ഒരു പൂർണ്ണകായ പ്രതിമയും ഉദ്യാനത്തിൽ സ്ഥാപിച്ചു. പാലക്കാടിന്റെ തിലകക്കുറിയെന്നു വിശേഷിപ്പിക്കാവുന്ന ബാസൽ മിഷൻ വിദ്യാലയത്തിന്റെ മുമ്പിലാണ് ഈ പാർക്ക്. (തിരുകൊച്ചിയുടെ മുഖ്യമന്ത്രിയായിരുന്ന സാക്ഷാൽ സി. കേശവൻ ഈ സ്കൂളിലെ അദ്ധ്യാപകനായിരുന്നു എന്നറിയുന്നവർ ഇന്ന് വിരളം)

പരിപാലിക്കാനാളില്ലാതെ പൂന്തോട്ടം നശിച്ചു. വഴി വാണിഭക്കാർ ചുറ്റുമതിലിനുചുറ്റും താവളമടിച്ചു. കൃഷ്ണൻ അപ്പോത്തിക്കിരിയുടെ പിൻമുറക്കാർ ഇന്ന് പാലക്കാട്ടില്ലെന്നാണറിയുന്നത്. അവർ സ്വന്തദേശമായ തലശ്ശേരിയിലേയ്ക്കുതന്നെ മടങ്ങിപ്പോയിട്ടുണ്ടാവാം.

അനാഥമായി കിടക്കുന്ന ഈ ഉദ്യാനം നവീകരിച്ച് ഭംഗിയായി പരിപാലിക്കേണ്ട ബാധ്യത പാലക്കാട്ടുകാർക്കുണ്ട്. ജനപ്രതിനിധികളും ബഹുജനസംഘടനകളും മുനിസിപ്പാലിറ്റിയും ഈ ദൗത്യം ഏറ്റെടുക്കേണ്ടിയിരിക്കുന്നു. കൃഷ്ണൻ അപ്പോത്തിക്കിരിയുടെ പ്രതിമ സംരക്ഷിക്കുന്നതോടൊപ്പം നാരായണ ഗുരുസ്വാമികളുടേയും മഹാകവി കുമാരനാശാന്റേയും പ്രതിമകളും ഈ ഉദ്യാനത്തിൽ സ്ഥാപിക്കേണ്ടതാണ്. അപ്പോൾ മാത്രമേ ആ ചരിത്ര സ്മാരകം പൂർണ്ണമാവുകയുള്ളൂ.



ഡോ. സി. രാമകൃഷ്ണൻ
9447358663, 0491 2505521

# മുഖക്കുരു
## (Acne, Pimple)

**യൗ**വനകാലത്ത് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും കണ്ടുവരുന്ന ഒരു സാധാരണ രോഗമാണ് മുഖക്കുരു. ഇത് മുഖത്താണ് അധികവും കണ്ടുവരുന്നെങ്കിലും നെഞ്ചത്തും പുറംഭാഗത്തും കാണാറുണ്ട്. ശരീരത്തിലെ ചർമ്മത്തിന്നടിയിൽ സ്നേഹഗ്രന്ഥി (Sebaceous gland) സ്ഥിതി ചെയ്യുന്നു. ഇതിൽ നിന്നും സ്രവിക്കുന്ന ഒരുതരം കൊഴുപ്പ് (Sebum) ദേഹത്തെ എണ്ണമയമാക്കുന്നു. മുഖത്തിലാണ് കൂടുതൽ എണ്ണമയം കാണപ്പെടുന്നത്. ചില സൗന്ദര്യവർദ്ധക വസ്തുക്കളുടെ അമിത പ്രയോഗം, മാനസിക സംഘർഷം, ഹോർമോണുകളുടെ പ്രവർത്തന വ്യതിയാനം ഇവ രോഗത്തിന്നുള്ള പ്രധാന കാരണങ്ങളാകുന്നു. മേൽ പറഞ്ഞ ഏതെങ്കിലും ഒരു കാരണം നിമിത്തം സ്നേഹഗ്രന്ഥിക്ക് നീർക്കെട്ടുണ്ടാകുകയും, അതിൽ നിന്ന് കൊഴുപ്പ് പുറത്തേക്ക് സ്രവിക്കുകയും അത് പിന്നീട് കുരുക്കളായി മാറുകയും ചെയ്യുന്നു. ഇത് ചുവപ്പ് നിറങ്ങളായിട്ടാണ് പ്രത്യക്ഷപ്പെടുന്നത്. ഒന്നോ ഒന്നിലധികമോ കുരുക്കളായാണ് കണ്ടുവരുന്നത്. ഈ കുരുക്കൾ വേദന ഉള്ളതോ ഇല്ലാത്തതോ ആയിരിക്കും. കുരുക്കളിൽ ചിലത് പഴുത്ത് പൊട്ടുന്നതായിട്ടും കണ്ടുവരുന്നു. മുഖക്കുരുവിനെ പൊട്ടിക്കുവാൻ പാടുള്ളതല്ല. ചിലർക്ക് ഈ കുരുക്കൾ ഉണങ്ങി മുഖത്ത് പാടുകൾ കാണാറുണ്ട്. മുഖം നല്ലവണ്ണം കഴുകി വൃത്തിയാക്കി വെക്കേണ്ടത് ആവശ്യമാണ്. പോഷകാഹാരങ്ങൾ കഴിക്കുക, വ്യായാമം ചെയ്യുക എന്നിവ ശീലിക്കേണ്ടതാണ്. മാനസിക സംഘർഷം ഉണ്ടെങ്കിൽ അത് ഒഴിവാക്കേണ്ടതും ആവശ്യമാണ്. കൃത്രിമ സൗന്ദര്യ വർദ്ധക ലേപനങ്ങൾ തീർച്ചയായും ഒഴിവാക്കേണ്ടതാണ്. ദഹനക്കേട്, മലബന്ധം ഇവ പരിഹരിക്കുക, അമിത കൊഴുപ്പ്, മധുരം ഇവയുടെ ഉപയോഗം ഒഴിവാക്കുകയും വേണം. മാനസിക സംയമനം ഒരു പ്രധാന ഘടകമാവുന്നതുമൂലം ഹോർമോണുകളുടെ പ്രവർത്തനം സാധാരണ രീതിയിലാവുന്നതും മുഖക്കുരു പരിഹരിക്കപ്പെടുകയും ചെയ്യുന്നതാണ്. പച്ചമഞ്ഞൾ, കസ്തൂരിമഞ്ഞൾ ഇവയുടെ പ്രയോഗം മുഖക്കുരുവിന് ഉത്തമ ഔഷധം കൂടിയാണ്. മാത്രമല്ല മുഖകാന്തി വർദ്ധിപ്പിക്കുകയും ചെയ്യും. പണ്ടുകാലത്ത് സ്ത്രീകൾ കുളി കഴിഞ്ഞാൽ പച്ച മഞ്ഞൾ അരച്ച് മുഖത്ത് തേക്കുന്ന പതിവുണ്ടായിരുന്നു. ഇത് മുഖത്തിന് സംരക്ഷണം നൽകിയിരുന്നു. മഞ്ഞൾ ഒരു വിഷസംഹാരി (Antiseptic) കൂടിയാണ്. മഞ്ഞളിന്ന് അർബുദ കോശങ്ങളെ നശിപ്പിക്കുവാനുള്ള ശക്തിയുണ്ടെന്ന് ശാസ്ത്രം തെളിയിച്ചുകഴിഞ്ഞു. രാസവസ്തുക്കളാൽ (Chemicals) നിർമ്മിക്കപ്പെട്ട മുഖക്കുരുവിന്നുള്ള ലേപനങ്ങൾ ഗുണത്തെക്കാളേറെ ദോഷങ്ങളായിരിക്കും അനുഭവം. അതുപോലെത്തന്നെ കൃത്രിമപ്പൊട്ട് ഉപയോഗിക്കുന്നത് ചർമ്മത്തിന് ഏറ്റവും ദോഷകരമായി പ്രവർത്തിക്കുന്നതായിട്ട് കണ്ടുവരുന്നു. നരച്ച മുടി കറുപ്പിക്കുവാൻ ഉപയോഗിക്കുന്ന 'ഡൈ'യുടെ ദീർഘകാല പ്രയോഗം വളരെ ദോഷകരമായി ഭവിക്കുന്നു. പലവിധ മാറാരോഗങ്ങൾക്കും കാരണമായിത്തീരുന്നു. മായം ചേർന്നിട്ടുള്ള ആഹാരസാധനങ്ങളാണ് അധികവും നമുക്ക് ലഭിക്കുന്നതും, ഉപയോഗിക്കുന്നതും. ഇതിനാൽ നമ്മുടെ ആരോഗ്യം അനുദിനം ക്ഷയിച്ചുവരുന്നതായും കാണുന്നു.

മുഖക്കുരുവിന്നും മുഖത്തെ സംരക്ഷിക്കാനും ഉള്ള ഹോമിയോ മരുന്നുകൾ ലഭ്യമാണ്. ●





മുരളീധർ കൊല്ലത്ത്
9387475851

## ഒറ്റ

ഒറ്റയ്ക്കാണ് ഞാൻ വന്നത്
പോകുമ്പോഴൊറ്റയ്ക്കല്ല
വെട്ടിയും കുത്തിയും
ചങ്ങലയ്ക്കിട്ടും
മുഖം വികൃതമാക്കിയും
യാത്രയാക്കിയോർ
അവരൊറ്റയല്ല ഒറ്റുകാരാണവർ.

## കഞ്ഞിക്കലം

തിളച്ചുമറിയുന്ന
കഞ്ഞിക്കലത്തിൽ
ഉപ്പു വീഴുന്നത് കണ്ട
അപ്പു അലറി

## ചേതനയറ്റവൻ

അങ്കിയും വയമ്പും
കോരിക്കൊടുത്ത
കൈകളിലേയ്ക്കാണ്
ചേതനയറ്റവനെ
അവർ ഏല്പ്പിച്ചത്

## വേദന

നിലയ്ക്കാത്ത
ദാഹമാണെന്നറിഞ്ഞിട്ടും
ഒരിറ്റ് വെള്ളമവൾ തന്നില്ല
വേദനയോടെ വേരുകൾ
മണ്ണിൽ പിടഞ്ഞൊടുങ്ങി.

**സ്വന്തം ആത്മാവല്ലാതെ
മറ്റൊരു ഗുരുവും
ആർക്കുമില്ല.
-സ്വാമി വിവേകാനന്ദൻ-**

# കല്യാണസൗഗന്ധികം

എടത്തറ ജയൻ
9446033861

മഹാഭാരത കഥകളിൽ കല്യാണസൗഗന്ധികം കഥ എഴുത്തച്ഛൻ 38 വരികളിലാണ് വർണ്ണിച്ചിരിക്കുന്നത്. നമ്പ്യാരാകട്ടെ പഴയ മുദ്രിതങ്ങളിൽ 18 പേജും[1] പുതിയ പതിപ്പിൽ 40 പേജും[2] വിവരിച്ചിരിക്കുന്നു. സാധാരണ ജനത്തിന്റെ ചിന്തയിലെത്തിക്കുന്നതിനായി വളരെ ലളിതവും രസകരവും ലോകോക്തികളും നീതിക്തികളും[4] നിറഞ്ഞ വർണ്ണന ചാതുര്യം വളരെ മേന്മ പരത്തുന്നതാണ്. ഭക്തി ഒട്ടും കുറയാതെ വിഭക്തിക്ക് പ്രാധാന്യം നൽകിയിരിക്കുന്നു. പ്രാസമില്ലാത്ത വരികളും ദുർല്ലഭം.

കിള്ളിക്കുറിശ്ശിയെന്നുള്ള പുരം
തന്നിലുള്ള പരദൈവമുള്ളത്തിൽ
വന്നുടൻ കള്ളങ്ങളാകവെ
തള്ളി പുറത്താക്കി
വെള്ളത്തിര പോലെ
തള്ളി പരക്കുന്ന
വെള്ള സ്വരസ്വതീ
വള്ളി ദീർഘങ്ങളും
പുള്ളി വിസർഗ്ഗമെന്നുള്ള
വകകൾക്കൊരെള്ളോളമിങ്ങൊരു
കള്ളം വരാതെ
കണ്ടുള്ളിൽ സദാ തിരുവുള്ളം
ഭവിക്കണം
തുള്ളൽക്കളങ്ങളിൽ
പള്ളികൊള്ളേണമേ
ഭാഷയായിട്ടു ചമയ്ക്കുന്ന
വാക്കുകൾ.

സ്തുതിയിലുള്ള ഒഴുക്ക് കഥയുടെ അവസാനം വരെ ഒഴുകിക്കൊണ്ടേയിരിക്കുന്നു. ആവശ്യാനുസരണം വൃത്തങ്ങളും മാറി മാറി ഉപയോഗിച്ച് താള മാറ്റത്തിലൂടെ ആസ്വാദനം വർദ്ധിപ്പിക്കുന്നു. വർണ്ണന അധികമായാൽ അതും നന്നല്ല എന്ന സൂചകമായി. "ആദരാലെങ്കിലും കോരി വിളമ്പിയാൽ സ്വാദില്ലയെന്നു വരുമിനി നിർണ്ണയം" എന്ന ലോകർക്കുള്ള യുക്തി നിരത്തുന്നു മറ്റൊരു സ്തുതിയായി.

താമരാസാക്ഷന്റെ
മെത്തേടെ താഴത്ത്
താങ്ങിക്കിടക്കുന്നവനെ
ചുമക്കുന്ന
വമ്പന്റെ കൊമ്പന്റെ
കൊമ്പൊന്നൊടിച്ചോന്റെ
ചേട്ടനെപ്പേടിച്ച് നാട്ടീന്ന്
പോയോന്റെ
ചാട്ടിന്റെ കൂട്ടിന്റെ കോട്ടം
തിമിർത്തവ-
ന്നുണ്ണിക്കഴുത്തറുത്തോരു
പുരുഷന്നുള്ളം തെളിവോടു
വന്നുതുണയ്ക്കണം[3]

ഇത്യാദിയുള്ള ചോദ്യങ്ങൾ കടംകഥകൾ പോലെ ചെറുപ്പത്തിൽ കേട്ടിട്ടുള്ളത് ആരാണ് എഴുതിയിട്ടുള്ളത് എന്ന അന്വേഷണത്തിലായിരുന്നു. കുഞ്ചൻ നമ്പ്യാരുടെ 60 തുള്ളൽക്കഥകൾ വായിച്ചപ്പോഴാണ് നമ്പ്യാരുടെ വൈഭവം കാണാൻ കഴിഞ്ഞത്. അക്കാലത്ത് വാങ്മൊഴിയായി ചൊല്ലിയവർക്കൊന്നും അത് ആരുടെതാണെന്ന് പറയുവാൻ അറിയുമായിരുന്നില്ല. അവർ പലർക്കും അത് പകർന്നു കൊണ്ടേയിരുന്നു.

കല്യാണ സൗഗന്ധിക കാലത്ത് അർജ്ജുനൻ പാശുപതാസ്ത്രം വാങ്ങി ദേവലോകത്ത് പോയിരുന്നതിനാൽ പാണ്ഡവരുടെ കൂടെയുണ്ടായിരുന്നില്ല. ആ സമയത്താണ് കാറ്റിൽ ഒരു സൗഗന്ധിക പുഷ്പം വന്നു വീണത് കണ്ട് പാർഷതി (പാഞ്ചാലി) ഭീമനോടായി പറഞ്ഞു, ഇത്രയും സൗരഭ്യവും ഭംഗിയുമുള്ള പുഷ്പം ഇതിന് മുമ്പ് കണ്ടിട്ടില്ല. ആ പുഷ്പം എവിടെയിരുന്നാലും എനിക്ക് എത്തിച്ചുതരണം എന്ന് പറയുന്നുണ്ടെങ്കിലും, "പെണ്ണിന്റെ ചൊൽകേട്ട് ചാടിപ്പുറപ്പെട്ട പൊണ്ണൻ മഹാഭേഷനയ്യോ മഹാജളൻ" എന്ന പേർ കേൾക്കാൻ ഇടവരരുത്. അതുപോലെ സീതയുടെ വാക്കുകേട്ട് മാനിനെ പിടിക്കാൻ പോയ രാമന്റെ അവസ്ഥയും ഉണ്ടാവരുത്. തന്നുടെ ബുദ്ധിയിൽ ചിന്തിച്ച് നന്നെങ്കിൽ മാത്രം പോയാൽ മതിയെന്നുകൂടി ദ്രുപദനന്ദിനി (പാഞ്ചാലി) പറയുന്നു. മുൻപിൻ വിചാരമില്ലാതെ ചാപലയും അബലയുമല്ല പാഞ്ചാലി എന്ന് നമ്പ്യാർ വ്യക്തമാക്കുന്നു.

തന്റെ കഴിവിൽ വിശ്വാസമില്ലാതെയാണോ ഇത്തരത്തിൽ പറയുന്നത് എന്നും മാർഗ്ഗം മുടക്കുന്നവരെയെല്ലാം കാലപുരിക്ക് അയക്കും എന്നും പറഞ്ഞ് ഭീമൻ യാത്ര തുടങ്ങുന്നതും പോകുന്ന വഴിക്കുള്ള വനവർണ്ണന വളരെ വിജ്ഞാനപ്രദവും മനോഹരവുമാണ്. 'നക്ഷത്രമാർഗ്ഗത്തിലെത്തി കിളർന്നൊരു വൃക്ഷങ്ങൾ കണ്ടുടൻ വിസ്മയിച്ചീടിനാൻ' എന്നുതുടങ്ങി വനത്തിലെ വൃക്ഷങ്ങളുടെ പേരുകൾ വിവരിക്കുന്നു[4]. യാത്രയ്ക്ക് വഴിയൊരുക്കാനായി ഭീമൻ ആകാശം മുട്ടിനിൽക്കുന്ന മരങ്ങളിൽ ഗദ കൊണ്ടടിച്ചപ്പോൾ അടി കൊണ്ട മരങ്ങൾ മറിഞ്ഞുവീഴുന്ന വർണ്ണന. പെട്ടെന്നൊരുമരം പൊട്ടിപ്പിളർന്നാശു മറ്റൊരു വൃക്ഷേ പതിയ്ക്കുന്ന നേരത്ത് മറ്റതും ഖണ്ഡിച്ചു മറ്റതിന്മേൽ വീണ മറ്റതും മറ്റതും മറ്റതും ഭസ്മമായ്. ഗദ വീശുമ്പോഴുള്ള കാറ്റേറ്റ് വന്യമൃഗങ്ങൾ പോലും ഓടിയൊളിച്ചു. വേട്ടയ്ക്കുനടക്കുന്ന കാട്ടാളരേയും വർണ്ണിക്കുന്നു. ചീത്ത ജനത്തോടു ചേർന്നാൽ ചേർന്നവരും ചീത്തയാകും എന്ന ലോകോക്തി

*'വേട്ടാളുടെ ശീലം
വേട്ടയാൾക്കും വരും'*

*'അച്ചിക്കു ദാസ്യ പ്രവൃത്തി
ചെയ്യുന്നവൻ, കൊച്ചിക്കു
പോയങ്ങു തൊപ്പിയിട്ടീടണം'*

*'പച്ചമാംസം തിന്നുവളർന്നവൻ*
*മെച്ചമേറും പുളിശ്ശേരി*
*കൊതിക്കുമോ ?'*

ഇങ്ങനെ ചേരുന്ന വിധത്തിൽ സാധാരണക്കാർക്കുള്ള തത്വങ്ങളും കൂടെ കൂടെ നിരത്തുന്നു. വനത്തിൽ അപ്സരസ്ത്രീകളുടേയും ഗന്ധർവ്വ സ്ത്രീകളുടേയും കേളീ വിലാസങ്ങൾ കണ്ടുകൊണ്ട് ഭീമൻ കഥളി വനത്തിലെത്തുന്നു.

'പച്ചക്കഥളിക്കുലകൾ
ക്കിടക്കിടെ, മെച്ചത്തിൽ
നന്നായ് പഴുത്തപഴങ്ങളും

എന്നുതുടങ്ങുന്ന വരികൾ വളരെ മനോഹര ചിത്രമാണ് തരുന്നത്. ഇത്രക്ക് നന്നായി ഇവിടെ സംരക്ഷിക്കുന്നത് ആരാണ് എന്ന ഭീമന്റെ ചിന്തയിൽ വരുന്നതും, അതേസമയം ഹനുമാൻ ഭീമന്റെ അതിസാമർത്ഥ്യത്തെ ഒന്നു ശമിപ്പിക്കുക വഴി മുടക്കിക്കിടക്കുന്നതും ഭീമ-ഹനുമൽ സംവാദവും വളരെ മഹത്തരമാണ്. മാർഗ്ഗം മുടക്കിക്കിടക്കണ ഹനുമാനെ കണ്ട ഭീമൻ സ്വന്തം കഴിവുകളെ പ്രകീർത്തിക്കുന്നതുകേട്ട ഹനുമാൻ ഭീമനോട് ഹാസ്യരൂപേണ ചോദിക്കുന്ന വരികൾ വളരെ രസകരമാണ്.

ധർമ്മജൻ മുമ്പായ
ധർമ്മിഷ്ടന്മാർ നിങ്ങൾ
ധർമ്മമല്ലാതൊന്നും
ചെയ്യുകയില്ലയോ ?
പാഞ്ചാലിയെന്നൊരു പെണ്ണിനെ
കണ്ടിട്ട്
പഞ്ച ബാണാർത്തി പിടിപെട്ട
ഹോ നിങ്ങ-
ളഞ്ചുപേരും ചെന്നുകൈക്കു
പിടിച്ചുകൊ-
ണ്ടഞ്ചാതെ വേളി കഴിച്ചെന്നു
കേട്ടുഞാൻ.
അഞ്ചെങ്കിലഞ്ചും
കണക്കെന്നവൾക്കൊരു
ചാഞ്ചല്യവുമില്ല തെല്ലുപോലും
നിങ്ങ-
ളഞ്ചു ജനത്തേയും
കൺമുനത്തെല്ലിനാൽ
വഞ്ചിപ്പതിന്നവൾ പോരും
വൃകോദര !
നാലഞ്ചു
ഭർത്താവൊരുത്തിക്കതാനതു
നാലു ജാതിക്കും
വിധിച്ചതല്ലോർക്കണം
എന്നു തുടങ്ങി ദുശ്ശാസനൻ
പണ്ടു ദുര്യോധനോക്തമാം
ദുശ്ശാസ്സനം
കൊണ്ടുമണ്ടിവന്നങ്ങനെ
അഞ്ചുപേർ നിങ്ങളും
കണ്ടുനില്ക്കെത്തന്നെ
പാഞ്ചാലിയെ ചെന്നടിച്ച് തലമുടി
ചുറ്റിപ്പിടിച്ച് വലിച്ചിഴച്ചങ്ങനെ
മുറ്റും മഹാജനം നോക്കി
നില്ക്കും വിധൗ
മുറ്റത്ത് കൊണ്ടന്നു
താഡിച്ചു താഡിച്ചു
തെറ്റന്നുടുത്ത പുടവ വലിച്ചിഴ
ച്ചറ്റമില്ലാതുള്ള പരാധവും
ചെയ്തു
കണ്ണും മിഴിച്ചന്നു
കണ്ടുനിന്നീടിന
പൊണ്ണത്തടിയനാം
നിന്റെ പരാക്രമം
കാശിക്കുപോയോ കഥിക്ക
വൃകോദരാ...
തന്നുടെ പെണ്ണിന്റെ വസ്ത്രം
തൊടുന്നേരമൊന്നു മനങ്ങാതെ
നില്ക്കയോ വേണ്ടത്
ചെന്നങ്ങവനെ
പ്രഹരിക്കയാ ഗുണം

എന്ന് ഭീമനെ ചോദ്യം ചെയ്യുന്നതും ഇനി നിന്റെ മാർഗ്ഗം മുടക്കുന്നില്ല എന്ന് ഹനുമാൻ പറയുന്ന സമയത്ത് ഭീമൻ പറഞ്ഞു, 'കരുത്തുള്ള ഒരുത്തനാണ് വഴി തടഞ്ഞതെങ്കിൽ കരുത്ത് കാണിച്ചു കൊടുക്കും. അഞ്ജനാപുത്രൻ ജനിച്ച കുലത്തിൽ ജനിച്ചവനായതു കൊണ്ട് ഒന്നും ചെയ്യുന്നില്ല എന്നും നിന്നെ ഹനിച്ചാൽ എനിക്കും പാപമുണ്ടാകും എന്നും പറയുന്നതുകേട്ട് ഹനുമാൻ കനിവോടെ പറയുന്നു, വാലെടുത്ത് മാറ്റിവെച്ചിട്ട് പൊയ്ക്കൊള്ളാൻ. കൈകൊണ്ട് വാനരത്തെ തൊടുന്നത് മോശമാണെങ്കിൽ കയ്യിലുള്ള ഗദകൊണ്ട് മാറ്റിവെച്ചുകൊള്ളാൻ പറയുന്നു. ഗദ കൊണ്ട് വാലു മാറ്റിയിടാൻ ശ്രമിച്ചപ്പോൾ വാലിലെ രോമം പോലും ചാഞ്ഞില്ല എന്നും 'കൂനൻ മദിച്ചിതാ ഗോപുരം കുത്തുമോ, വാനരന്മാരെന്തു കാട്ടുന്നു നമ്മോട് എന്നുച്ചരിച്ച ഭീമനോട് ഹനുമാൻ പറയുന്നു, മർക്കടന്മാരിലും മുഷ്ക്കരന്മാരുണ്ട്. പണ്ടൊരു മർക്കടനല്ലയോ (ബാലി) രാവണനെ വാലിന്മേൽ കുടുക്കി നാലു സമുദ്രങ്ങൾ ചാടിക്കടന്നതും, മറ്റൊരു മർക്കടൻ മഹാസമുദ്രം ചാടിക്കടന്ന് ലങ്കയിൽ ചെന്ന് കിങ്കരന്മാരെ വധിച്ചതും ലങ്കേശ പുത്രന്റെ കണ്ഠം മുറിച്ചതും, മാനമുള്ളവർ നമ്മുടെ ജാതിയിലുണ്ടെന്നറിഞ്ഞാലും പാണ്ഡവ, എന്നിട്ടും മർക്കടൻ, മർക്കടൻ എന്ന് നീ ധിക്കരിക്കുന്നത് നന്നല്ല സഖേ ! എന്ന് പറഞ്ഞപ്പോൾ മറുപടിക്കായി ഭീമൻ അഗ്രജനും ശ്രീരാമ ദാസനുമായ വീരഹനുമാനേക്കാൾ അഹന്തയോ നിങ്ങൾക്ക് ? എന്നുപറഞ്ഞപ്പോൾ ഹനുമാൻ തന്റെ അംബരമൊക്കെ നിറഞ്ഞു കവിഞ്ഞു വിളങ്ങിന രൂപ (ശരിയായ രൂപം) പ്രദർശിപ്പിക്കുന്നു. ശരിയായ രൂപം കണ്ട വൃകോദരൻ ഹനുമാനെ സ്തുതിക്കുന്നതും ഭീമനെ ഹനുമാൻ ആലിംഗനം ചെയ്ത് അനുഗ്രഹിക്കുന്നതും. 'രാമായണം കഥ കേട്ടുകൊൾക ഭവാൻ, ആമോദത്തോട ചുരുക്കിപ്പറഞ്ഞിടാം. മാർത്താണ്ഡവംശേ ദശരഥൻ തന്നുടെ പുത്രനായ് വന്നുപിറന്നു നാരായണൻ. ഉത്തരകോസലത്തിലിങ്കലയോദ്ധ്യയെന്നുത്തമശ്രീരാജധാനിയിൽമേവിനാൻ. കൗസല്യ തന്നുടെ പുത്രൻ രഘൂത്തമൻ, കൈകേയി തന്നുടെ പുത്രൻ ഭരതനും എന്നു തുടങ്ങി[5] 160 വരികളിൽ ചുരുക്കി സംഗ്രഹിച്ചിരിക്കുന്നത് വളരെ അത്ഭുതം തന്നെ. ഇത്രയും ചുരുക്കത്തിൽ, സംക്ഷിപ്തരൂപത്തിൽ രാമായണകഥ അവതരിപ്പിച്ച അല്ലെങ്കിൽ വിസ്തരിച്ച ആ മഹിമയെ പ്രത്യേകം വാഴ്ത്തേണ്ടതാണ്. ഞാനും വിഭീഷണനും ജാംബവാനും മാത്രമാണ് ശേഷിക്കുന്നത് എന്നു പറയുന്നു. സൗഗന്ധി

ക പുഷ്പം പറിക്കാൻ അവിടെയെത്തിയാൽ തടയാൻ വരുന്നവരെ താഡനം ചെയ്തോടിച്ച് പുഷ്പം ശേഖരിച്ചുകൊള്ളാൻ പറഞ്ഞ് ഭീമനെ യാത്രയാക്കുന്നു.

വിത്തേശ നഗരേ ചെന്ന സമയം അവിടെ കണ്ട കാഴ്ച സചിത്രമാക്കിയ രീതി.

*കല്ലോല ജാലം കളിക്കുന്ന കണ്ടു. കമലമണി*
*നിറമുടയ കമലമതുകണ്ടു.*
*പൊലിമറയാടു ചടുല ജല വടിവുമഥ കണ്ടു.*
*അന്നങ്ങളങ്ങു പറക്കുന്ന കണ്ടു.*
*അനവരതമവരുടയ നടനമതുകണ്ടു*

തുടങ്ങി ഇംഗിതം ചേരുന്ന പുഷ്പങ്ങൾ കണ്ടു. പൂക്കൾ പറിക്കാൻ തുടങ്ങുന്ന സമയത്ത്, കുബേരന്റെ നാട്ടിലെ നിവാസികളേയും അവരുടെ പ്രതാപത്തേയും വിളിച്ചറിയിച്ചുകൊണ്ട് ഭടന്മാർ വന്നപ്പോൾ അവരെ അടിച്ചോടിക്കുന്നു. അവർ പോയി രാജാവിനേയും സൈന്യത്തേയും കൂട്ടി തടയാൻ ശ്രമിക്കുന്നു. അവരെ ആക്രമിച്ചോടിച്ച് മാരുതി ആവശ്യമുള്ള പുഷ്പങ്ങളുമായി തിരികെ വന്ന് ദ്രൗപദിക്കുനൽകി. സൗഗന്ധികാർപ്പണം പൂർത്തിയാക്കുന്നു. അന്നത്തെ രാജധാനിയിൽ സേവകന്മാരും, മടിയന്മാരുമായി തിന്നും, കുടിച്ചും സുഖിക്കുന്ന തരക്കാരെ കുബേരന്റെ, രാജധാനിയെ പ്രതിനിധീകരിച്ച് വരച്ചുകാണിക്കുന്നു. ഭാഷയുടെ മികവ് നേടാനായി നമ്പ്യാരുടെ പരിശ്രമം അപാരം തന്നെ.

**കുറിപ്പുകൾ**

1. ശ്രീരാമ വിലാസം പ്രസ് & ബുക്ക് ഡിപ്പോ, കൊല്ലം. അഞ്ചാം പതിപ്പായി 1127ൽ ശ്രീകലക്കത്ത് കുഞ്ചൻ നമ്പ്യാരുടെ 60 തുള്ളൽക്കഥകൾ എന്ന പുസ്തകത്തിൽ 1 മുതൽ 18 വരെ പേജുകൾ.
2. കേരള സാഹിത്യ അക്കാദമി 1976ൽ പുനപ്രസിദ്ധീകരിച്ച കുഞ്ചൻ നമ്പ്യാരുടെ തുള്ളൽക്കഥകൾ 789 മുതൽ 838 വരെ പേജുകൾ.
3. താമരാസാക്ഷന്റെ (വിഷ്ണുവിന്റെ) മെത്തേടെ (അനന്തന്റെ) താങ്ങിക്കിടക്കുന്നവനെ (ആദി കൂർമ്മത്തിനെ) വമ്പന്റെ കൊമ്പന്റെ ഗണപതിയുടെ എന്ന ഭാവം കൊമ്പൊന്നൊടിച്ചോന്റെ (സുബ്രഹ്മണ്യന്റെ) ജ്യേഷ്ഠനെ പേടിച്ച് നാട്ടീന്ന് പോയോന്റെ. (കുബേരന്റെ) ചാട്ടിന്റെ (പുഷ്പക വിമാനത്തിന്റെ) കൂട്ടിന്റെ കോട്ടം തിമിർപ്പവന്റെ (രാവണന്റെ) ഉണ്ണിയുടെ കഴുത്തറുത്ത പുരുഷൻ (ഹനുമാൻ) (1ൽ പേജ് 3)
4. 1ൽ പേജ് 5ൽ 21 വരി മുതൽ 46 വരെ.
5. 1 ൽ 13 മുതൽ 15 വരെ പേജിൽ 160 വരികളിൽ.

**മനുഷ്യന് ആവശ്യം മതപരമായ നിറങ്ങളല്ല,**
**ഹൃദയത്തിന്റെ നിറമാണ്.**
**-സ്വാമി വിവേകാനന്ദൻ-**

■ കവിത

# കനൽ ചീളുകൾ

ടി. എ. മടക്കൽ
9846091387

അന്ധകാര സീമ ഭേദിച്ചിടാനായി,
അശ്വമേധ കൂട്ടങ്ങളായിക്കുതിക്കണം.
അണയാത്ത ജ്വാല ചിരാതുമായ് ക്ഷിപ്രം,
അങ്കം ജയിക്കുവാൻ പക്ഷം പിടിക്കണം.
അമരത്വയുവരക്ത പുനർജന്മമായിനി
ആകാശമതിരുകൾക്കപ്പുറം പറക്കണം...!

ഭൂമി തൻ പൊക്കിൾ കൊടികളറുത്തന്ന്
ദൈവങ്ങൾ മണ്ണിൽ പിറന്നൊരുകാലം !
ഉച്ചനീചത്വങ്ങൾ കൊടികുത്തിവാഴുന്ന
മാടമ്പി ജന്മികൾ മദിച്ചൊരുകാലം...!
വളരുന്ന മാറൊന്നു മാടി മറക്കുവാൻ
അടിയാത്തി പെണ്ണൊന്ന് മോഹിച്ചകാലവും,
'മുലക്കരം' വിധിചൊല്ലും തമ്പ്രാന്റെയാർത്തിക്ക്
ഇളംമാറുചെത്തി തിരുകാണിവെച്ചന്ന്,
'നങ്ങേലി' ചുടുചോര ചരിതങ്ങൾ തീർത്തതും
എരിയുന്ന കനലാക്കി നെഞ്ചകം തുടിക്കവേ
തമസ്സിന്റെ ഗർഭത്തിലടയിരിക്കാത്തൊരു
അക്ഷരപ്പന്തങ്ങളരണിയിൽ കടഞ്ഞൊരു
നേരിന്റെ തൂലികപ്പടയണി കൂട്ടരെ
ആക്ഷേപമരുളുവാൻ ഇവരെന്ത് യോഗ്യൻ
ആധർമ്മപരിപാലനത്തിന്റെ മൂഢർ !

# ഇടം വലം കാലുകൾ

നമിതാ ഗോപിനാഥ്
9048802411

നമ്മുടെ പോലീസും, പട്ടാളവുമൊക്കെ ലെഫ്റ്റ്, റൈറ്റ് പറഞ്ഞ് കൊണ്ടാണ് മുന്നേറുക. അത് പലപ്പോഴും ശത്രുസംഹാരത്തിനുമായിരിക്കും. എന്നാൽ കേരളീയരുടെ മാത്രമല്ല ഭാരതീയരുടെ ആകമാനമുള്ള എല്ലാ ശുഭകർമ്മങ്ങളിലും 'വലതുകാൽ എടുത്ത് വെച്ച് വാ വാ' എന്നാണല്ലോ പാടിപ്പുകഴ്ത്തുക പതിവ്.

വിവാഹാനന്തരം വധു വലതുകാൽ എടുത്തുവെച്ചാണ് വരന്റെ പടികടന്നുവരുക. വിളക്കും പൂവുമായി ആ വധുവിന്റെ മാതാവോ, സഹോദരിമാരോ പൂവിട്ട് പൂജിച്ചാണ് വരവേൽക്കുന്നത്.

ശത്രു സംഹാരത്തിന് ഇടത്തുകാൽ മുന്നോട്ടുവെച്ച് മുന്നേറുന്നത് പോലെയാണ്. ശുഭ കർമ്മങ്ങൾക്കായിട്ടുള്ള ഈ വലതുകാൽ ആദ്യമായി അടിവെച്ചുള്ള എഴുന്നള്ളത്ത്.

ആദ്യമായി ഈ രഹസ്യം ഭാരതീയരെ ഉണർത്തിയത് ഹനുമാനാണ്. ഹനുമാൻ സീതാന്വേഷണത്തിനായി ലങ്കയിൽ കാലെടുത്തുവെച്ചത് ഇടതുകാലുവെച്ചുകൊണ്ടാണ്. വിചാരിച്ച കാര്യവും ഹനുമാൻ നിഷ്പ്രയാസം സാധിച്ചു എന്നത് പുരാണം.

# ജൈവ കൃഷി രീതികൾ

ബാലകൃഷ്ണ മേനോൻ
9447838491

ഭാഗം - 4

**ലോ**കത്തെ ആദ്യം ഞെട്ടിച്ച പ്രകൃതിയോടുള്ള നമ്മുടെ വഴിവിട്ട കളി ആദ്യം വ്യക്തമാക്കിയ പുസ്തകമാണ് Rachel Carson ന്റെ Silent Spring. ഡി.ഡി.ടി. മുതലായ അതീവ വിഷമുള്ള കീടനാശിനികൾ അമേരിക്കയിൽ വരുത്തുന്ന വിപത്തുകളെയാണ് കാർസൺ ഈ പുസ്തകത്തിലൂടെ വെളിപ്പെടുത്തുന്നത്. Bio-magnification എന്ന പ്രതിഭാസം ആദ്യമായി ജനം അറിയുന്നതും ഈ പുസ്തകത്തിലൂടെയാണ്.

Bio-magnification is the buildup of certain substances such as DDT is the bodies of organisms at higher tropic levels of food web. Organisms at lower level accumulate small amounts organisms and at the next higher level higher organisms accumulate larger amounts and across the food web the toxicity level rises.

At the highest trophic levels the increased concentration in tissues becomes toxic for the organisms.

തുടർന്ന് അമേരിക്ക ഉൾപ്പെടെയുള്ള വികസിത രാജ്യങ്ങൾ ഡി.ഡി.ടി. തുടങ്ങിയ കീടനാശിനികൾ നിരോധിക്കുകയും ഇ. പി. എ. യ്ക്ക് തുടക്കം കുറിയ്ക്കുകയും ചെയ്തു. (EPA - US Environment Protection Agency).

Rachel Carson, Masanobu Fukuoka, Tompkins and Bird, Winin Periera തുടങ്ങിയവർ തുടർന്നു ജൈവകൃഷി രീതികൾക്ക് അവരുടെ പുസ്തകങ്ങളിലൂടെ ആഹ്വാനം നൽകി.

Siddharth Mukharjee യുടെ Emperor of Ali Maladies 2011 ൽ Pulitzer സമ്മാനം നേടുമ്പോൾ കാൻസറും കീടനാശിനികളും തമ്മിലുള്ള ബന്ധം വ്യക്തമായി. കേരളത്തിൽ എൻഡോസൾഫാൻ ദുരിതം കാൻസർ മാത്രമല്ല Nervous System തുടങ്ങി മനുഷ്യന്റെ എല്ലാ അവയവങ്ങളേയും കീടനാശിനി പരാജയപ്പെടുത്തുന്നത് നാം കണ്ടു. അതിനുമുമ്പേ ഭോപ്പാൽ വിഷവാതക ദുരന്തം ഇന്ത്യയെ ഞെട്ടിപ്പിച്ച Sevin എന്ന കീടനാശിനിയുണ്ടാക്കുന്നതിന്റെ ഭാഗമായുള്ള വാതക ചോർച്ചയാണ് ദുരന്തത്തിന് കാരണമായത്.

തിരിഞ്ഞുനോക്കുമ്പോൾ ഏറ്റവും പരമ്പരാഗതവും ശക്തവുമായ സുസ്ഥിര കൃഷിരീതികൾ അവലംബിച്ച ഇന്ത്യ ഹരിത വിപ്ലവത്തിന് വഴിമാറി കൊടുക്കുകയും പുതിയ രാസവളങ്ങളും കീടനാശിനികളും നാട്ടിൽ ധാരാളമായി ലഭ്യമാക്കിയതും ഉപഭോഗം വർദ്ധിക്കാനും കാരണമായി.

കൃഷിക്കാർ അവരുടെ എല്ലാ പ്രശ്നങ്ങൾക്കും ഇവ ഉത്തരമായി കരുതുകയും അധികമായും തത്വദീക്ഷയില്ലാത്തവയും ഉപയോഗിക്കുക കാരണം മണ്ണിന്റെ ഫലസമൃദ്ധി കുറയുകയും കീടനാശിനികൾ സാമൂഹ്യപ്രശ്നങ്ങൾ സൃഷ്ടിച്ചു തുടങ്ങി. ഒരു മടക്കയാത്ര തന്നെ പോംവഴിയെന്ന Dabholka റും Suba sh Paleker ഉം പറഞ്ഞുതുടങ്ങി.

ലോകത്തിൽ ഒറ്റവൈയ്ക്കോൽ വിപ്ലവം എന്ന ഗ്രന്ഥമെഴുതിയ Masanobu Fukuoka പ്രകൃതി കൃഷി രീതികളെ കുറിച്ച് ആത്മീയത്തിലൂടെ പ്രചരിപ്പിച്ചു. കേരള സംസ്ഥാനത്ത് വർഷന്തോറും 50,000 പുതിയ ക്യാൻസർ രോഗികൾ ഏറുന്നു എന്ന ആരോഗ്യ വകുപ്പിന്റെ കണക്കുകൾ ഇടതു-വലതു സർക്കാരുകളെ ജൈവകൃഷിക്കു പ്രാധാന്യം കൊടുക്കാൻ സഹായകമായി.

കാർഷിക സർവ്വകലാശാലയിലും ഇതിനെ തുടർന്ന് മാറ്റങ്ങൾ വന്നു. പുതിയ ജൈവകൃഷി പാക്കേജ് രൂപപ്പെട്ടു. ജൈവ കൃഷിയിലൂന്നിയ ഗവേഷണങ്ങൾ പുരോഗമിച്ചു. 2017ൽ കേരളം സിക്കിമിനെ പോലെ ഒരു ജൈവസംസ്ഥാനമാവണം എന്നാണ് പുതിയ സംസ്ഥാന കാർഷിക നയം. അതിലേക്ക് നമുക്ക് ഏവർക്കും പരിശ്രമിക്കാം.

സംസ്ഥാന കൃഷി-വകുപ്പ് പുതിയ ജൈവകൃഷി പദ്ധതികൾ രൂപപ്പെടുത്തി. ജൈവഷോപ്പുകൾ, ജൈവകമ്പോളങ്ങൾ തുടങ്ങിയ പല പുതിയ പദ്ധതികൾ നിലവിൽ വന്നു. ജൈവകൃഷി രീതികളുടെ ശാസ്ത്രീയത കാർഷിക സർവ്വകലാശാല പഠിച്ചുതുടങ്ങി. അങ്ങനെ ഇന്നു നാം നോക്കുമ്പോൾ സംസ്ഥാനത്തെ പ്രമുഖ പാർട്ടികൾ പഞ്ചായത്തുകൾ, സഹകരണ ബാങ്കുകൾ എല്ലാം ജൈവകൃഷി അത് പച്ചക്കറിയായാലും, നെൽകൃഷിയായാലും പുതിയ പദ്ധതികൾക്ക് തുടക്കമിട്ടു പ്രചരിപ്പിച്ചു.

ജനങ്ങൾക്ക് ജൈവ ഉൽപ്പന്നങ്ങളോടു മമത ഏറി തുടങ്ങി. ഇതിനിടയിൽ പച്ചക്കറിയിലെ ഗ്രോബാഗ് വിപ്ലവം വീട്ടുവളപ്പിലും ടെറസ്സിലും ജൈവകൃഷിയ്ക്ക് വൻ പ്രചരണം കിട്ടി. കേന്ദ്രത്തിലും പുതിയ സർക്കാർ പദ്ധതികൾക്കു രൂപം നൽകി. ഇവ കാരണം ജൈവ കൃഷിയ്ക്ക് പുതിയ ഉണർവ്വ് ലഭിക്കുകയും ചെയ്തു എന്നത് വാസ്തവമത്രെ.

# വെധവ സ്റ്റുഡന്റ്

**കെ. വിജയകുമാരൻ**
**9448312631, 9444540631**

**സ**ത്യനാരായണ മൂർത്തിയെന്ന എസ്. എൻ. മൂർത്തി സ്കൂൾ അദ്ധ്യാപകനായിരുന്നു. വളരെ കഷ്ടപ്പെട്ട് ഹിന്ദിപ്രചാരസഭയുടെ പരീക്ഷകൾ പാസ്സായി പത്തൊമ്പതാമത്തെ വയസ്സിൽ സ്ഥലത്തെ സ്കൂളിൽ ജോലി സമ്പാദിച്ച് നീണ്ട നാൽപ്പതുകൊല്ലത്തെ സേവനാനന്തരം അടുത്തൂൺ പറ്റിക്കഴിയുന്ന 'മേഷ്ടർഗാരു' ഒരു അസുലഭ കഥാപാത്രമാണ്. ഹിന്ദിക്കുപുറമേ കണക്കിലും തെലുഗിലും അദ്ദേഹത്തിന് പ്രാവീണ്യമുണ്ടായിരുന്നു. സ്കൂളിലെ സ്പോർട്സും, സ്കൗട്ടും, സാഹിത്യ സമാജവും എല്ലാം മേഷ്ടർഗാരുടെ അഭാവത്തിൽ നടക്കില്ലെന്ന സ്ഥിതിയിലായിരുന്നു.

കുട്ടികളുടെ അച്ചടക്കത്തിൽ മാതാപിതാക്കളേക്കാൾ അദ്ദേഹം ശ്രദ്ധാലുവായിരുന്നു. കയ്യിൽ ഒരു ചെറിയ ചൂരൽ എന്നും അദ്ദേഹം കരുതിയിരുന്നു. നടന്നുപോകുമ്പോൾ വഴിവക്കിൽ കുറുമ്പു കാട്ടുന്ന പിള്ളേരെ വിരട്ടുന്നത് അദ്ദേഹത്തിന്റെ സ്ഥിരം ജോലിയാണ്. ചില അമ്മമാർ "മൂർത്തി മേഷ്ടർഗാരുത്തോ ചെപ്പുത്താനു"[1] എന്നു ഭീഷണിയിലൂടെ പിള്ളേരുടെ കുറുമ്പടക്കുന്നത് പതിവായിരുന്നു. ഇതിനുംപുറമേ പിള്ളേരുടെ തന്തമാരേവരെ അച്ചടക്കലംഘനത്തിന് അദ്ദേഹം വിചാരണ ചെയ്യാറുണ്ട്. "മീരിലാ വെധവപ്പണി ചേസ്തേ മീ അബ്ബായി മീക്കന്നാ മൊട്ടി വെധവല്ലാ തയാറാവുത്താരു തെലുസാ?"[2] എന്ന ചോദ്യം കൊണ്ട് അദ്ദേഹം അവരെ മലർത്തിയടിക്കും.

ഏതാണ്ട് ഒരുലക്ഷത്തോളം വരുന്ന ശിഷ്യരിൽ അദ്ദേഹത്തിന് ആരോടും പ്രത്യേക മമതയോ അതൃപ്തിയോ ഉണ്ടായിരുന്നില്ല. ഉള്ളവനും ഇല്ലാത്തവനും ബ്രാഹ്മണനും ശൂദ്രനും മന്ദബുദ്ധികളും ബുദ്ധിരാക്ഷസരും എല്ലാവരും തുല്ല്യർ. അദ്ദേഹം ആരിൽനിന്നും ഒരു പാരിതോഷികവും മേടിക്കാറില്ല. ചില കുട്ടികളെ ആരുമറിയാതെ സഹായിക്കുകയും ചെയ്യും. തന്റെ മക്കളേയും താൻ പഠിപ്പിക്കുന്ന സ്കൂളിൽത്തന്നെ പഠിപ്പിച്ചു, യാതൊരു പ്രത്യേക പരിഗണനയുമില്ലാതെ.

ഒരുതവണ മികച്ച അദ്ധ്യാപകനുള്ള അവാർഡ് കിട്ടിയപ്പോൾ തനിക്കുവേണ്ടി ഹെഡ്മാസ്റ്ററോട് ആ സമ്മാനം മേടിക്കാനപേക്ഷിച്ചു അദ്ദേഹം. "മൂഡു രോജുൽലു ഈ വെധവൽനി അലാഒദിലേസ്തേ ഈ സംവത്സരം ചേസിന പണിലന്നി വ്യർത്ഥമാവുത്തദി"[3] എന്നായിരുന്നു അദ്ദേഹത്തിന്റെ വാദം. അവാർഡൊന്നും അദ്ദേഹത്തിൽ ഒരു മാറ്റവും ഉണ്ടാക്കിയില്ല. താൻ ചെയ്യുന്നതൊക്കെയും തന്റെ കർത്തവ്യമായി അദ്ദേഹം കണക്കാക്കി.

സീനിയോറിട്ടി പ്രകാരം അദ്ദേഹത്തിന് ഹെഡ്മാസ്റ്റർ സ്ഥാനത്തേക്ക് പ്രൊമോഷൻ കിട്ടുമെന്നായപ്പോൾ അദ്ദേഹം തനിക്കത് വേണ്ട എന്ന് മേലാവിലേക്ക് എഴുതി. "ആ വെധവ കുർച്ചീലോ കൂർച്ചുണ്ടേ പില്ലല സംഗതി എവരു ചൂസ്താരു?"[4] എന്നായിരുന്നു അദ്ദേഹത്തിന്റെ ചോദ്യം. പകരം നിയമിച്ച എച്ച്. എം. മൂർത്തി മേഷ്ടർഗാരെന്ന വിസ്മയത്തെ ഒരു ദേവസമാനനായി കണ്ടു. അദ്ദേഹത്തിന്റെ അഭിപ്രായമാരായാതെ ഒരു കാര്യവും ചെയ്യില്ലെന്നായി.

അങ്ങിനെ നീണ്ട നാൽപ്പത് കൊല്ലത്തിനുശേഷം റിട്ടയറായ അദ്ദേഹം പൂർണ്ണ ആരോഗ്യവാനായിരുന്നു. രാവിലെ നേരത്തെ പറമ്പിലിറങ്ങി കുറേ നേരം അദ്ധ്വാനിക്കും. അതുകഴിഞ്ഞ്, കുളി, പ്രാതൽ, പത്രം വായന എന്നിവ കഴിയുമ്പോൾ ഒമ്പതുമണിയാകും. പിന്നീട് അങ്ങാടിയിലേക്ക് തന്റെ സഞ്ചിയുമായി പോവുകയായി. തന്റെ പറമ്പിൽ ഇല്ലാത്ത ചില പച്ചക്കറികളും, പലവ്യഞ്ജനുവുമായി ഒരു പത്തരയോടെ തിരിച്ചെത്തും. ഒരു മണി വരെ വായന. അതുകഴിഞ്ഞ് ഊണ്, അല്പം ഉറക്കം, നാലുമണിക്ക് കാപ്പി, ആറുമണിവരെ കുട്ടികൾക്ക് ട്യൂഷൻ അല്ലെങ്കിൽ പറമ്പിൽ അല്പം നന, ഏഴുമണിക്ക് അത്താഴം, ഒമ്പതുമണിക്ക് നിദ്ര എന്നിങ്ങനെ പോകുന്നു ദിനചര്യ. കഴിഞ്ഞ പത്തുവർഷമായി വലിയ മാറ്റമൊന്നുമില്ലാതെ ഇത് തുടരുന്നു.

അന്നൊരുനാൾ അങ്ങാടിയിൽ നിന്നും സഞ്ചിയുമായി വീട്ടിലേക്ക് നടന്നുവരവേ ഒരു "വിളക്കുവച്ച" കാർ അദ്ദേഹത്തിന് സമീപം വന്നുനിന്നു. അതിൽനിന്നും സുമുഖനായ ഒരു ചെറുപ്പക്കാരൻ ഇറങ്ങി മേഷ്ടർഗാരെ വണങ്ങി നിന്നു.

"എവരയ്യ ബാബു മീരു?"[5] സാർ കൗതുകത്തോടെ ആരാഞ്ഞു.

"സാർ നേനു മീ സ്റ്റുഡന്റിനി"[6]

"ഈ ഊള്ളോ ഉണ്ണ വെധവലന്തരും നാ സ്റ്റുഡന്റേനയ്യാ ! അവുനൂ, ഏപ്പനി ചേസ്തുന്നാരു?"[7]

"ജില്ലാ കലക്ടർഗാ പോയിന നെലലോ ജോയിനായാനു സാർ."[8]

"ചാലാ മഞ്ചിദി, ഇണ്ഡ്ലോ അന്തരും സൗഖ്യംഗാ ഉണ്ണാരാ?"[9]

"അന്ത മീ ആശിശുവല്ല ഭാഗനേ ഉണ്ണാരു സാർ"[10]

"സരി സരി വെധപ്പനിലേമി ചെയ്യക്കുണ്ഡാ ചക്കഗാ ഉദ്യോഗം ചെയ്യണ്ടി."[11]

"അലാഗെ സാർ !"[12]

മേഷ്ടർഗാരു വലിയ വികാരപ്രകടനമൊന്നുമില്ലാതെ നടത്തം തുടർന്നു. കളക്ടറദ്ദേഹം ആ

അസാമാന്യ വ്യക്തിത്വത്തെ കുറേ നേരം നോക്കിനിന്നു. ആ അധ്യാപകന്റെ കാഴ്ചപ്പാടിൽ തന്റെ വിദ്യാർത്ഥികൾ എല്ലാവരും തഞ്ചം കിട്ടിയാൽ കുറുമ്പുകാട്ടാൻ കഴിവുള്ള മണ്ടൻ കുട്ടികളാണ്. കള്ളത്തരം കൈമുതലായുള്ള രാഷ്ട്രീയനേതാക്കളുടെ സമ്മർദ്ദം ഏറ്റവും കൂടുതൽ അനുഭവപ്പെടാറുള്ള തന്റെ ജോലിയെപ്പറ്റി അദ്ദേഹം നന്നായി മനസ്സിലാക്കിയിട്ടുണ്ടെന്നുവേണം കരുതാൻ. താൻ കളക്ടറു ജോലിയിൽ മണ്ടത്തരമൊന്നും കാട്ടാതെ നന്നായി ഉദ്യോഗം ചെയ്യണമെന്ന മേഷ്ടർഗാരുടെ ഉപദേശം മനസ്സിൽ വീണ്ടുമെഴുതിയിട്ടുകൊണ്ട് കളക്ടറദ്ദേഹം കാറിൽ കയറി.

***കുറിപ്പുകൾ***

1. ദേയ് ഞാൻ മൂർത്തിമാഷിനോട് പറഞ്ഞുകൊട്ക്കൺണ്ട്.
2. അദേയ് ങള് ഇമ്മാതിരി മണ്ടത്തരം കാട്ടിയാൽ ങടെ പുത്രൻ ഇതിലും ബല്യ തിരുമണ്ടത്തരം കാട്ടുംന്ന് അറിയാമോ ?
3. മൂന്നു ദിവസം ഈ മണ്ടന്മാരെ അങ്ങനങ്ങ് വിട്ടേച്ചു പോയാൽ ഈ വർഷം ചെയ്ത പണി മുഴുവനും വ്യർത്ഥമാവും.
4. ആ മണ്ടൻ കസേരയിൽ ഇരുന്നാലേ ഈ പിള്ളേര്ടെ കാര്യം ആരു ഗൗനിക്കും?
5. ആരാണപ്പാ ങള്
6. സാർ ഞാൻ താങ്കളുടെ സ്റ്റുഡന്റാണ്
7. ഈ ഊരിലുള്ള സകല മണ്ടന്മാരും എന്റെ സ്റ്റുഡന്റാണപ്പാ ! അതിരിക്കട്ടെ എന്തു പണി ചെയ്യുന്നു?
8. ജില്ലാ കളക്ടറായി കഴിഞ്ഞ മാസം ജോയിൻ ചെയ്തുസാർ.
9. വളരെ നല്ല കാര്യം. വീട്ടിൽ എല്ലാവരും സൗഖ്യമല്ലേ ?
10. എല്ലാം താങ്കളുടെ അനുഗ്രഹം കൊണ്ട് നന്നായിരിക്കുന്നു സാർ.
11. ശരി ശരി മണ്ടത്തരമൊന്നും കാട്ടാണ്ട് നന്നായി ഉദ്യോഗം ചെയ്യാ ട്ടോ ?
12. അങ്ങിനെയാകട്ടെ സാർ.




# അടങ്ങാത്ത ദാഹം

മംഗളൻ തൈക്കൽ
9895503427



ഉഷസ്സുണരുന്നതിൻ മുൻപേ, എന്നമ്മ
ഒഴുകുന്നൊരോരുവെള്ളത്തിൽ പണ്ട്
തലതാഴ്ത്തി ചെളിയിട്ടുമൂടിയ, തെങ്ങിന്റെ
അഴുകിയതിരു ജഡകളുയർത്താൻ
കരിനീലനിറമുള്ള വെള്ളത്തിലൊഴുകുന്ന
അഴുകിയ ചേരയും പുഴുവാർന്ന എലികളും
കൊതുകുകൂത്താടിയും ചീഞ്ഞ മത്സ്യങ്ങളും
ഒഴുകുന്ന വെള്ളത്തിൻ മീതെയുയർത്തിയ
ശുചിമുറിയിൽ മനുഷ്യൻ വിസർജ്ജിച്ച മാലിന്യ-
മെല്ലാമൊഴുകി അടുത്തെത്തവെ, മെല്ലെ,
കണ്ടിട്ടും കാണാതെ കൈ കൊണ്ട് വെള്ളത്തെ
തള്ളിയകറ്റിയൊഴുക്കിവിട്ടും പിന്നെ
കാലാൽ ചികഞ്ഞെടുക്കും ചീഞ്ഞ തൊണ്ടിനെ
കയ്യാൽ കഴുകി കരയെടുക്കും എന്റെ അമ്മ തൻ
കഷ്ടതകളെത്ര ഞാനോർക്കുന്നു.
അവതല്ലിവേർതിരിക്കും ചകിരിനാരുകൾ
ഒരുമിച്ചുചേർത്തെടുക്കും തങ്കനിറമുള്ള
കയറിന്റെ പിണികളെണ്ണിച്ചേർത്തു കൂട്ടമായ്
വട്ടിതൻ തട്ടിൽ അടുക്കിവയ്യുൻപോട്
കുട്ടിയെപ്പോലെ എളിയിലേറ്റിക്കൊണ്ട്.
ചക്കരേം തേയിലേം വാട്ടുകപ്പേം അരി-
ഉപ്പും മുളകുള്ളി തേങ്ങാപ്പൂളൊക്കെയും
വാങ്ങുവാനായ്ക്കൊണ്ട് പീടികത്തിണ്ണത-
ന്നോരത്തുനിൽക്കുന്നരെന്നമ്മയെ കാൺമൂ ഞാൻ.
അടുപ്പിൽ കലത്തിൽ തിളക്കും യവാഗുവും
അരുകിൽ തിളക്കും വയറുമായ് മൂന്നാലു-
പാത്രങ്ങൾ ചുറ്റും നിരത്തിയതിൻ പിന്നിൽ
അമ്മയെ നോക്കിയടുപ്പിനെ നോക്കിയിരിക്കുന്ന
മക്കൾ തൻ മുന്നിൽ വിഷണ്ണയായ്
മക്കളെ നോക്കുന്നൊരമ്മയെ കാൺമൂ ഞാൻ.
വറ്റുകൾ ഊറ്റി തൻ മക്കളെയൂട്ടീട്ട്
വറ്റില്ലാവെള്ളം കുടിച്ചുനിറച്ചിട്ട്
ചകിരികൊണ്ടിഴനൂറ്റി കയറാക്കിമാറ്റുവാൻ
ഇറങ്ങിപ്പുറപ്പെടുന്നമ്മയെ കാൺമൂ ഞാൻ.
ഇന്നെന്റെയുമ്മറക്കോലായിലൊരുകോണിൽ
ചുക്കിച്ചുളിഞ്ഞസ്ഥികോലമായ്, വിദൂരതയിൽ
എന്നെയും നോക്കിയിരിക്കുന്നൊരമ്മതൻ
കൺകളിൽ കണ്ടു ഞാൻ
പിന്നെയും തീരാത്ത ദാഹം.
തടിയും വടിയും മടലും ചകിരിയും
കയറുമെടുത്തിട്ട്
കടയിൽ കയറിട്ട് അരി വാങ്ങി വയ്ക്കുവാൻ
മക്കളെയൂട്ടുവാൻ ഉള്ളിൽ ഒടുങ്ങാത്ത ദാഹം
എന്നമ്മതൻ കണ്ണിൽ അടങ്ങാത്ത ദാഹം.

# തരൂര് കഴുക്കുന്ന്



**ചൂലനൂർ രാമചന്ദ്രൻ**
**9745675439**

"**അ**പ്പുണ്ണ്യേ... ന്റെ കുട്ടി... തരൂര് കഴുക്കുന്ന് കയറുമ്പോഴും ഇറങ്ങുമ്പോഴും നീ നല്ലോണം സൂക്ഷിക്കണം ട്ടോ !" നാരായണിയമ്മ പേരമകൻ അപ്പുവിന് പഴങ്കഥ പറഞ്ഞുകൊടുത്ത് ഉറക്കുന്നതിനിടയിൽ ഗംഭീരമായൊരു താക്കീത് നൽകി. അവനെ ഒന്നുകൂടി തന്റെ മാറോട് ചേർത്തവർ പിടിച്ചൂട്ടി.

"മുത്ത്യേ...അതെന്താ... ഈ കഴുക്കുന്നിനെ അങ്ങനെ വിളിക്കാൻ കാരണം? കഴുകൻ എന്നും വേട്ടക്കാരനാണല്ലോ. ചത്തതിനേം ചാവാറായതിനേം കൊത്തിക്കീറി തിന്നുന്നവൻ. ഈയിടെ പത്രത്തില് ഒരു എല്ലും തോലുമായ കുട്ട്യേ ജീവനോടെ കൊത്തിത്തിന്നാൻ കണ്ണുനട്ടിരിക്കുന്ന കഴുകന്റെ ചിത്രം കണ്ടു. അത് കണ്ടതിനുശേഷം എനിക്ക് കഴുകനെ കാണുന്നതേ അറപ്പാണ്, അതിലേറെ ഭയവുമാണ്." അപ്പുണ്ണി അമ്മൂമ്മയോട് ഒന്നുകൂടി ചേർന്നുകിടന്നു.

"അതാണോ മോനെ കാര്യം. കഴുമരക്കുന്ന് എന്ന് പറഞ്ഞു പറഞ്ഞ് ആ കുന്നിന്റെ പേര് കഴുക്കുന്നായി. തരൂര് രാജസ്വരൂപം പണ്ടുകാലത്ത് ആളുകളെ തൂക്കിക്കൊല്ലാൻ ഉപയോഗിച്ച കുന്നാണ് കഴുമരക്കുന്ന്. അതോണ്ട് ആ വഴി നടക്കുമ്പോൾ വീഴുകയോ ഭയക്കുകയോ ചെയ്താൽ സംഗതി പിശകായി, ബാധയായി. വെള്ളം കിട്ടാതെ തൂങ്ങിപ്പിടഞ്ഞ് ചത്തോർക്ക് ഗതിയെന്താ ? പണ്ടൊന്നും അതുവഴി ആരും നടക്കാറില്ല. പിന്നെയിപ്പം ബസ്സും ലോറീം കാറും ഓടാൻ തുടങ്ങിയപ്പോൾ മാത്രം മനുഷ്യര് നടന്നുതുടങ്ങി. റോഡായപ്പോൾ വഴി വിളക്കുമായല്ലോ, ന്നാലും നാം സൂക്ഷിക്കേണ്ടത് സൂക്ഷിക്കണം." നാരായണിയമ്മ ചെറിയൊരു വിശദീകരണം കൊടുത്തു.

"അല്ലെന്റെ മുത്തി, ഈ തരൂരുള്ളൊർ രാജാക്കന്മാരാണോ? അതിന്റെ അടയാളമൊന്നും അവരെ കാണുമ്പോ തോന്നുന്നില്ലല്ലോ?" അപ്പുണ്ണി വീണ്ടും എടുത്തു ചോദിച്ചു.

"ഈ വർമ്മമാരും അച്ചന്മാരും മേനോൻമാരും രാജാക്കന്മാരാണോ ?"

"ഈ തരൂര് രാജാക്കന്മാര് പാലക്കാട്ടുശ്ശേരി രാജവംശം തന്നെയാണ്. പണ്ടുപണ്ട്, മൈസൂർ പുലിയെ പേടിച്ച് പാലക്കാട്ടുശ്ശേരിയിൽ നിന്ന് ചില കുടുംബങ്ങൾ തരൂർക്ക് താമസം മാറ്റി. ഇവിടെ തെക്കുവശത്ത് ഗായത്രിപ്പുഴ പുറമെ നാലുവശങ്ങളിലും വമ്പൻ കാടുകളും മലകളും. കാപ്പിക്കുന്ന്, ചമ്മിണിക്കുന്ന്, വള്ളിയൻ കുന്ന്, കാരമല, മാട്ടുമല, മയിലാടുപാറ, അങ്ങനെ ഒരു പിടി കുന്നുകളുടെ മറ... പടയോട്ടങ്ങൾക്ക് ഒരു തടസ്സം തന്നെയല്ലേ...?" നാരായണിയമ്മ ഭൂമിശാസ്ത്രവും യുദ്ധ മുറകളിലേക്കും തെല്ലുവെളിച്ചം വീശി.

"ന്നാലും ന്റെ മുത്ത്യേ... ഈ ആളുകളെ തൂക്കിക്കൊല്ലുക എന്നു പറയുന്നത് ഒത്തിരി കടുപ്പം തന്നെയല്ലേ. നമുക്ക് ചത്തോർക്ക് വീണ്ടും ജീവനുണ്ടാക്കിക്കൊടുക്കാൻ പറ്റ്വോ...?" അപ്പുവിന്റെ ഉള്ളിൽ അവിശ്വാസവും ജിജ്ഞാസയും നിറഞ്ഞു.


"ശരിയല്ലാത്ത തെറ്റു ചെയ്യു ന്നവർക്ക് ഏതുകാലത്തും ശിക്ഷ ആവശ്യമാണ്. പൊന്നും സൂചിയാ ണെങ്കിലും കണ്ണിൽ കുത്ത്യാൽ ക ണ്ണുപൊട്ടും. മനുഷ്യൻ ഒരു കണ ക്കിൽ ജന്തു തന്നെയാണ്. എഴുതാനും വായിക്കാനും അവനവനു തിന്നാനുള്ളത് പണിത് ഉണ്ടാക്കാനും തുടങ്ങിയപ്പോൾ ചില മാറ്റങ്ങളുണ്ടായി. കാറ്റും മഴയും വേനലും കടന്നുപോകുമ്പോളുണ്ടാകുന്ന മാറ്റങ്ങൾ പോലെ. ചില സംസ്കാരങ്ങൾ മനസ്സിൽ നിറം പിടിച്ചു; ചുറ്റും ഇടം പിടിച്ചു." മുത്ത്യമ്മ പേരനെ ഒന്നുകൂടി പിടിച്ചൂട്ടി. ചെക്കൻ ഇനി രാത്രി അതുമിതും ചിന്തിച്ച് പേടിച്ച് നിലവിളിക്കുമോ ആവോ ?

"ന്റെ അപ്പുവേ പണ്ട് പണ്ട് ഈ രാജ്യങ്ങളൊക്കെ ഓരോരോ രാജാക്കന്മാരാണ് ഭരിച്ചിരുന്നത്. പിന്നെ അവരെയൊക്കെ മെരട്ടി ചൊട്ടു ചെപ്പടി വിദ്യകൾ കൊണ്ട് വെള്ളക്കാര് ഇവിടം ഭരിച്ചുതുടങ്ങി. രാജഭരണകാലത്ത് രാജാക്കന്മാരൊക്കെ മഞ്ചലിലാ സഞ്ചരിക്കാറ്. കൊത്തുപണിയും കൊടിക്കൂറയും മിന്നുന്ന തുണി അലങ്കാരങ്ങളുമുള്ള മഞ്ചലില്. ആ മഞ്ചല് നാലാളുകൾ ചുമക്കും. ചുമട്ടുകാരുടെ മുന്നിലും പിന്നിലുമായി വാളും പരിചയും കുന്തവുമായി പടയാളികളും ഉണ്ടാകും.

ചുമട്ടുകാരുടെ ഹേ... ഹു... ഹോയ് ശബ്ദം കേട്ടാൽ പ്രജകൾ ഒതുങ്ങി പത്തടി മാറിനിൽക്കണം. കാലിലിട്ടിട്ടുള്ള ചെരുപ്പ് ഊരണം; തലേക്കെട്ട് അഴിച്ച് കക്ഷത്ത് വയ്ക്കണം. ഇടത്തുകൈ വയറിനോട് ചേർത്ത് മടക്കി വയ്ക്കണം, വലതുകൈ കൊണ്ട് വായ് പൊത്തണം ഹോ... ന്റെ അപ്പുണ്ണ്യേ ഈ പഴയകാലത്തെ ഓരോ ആചാരങ്ങളേ. ചിന്തിച്ചാൽ നമ്മൾ മനുഷ്യരായിരുന്നോ എന്ന് സംശയം തോന്നും. എന്നാലും ഒരു മെച്ചമുണ്ടായി. നമ്മുടെ ഗാന്ധിമുത്തന്റെ വരവും കേശവമേനോന്റെ സമരവും ഓ അങ്ങനെ അങ്ങാടിയിലും

അമ്പലത്തിലും മനുഷ്യർക്ക് കടക്കാമെന്നായി. നമ്മുടെ നാട് എല്ലാർക്കും സ്വന്തമായി.'' നാരായണിയമ്മ നെടുതായൊന്ന് ശ്വാസം വിട്ടു.

മുത്തിയമ്മയുടെ ആശ്വാസം അപ്പുവിന് ശക്തി പകർന്നു. ''ഇങ്ങനെയൊക്കെ നോക്കുമ്പോ... മുത്ത്യേ നമ്മുടെ രാജ്യം ഒരുപാട് മുന്നേറില്ലേ ? നമുക്ക് നമ്മളെ ഭരിക്കാം. വേണ്ടോരെ തെരഞ്ഞെടുക്കാം. ഇഷ്ടമുള്ളോരെ മന്ത്രിയാക്കാം.'' അപ്പുവിന്റെ കണ്ണുകൾ ഇരുളിലെ മിന്നാമിന്നികൾ പോലെ പ്രകാശം ചൊരിഞ്ഞു.



■ കഥകൾ

സുരേഷ് തെക്കീട്ടിൽ
9446330957

## പ്രണയം

പ്രണയമോ...ഉണ്ടായിരുന്നോന്നോ... ഉം അതൊക്കെ ഒരുകാലം. വലിയ വലിയ തറവാടുകളിലെ നല്ല വിദ്യാഭ്യാസവും ജോലിയും, സൗന്ദര്യവുമൊക്കെയുള്ള എത്രയെത്ര പെൺകുട്ടികളെ ഞാൻ പ്രണയിച്ചിട്ടുണ്ടെന്നോ. അന്ന് ഞാൻ ഇതുപോലൊന്നുമല്ല കേട്ടോ, നല്ല ഗ്ളാമറായിരുന്നില്ലേ, ആരു കണ്ടാലും ഒന്നു നോക്കും. പിന്നെ എന്നെ ഇഷ്ടമല്ലാന്നോ വേണ്ടാ എന്നോ ഒരു പെൺകുട്ടിയും ഒരു വട്ടംപോലും പറഞ്ഞിട്ടില്ല. അതാണതിൽ പ്രധാനമായി പറയേണ്ട ഒരു കാര്യം. മാത്രമല്ല ഇതിലൊന്നു പോലും നാട്ടിൽ പാട്ടായി നാറ്റക്കേസാവുകയോ, വീട്ടുകാരറിഞ്ഞ് പ്രശ്നങ്ങളാവുകയോ ഒന്നുമുണ്ടായിട്ടില്ല. എന്തിന് ഇതുവരെ ആ പെൺകുട്ടികൾ പോലും അറിഞ്ഞിട്ടില്ല.


## വിമർശകൻ

സഹിയ്ക്കാനാകാത്ത ദുഷിച്ച ഗന്ധം നിറഞ്ഞ ചെളിക്കുണ്ടിലാണ് അയാൾ കിടന്നിരുന്നത്. അപ്പോഴും അയാൾ തന്റെ മൂക്ക് ഉയർത്തി പിടിച്ചു. പുറമെ നിന്ന് ഏതെങ്കിലും തരത്തിലുള്ള ചെറിയ ദുർഗന്ധമെങ്കിലും വരുന്നുണ്ടെങ്കിൽ അത് പിടിച്ചെടുക്കുവാൻ. അത്തരം ഗന്ധങ്ങളെ ശക്തമായി വിമർശിക്കുവാൻ അയാൾ തന്റെ നാവ് മൂർച്ച കൂട്ടിയും വെച്ചു.

## കടക്കാരൻ

അച്ഛാ, ആ കടക്കാരൻ എന്നെ തടഞ്ഞു നിർത്തി ഒരുപാടു വഴക്കു പറഞ്ഞു. അച്ഛനെ നേരിട്ടു കാണണമെന്നും ഇന്നുതന്നെ ചെല്ലണമെന്നും, ചെന്നില്ലെങ്കിൽ അയാൾ ഇങ്ങോട്ടു വരുമെന്നും പറഞ്ഞു. മൂന്നാം ക്ളാസ്സുകാരൻ മകൻ സങ്കടത്തോടെ വന്നു പറഞ്ഞപ്പോൾ ഞാൻ അവനെ ചേർത്തു നിർത്തി നെറുകയിൽ തലോടി. പിന്നെ ശബ്ദം കുറച്ചു പറഞ്ഞു.

മോനെ അയാളല്ല അച്ഛനാണ് കടക്കാരൻ.



ഇന്ദുജൻ ഇന്ദീവരം
9567128513

# ഗാന്ധിജിയിലേക്കിനി എത്രദൂരം?

തലമുറയോരോന്നായ് ഓടിമറയുമ്പോൾ
ഗാന്ധിജിയിലേക്കിനി എത്രദൂരം ?
സ്നേഹം മനസ്സിൽ കടയറ്റുവീഴുമ്പോൾ
ഗാന്ധിജിയിലേക്കിനി എത്രദൂരം ?
സ്വന്തരക്തത്തെ തിരിച്ചറിയാതുള്ള
ദ്വന്ദ്വയുദ്ധങ്ങൾ പെരുകിടുമ്പോൾ
മേദിനികേഴുന്നു മായയായ്ത്തീരുന്ന
വാഴ്‌വിന്റെ ദീനവിലാപമോർത്ത്
ജനതതൻ മാംസം ഭുജിച്ചുജീവിക്കുന്ന
രാജ്യമായ്ത്തീർന്നല്ലോ എന്റെ രാജ്യം.
ഇരുകോടി കുഞ്ഞുങ്ങൾ ഒരുപിടിച്ചോറിനായ്
അലയുന്ന തെരുവാണിന്നെന്റെ രാജ്യം
ആരോ വിളിച്ച തൻപേരൊന്നെഴുതുവാ-
നാവാത്ത പതിതരാണിവിടെ കഷ്ടം !
സ്നേഹക്കതിർ വീശി ആലോലമാട്ടുന്ന
കാലം പുലരുവാനെത്രദൂരം ?
മാലോകരെല്ലാരുമൊന്നുപോലാകുന്ന
ലോകം വിടരുവാനെത്രദൂരം ?
വാക്കെന്ന കർമ്മേന്ദ്രിയത്തിന്റെ ദേവത
അഗ്നിസ്ഫുലിംഗമാണോർത്തുകൊള്ളൂ.
അന്യന്റെ ചിന്തയിൽ സുഗന്ധം വിതയ്ക്കുന്ന
കാലം അകലെയല്ലോർത്തുകൊള്ളു.
തലമുറയോരോന്നായ് ഓടിയൊളിക്കുമ്പോൾ
ഗാന്ധിജിയിലേക്കിനി എത്രദൂരം?
അനന്തകാലത്തിന്നവകാശികളായ
അടരാടിനിൽക്കുന്ന അടിമവർഗ്ഗം
അവരുടെ 'ദർശനം' സത്യമെന്നോതുവാൻ
കാമ്പുറ്റ വ്യഗ്രത നമുക്കുവേണം.
അവരിവിടെ നേരിട്ട ദുരിതങ്ങളൊക്കെയും
പരതിയാൽ കാണാം മുഴുത്ത സത്യം
നാരിയെ വിപണനവസ്തുവായ് തീർക്കുന്ന
പുരുഷനീതിയ്ക്കിന്നൊരറുതിവേണം
എന്നൊന്നുറക്കെ ഉരുവിട്ടുണർത്തുവാൻ
ഗൗരിലങ്കേഷുമാർ പുനർജനിക്കും
അന്നിവിടെ ഗാന്ധിജി പാകിയ സ്വപ്നങ്ങൾ
തിരയടിച്ചുയരുമീ ധന്യഭൂവിൽ !

# ചരിത്രം ആവർത്തിച്ച ഒന്നാം തീയതി കയറ്റം

ഡോ. ഒ. സി. പ്രമോദ്
9446071421

നാരങ്ങാനം എന്ന കൊച്ച് ഗ്രാമം, പരിഷ്ക്കാരം തൊട്ടുതീണ്ടാത്ത ഗ്രാമീണരുടെ അഭയ കേന്ദ്രമായിരുന്നു. ആചാരങ്ങളും അനുഷ്ഠാനങ്ങളും മാമൂലുകളും മുറുകെ പിടിച്ചിരുന്ന മലയാള നാട്ടിലെ അപൂർവ്വം പ്രദേശങ്ങളിലൊന്ന്. കഥ തുടങ്ങുന്നത് രണ്ട് ദശാബ്ദം മുമ്പാണെങ്കിലും, ആചാരാനുഷ്ഠാനങ്ങളിൽ വലിയ മാറ്റം വരാത്തത് അവിടുത്തെ നായർ തറവാടുകളിൽ ആയിരുന്നു. അതിൽ തന്നെ എടുത്തുപറയേണ്ടത് പാലോളിത്തറവാടായിരുന്നു. വിശ്വാസകാര്യങ്ങളിൽ അണുവിട തെറ്റാതെ ശ്രദ്ധിക്കുന്ന കാരണവസ്ത്രീയായ നാരായണിയമ്മയെ അറിയാത്തവരാരുമില്ലായിരുന്നു. പല നമ്പൂതിരിമാരുടേയും രാത്രികാല വിശ്രമകേന്ദ്രം കൂടിയായിരുന്നു പാലോളിത്തറവാട് ! സ്വന്തമായി ഒരു ക്ഷേത്രം പോലും ഈ തറവാടിനുണ്ടായിരുന്നു. പല കാരണങ്ങളാൽ, ക്ഷേത്രത്തിലെ കാര്യങ്ങൾക്ക് പൂർണ്ണശ്രദ്ധ കൊടുക്കാൻ കഴിയാത്തതുകൊണ്ട് ഈശ്വരകോപം ഉണ്ടാകുമോ എന്ന് ഭയന്ന് ക്ഷേത്രവും പരിസര പ്രദേശവും കരയോഗത്തിന് വിട്ട് നൽകിയ ഉദാരമതികളായിരുന്നു ഈ തറവാട്ടുകാർ. എന്നിരുന്നാലും ക്ഷേത്ര ഉത്സവം നടത്തുന്നത് പാലോളി തറവാട്ടുകാർ തന്നെ ആയിരുന്നു. ആ അവകാശം അവർ ആർക്കും വിട്ടുകൊടുക്കുവാൻ തയ്യാറല്ലായിരുന്നു.

എല്ലാ ക്ഷേത്രകാര്യങ്ങളും ചിട്ടയായി ചെയ്തുവരുന്നുണ്ടെങ്കിലും, ക്രമേണ തറവാടിന് ഉലച്ചിൽ തട്ടുന്നത് ഏവർക്കും മനസ്സിലാക്കാൻ സാധിക്കുമായിരുന്നു. പൂജകൾക്കും മന്ത്രങ്ങൾക്കും പ്രാർത്ഥനകൾക്കും ഹോമങ്ങൾക്കും മന്ത്രിച്ച് കെട്ടിയ ചരടിനും മറ്റും പാലോളിത്തറവാടിനെ ബാധിച്ച ഒഴിയാബാധ നീക്കാൻ സാധിച്ചില്ല. അങ്ങനെയിരിക്കെയാണ് ഒരു ദിവസം രാവിലെ കണ്ണൻ പുലയന്റെ മകൻ ആറ് വയസ്സുള്ള ബാലൻ അവരുടെ കുടിയിൽ വളർത്തുന്ന പൂച്ചക്കുട്ടിയെ ഓടിച്ച് തറവാടിന്റെ കോലായിൽ കയറിയത്. ചെറുമന്റെ മകൻ ഉമ്മറത്ത് കയറിയത് ഒറ്റക്കണ്ണാലെ നാരായണിയമ്മ കണ്ടുപിടിക്കുകയും, കണ്ണൻ പുലയനെ ആളിനെ വിട്ട് വിളിപ്പിക്കുകയും ചെയ്തു. ആ ദിവസം മലയാളമാസം ഒന്നാം തീയതി ആണെന്ന് കണ്ണൻ പുലയനോ എട്ടും പൊട്ടും അറിയാത്ത ബാലനോ അറിഞ്ഞുകൂടായിരുന്നു. അല്ലെങ്കിൽ തന്നെ ക്ഷീണം ബാധിച്ച തറവാട് ഇതുപോലെയുള്ള അശ്രീകരണങ്ങൾ കയറിയാൽ ഒന്നും തന്നെ ബാക്കിയുണ്ടാവില്ലെന്ന് നാരായണിയമ്മ വിലപിച്ചു. അരിശം മൂത്ത കണ്ണൻ പുലയൻ അത് തീർത്തത് ഭാര്യ കാളിയുടെ മുതുകത്തും ബാലന്റെ തുടയിലും ആയിരുന്നു. എന്തിനാണ് തല്ലിയതെന്ന് പോലും പാവം ബാലന് മനസ്സിലായിരുന്നില്ല. അല്ലെങ്കിലും ഏവരുടേയും ആട്ടും തുപ്പും ഏൽക്കാനാണല്ലോ തന്റെ സമുദായത്തിന് വിധിച്ചത് എന്ന് ഓർത്ത് കണ്ണൻ പുലയൻ കുണ്ഠിതപ്പെട്ടു. ഏതായാലും കുറച്ച് ദിവസം കഴിഞ്ഞപ്പോൾ കണ്ണൻ പുലയൻ ഇതെല്ലാം മറന്നു. ഇതെല്ലാം ഓർത്തുവെയ്ക്കാനാണെങ്കിൽ ചെറുപ്പം മുതലുള്ള ആയിരക്കണക്കിന് കയ്പ്പേറിയ സംഭവങ്ങൾ ഓർത്തുവയ്ക്കുന്നതിന് പ്രത്യേക സംവിധാനങ്ങൾ ഉണ്ടാകണമല്ലോ എന്ന് പുലയൻ ആരോടെന്നില്ലാതെ പറഞ്ഞു.

കുറേ നാളുകൾക്ക് ശേഷം നാരായണിയമ്മ കാര്യസ്ഥനെ വിട്ട് കണ്ണൻ പുലയനെ വിളിപ്പിക്കുകയുണ്ടായി. വീണ്ടും മറ്റെന്തെങ്കിലും സംഭവിച്ചോ എന്ന ഭയപ്പാടോടെ തറവാടിന്റെ പിറക് വശത്ത് പോയി നിന്ന പുലയനോട് വളരെ സന്തോഷത്തോടുകൂടിയാണ് നാരായണിയമ്മ സംസാരിച്ചത്. കഴിഞ്ഞ തവണ ഒന്നാം തീയതി കയറിവന്ന ബാലൻ കാരണം തറവാടിന് ഒരു തെളിമ വന്നുവത്രെ ! സാധാരണ കിട്ടുന്നതിനേക്കാൾ തേങ്ങ അധികം ലഭിച്ചുവെന്നും വളരെക്കാലമായി തീർപ്പാകാതിരുന്ന കോടതി കേസ്സുകൾക്ക് തറവാടിന് അനുകൂലമായി വിധി വന്നുവെന്നും, നാരായണിയമ്മയുടെ മകൾ പ്രസവിച്ചത് ഒരു ആൺകുട്ടിയെ ആണെന്നും സന്തോഷാശ്രു പൊഴിച്ചാണ് പറഞ്ഞത്. ഇത് പറഞ്ഞ് ഒരു പുതിയ ട്രൗസറും ഉടുപ്പും ബാലന് കൊടുക്കാൻ നാരായണിയമ്മ പുലയനെ ഏൽപ്പിച്ചു. പിറ്റേന്ന് ഒന്നാം തിയതി ആയതിനാൽ രാവിലെ തന്നെ അവനെ വിളിച്ചുണർത്തി കുളിപ്പിച്ച് ഈ ട്രൗസറും ഉടുപ്പും ഇടുവിച്ച് തറവാട്ടിലേക്ക് വിടണമെന്നും കൽപ്പിക്കുകയുണ്ടായി.

പിറ്റേന്ന് രാവിലെ പുത്തൻ വസ്ത്രവുമിട്ട് വന്ന ബാലനെ അടുക്കള വാതിലിലൂടെ നാരായണിയമ്മ സ്വീകരിച്ച് അകത്ത് കയറ്റി. ചിരട്ടയിൽ കട്ടൻ കാപ്പി ഒഴിച്ച് കൊടുത്തത് നിന്ന് കൊണ്ടുതന്നെ ബാലൻ മൊത്തിക്കുടിച്ചു. കുറച്ചു നേരം അവിടെ നിന്നിട്ട് പൊയ്ക്കൊള്ളാൻ നാരായണിയമ്മ ബാലനോട് പറഞ്ഞു. ചെറുമൻ നിന്ന അടുക്കള ഭാഗം വെള്ളമൊഴിച്ച് വാല്യക്കാരെക്കൊണ്ട് നാരായണിയമ്മ കഴുകി വൃത്തിയാക്കിച്ചു. പിന്നീടുള്ള ഓരോ മാസവും ചെറുമന് ഓരോ പുതിയ ട്രൗസറും ചിരട്ടയിലൊഴിച്ച കട്ടൻ കാപ്പിയും ലഭിച്ചുപോന്നു. ചിലപ്പോഴൊക്കെ നാണയത്തുട്ടുകളും ചെറുമന് ലഭിച്ചു പോന്നു. തറവാടിന്റെ പിന്നീടുള്ള ഉയർച്ച താഴ്ച്ചകളെപ്പറ്റി ആരും ഗൗനിച്ചില്ല. എന്നാലും ഒന്നാം തീയതികൾ ബാലന് സന്തോഷത്തിന് വക തന്നുപോന്നു. ഒന്നാം തീയതി നല്ലവർ കയറുന്നത് തറവാട്ടിന് നല്ലതാണെന്നും എന്നാൽ കയറുന്ന ആളിന് അധോഗതിയാവും ഫലം എന്ന് ചില അസൂയാലുക്കൾ കണ്ണൻ പുലയനെ രഹസ്യമായി ധരിപ്പിച്ചെങ്കിലും, തന്റെ കുടിയിൽ ഇതിലും വലിയ എന്ത് അധോഗതിയാണ് വരാൻ പോകുന്നത് എന്ന് മറുചോദ്യം ചോദിച്ച് കണ്ണൻ പുലയൻ അസൂയാലുക്കളെ മലർത്തിയടിച്ചുകളഞ്ഞു. സത്യത്തിൽ ബാലന്റെ കാര്യത്തിനെങ്കിലും തത്ക്കാലമായ ആശ്വാസം കിട്ടിയല്ലോ എന്നാണ് കണ്ണൻ പുലയൻ കരുതിയത്. ബാലന്റെ അനുജൻ ദിനേശനും അനുജത്തി രാധയ്ക്കും ജ്യേഷ്ഠനോട് ഇത്തിരി കണ്ണുകടി ഉണ്ടായിരുന്നു എന്നത് സത്യമാണ്. അവർക്കൊന്നും കിട്ടാത്ത പരിഗണന പാലോളിത്തറവാട്ടിൽ ബാലന് കിട്ടുന്നത് കാരണമാണ് അത്.

രണ്ട് വർഷം കഴിഞ്ഞ് ഒരുദിവസം വൈകുന്നേരത്തോടെ ശ്വാസതടസ്സം മൂർച്ഛിച്ച് നാരായണിയമ്മ ഈ ലോകത്തോട് വിട പറഞ്ഞു. മരിച്ച് വെളുക്കുന്നത് നല്ലതാണെങ്കിലും മരിച്ച് നേരം ഇരുളുന്നത് ശുഭലക്ഷണം അല്ല എന്നാണ് നാരങ്ങാനം ഗ്രാമവാസികൾ കാലാകാലങ്ങളായി വിശ്വസിക്കുന്നത്. ഏതായാലും നാരായണിയമ്മയുടെ മരണശേഷം പാലോളിത്തറവാടിന്റെ അപചയവും തുടങ്ങി. ആരും ക്ഷണിക്കാത്തതുകൊണ്ട് അടുത്ത മലയാളമാസം ഒന്നാം തിയതി ബാലൻ പാലോളിത്തറവാട്ടിലേക്ക് പോയില്ല. ബാലൻ ചെല്ലാത്തതിനെപ്പറ്റി ആരും അത്ര ഗൗനിച്ചില്ല. അല്ലെങ്കിലും ബാലനെ സ്വീകരിച്ചത് നാരായണിയമ്മ മാത്രമായിരുന്നല്ലോ !

കാലങ്ങളുടെ യാത്ര പിടിച്ചുനിർത്തുവാൻ ആർക്കും സാധ്യമല്ലല്ലോ ! ബാലൻ സർക്കാർ വിദ്യാലയത്തിൽ നിന്നും സാമാന്യം ഭേദപ്പെട്ട നിലയിൽ പത്താം തരം പാസ്സായി. തുടർ പഠനത്തിന് വകയില്ലാത്തതിനാൽ കുറച്ചുകാലം കണ്ണൻ പുലയന്റെ വലം കൈയ്യായി പ്രവർത്തിച്ചു. ഇതിനിടെ സമുദായ സംവരണത്തിന്റെ പിൻബലത്തിൽ ബാലന് റെയിൽവേയിൽ ക്ലാർക്ക് ഉദ്യോഗം ലഭിക്കുകയുണ്ടായി. രണ്ട് വർഷത്തെ ജോലിക്ക് ശേഷം ബാലന് ഉദ്യോഗക്കയറ്റം ലഭിക്കുകയും ആഫീസറായിത്തീരുകയും ചെയ്തു. ബാലന്റെ അനുജൻ ദിനേശനും അനുജത്തി രമയും ജ്യേഷ്ഠന്റെ പാത പിൻതുടർന്ന് റെയിൽവേ ഉദ്യോഗസ്ഥരായിത്തീർന്നു. കണ്ണൻ പുലയന്റെ കുടിലിൽ ഐശ്വര്യവും സന്തോഷവും കൈവന്നു. കണ്ണൻ പുലയനും ഭാര്യ കാളിയും മറ്റുള്ളവരുടെ അടിമപ്പണി ഉപേക്ഷിച്ച് സ്വന്തമായി ഒരു ചെറിയ പലചരക്ക് കട തുടങ്ങി. എല്ലാവരും വരുമാനക്കാരായതോടെ പഴയ ഓലവീട് പൊളിച്ചുകളഞ്ഞ് ആ സ്ഥാനത്ത് സാമാന്യം വലിപ്പമുള്ള ഒരു ഇരുനിലവീട് ഉയർന്നുവരികയും അതിന് പുത്തൻപുരയ്ക്കൽ വീട് എന്ന് നാമകരണം നടത്തുകയും ചെയ്തു. പാലോളിത്തറവാട് പുത്തൻ കെട്ടിടത്തിന്റെ സമീപം ഒതുങ്ങിനിന്നു. ഹോമങ്ങൾക്കും പൂജകൾക്കും മറ്റും ഒട്ടും കുറവ് വരുത്തിയില്ലെങ്കിലും പാലോളിത്തറവാട്ടിൽ നിത്യവൃത്തിക്കുള്ള പണം കണ്ടെത്താൻ നന്നേ പാടുപെടേണ്ടി വരുന്നു. ഉടുമുണ്ട് മുറുക്കി ഉടുത്തിട്ടാണെങ്കിലും കടം മേടിച്ചിട്ടാണെങ്കിലും ക്ഷേത്ര ഉത്സവത്തിന് തറവാട്ടുകാർ പണം കണ്ടെത്തി. പലയിടത്തുനിന്നും പണം കടം വാങ്ങിയതിനാൽ പലരും ഇപ്പോൾ പാലോളിത്തറവാടിന് പണം കൊടുക്കാതേയും ആയി. അതേസമയം ഉദ്യോഗസ്ഥരുടെ വീടായ പുത്തൻപുര്ക്കലിലേക്ക് നാട്ടുകാരുടെ ശ്രദ്ധ തിരിഞ്ഞു. ഇൻഷൂറൻസ് പ്രതിനിധികളും ആർ. ഡി. ഏജന്റുമാരും ഇരുചക്ര - കാർ വിതരണക്കാരും ഒക്കെ പുത്തൻ പുരയ്ക്കലിലേക്ക് ഒഴുകിയെത്തി.

സ്വത്തുക്കളൊക്കെ പല വിധത്തിൽ അന്യാധീനപ്പെട്ട പാലോളിത്തറവാടുമായി ചെറിയ തോതിലുള്ള സാമ്പത്തിക ഇടപാടുകൾ പുത്തൻപുരയ്ക്കൽകാർ നടത്താറുണ്ട്. എന്നാൽ കഴിഞ്ഞ ദിവസം സാമാന്യം വലിയ ഒരു സാമ്പത്തിക മറിവ് ആവശ്യം വന്നപ്പോൾ പാലോളിത്തറവാടിനെ പഴയ സുഹൃത്തുക്കളൊന്നും തന്നെ സഹായിച്ചില്ല. ഗത്യന്തരമില്ലാതെ പുത്തൻവീട്ടുകാരെ സമീപിച്ചപ്പോൾ പണം നൽകി സഹായിക്കാമെന്ന് ബാലന്റെ ഇളയ സഹോദരി രമ സമ്മതിക്കുകയുണ്ടായി. എന്നാൽ അത് പാലോളിത്തറവാട്ടിലെ ഏറ്റവും മുതിർന്ന അംഗം അടുത്ത പത്ത് വർഷത്തേക്ക് മുടങ്ങാതെ മലയാള മാസം ഒന്നാം തീയതി പുത്തൻപുരയ്ക്കൽ വീട്ടിൽ കാലത്ത് തന്നെ സന്ദർശനം നടത്തണം എന്ന വ്യവസ്ഥ അനുസരിച്ച് മാത്രം !

EKA THATHWA
POST BOX NO 70
PALAKKAD - 678001

■ കഥ

# പാദുകം


രാധാ കണ്ണൻ
9349451627





**എ**ന്നെ അറിയുമോ നിങ്ങൾ ? ഇപ്പോൾ മാത്രമല്ല, പുരാതന കാലത്തും അത്യാവശ്യം ചിലരെങ്കിലും എന്റെ സഹായം തേടിയിരുന്നു. എങ്ങിനെയെന്നല്ലേ? കമുകിൻ 'പാള' ഒപ്പം വെട്ടിയെടുത്ത് അവ കാലിനോട് ബന്ധിച്ച് വച്ചുകൊണ്ടാണെന്ന് മാത്രം !

ഇന്ന് എല്ലാവർക്കൊപ്പവും ഞാനുണ്ട്. നിങ്ങളെ ചുമന്നുകൊണ്ട്, നിങ്ങൾ തരുന്ന ധാരാളം ചവിട്ടേറ്റ് നിങ്ങൾക്കൊപ്പം നിൽക്കുമ്പോഴും യഥാർത്ഥസ്ഥാനത്ത് നിങ്ങൾ എത്തിക്കഴിയുമ്പോൾ എന്നെ പുറത്ത് നിർത്താൻ നിങ്ങൾ ഒരു മടിയും കാണിക്കാറില്ല. എങ്കിലും തിരിച്ചുവരുന്ന നിങ്ങളെ ഞാൻ സന്തോഷത്തോടെ ചുമക്കുന്നു.

എന്റെ കർത്തവ്യം എന്താണെന്ന് ഞാൻ അറിയുന്നു. ഒന്നോർക്കുക, രാജസിംഹാസനത്തിൽ വച്ച് എന്നെ പൂജിക്കുകയും, ആരാധിക്കുകയും ചെയ്ത മഹത്വവും എന്നിൽ നിക്ഷിപ്തമാണ്. എങ്കിലും ഒന്ന് ഞാനറിയുന്നു. ഞാൻ ഒറ്റയ്ക്ക് നിൽക്കുന്നതിനേക്കാൾ, ഒരാൾക്കൊപ്പം നിൽക്കുമ്പോഴാണ് വില കൽപ്പിക്കപ്പെടുന്നത്. തുള്ളാനും ചാടാനും നിങ്ങൾക്കൊപ്പം നിൽക്കുന്ന എന്നെ സൗകര്യപൂർവ്വം മറക്കുന്ന നിങ്ങൾ ചാഞ്ചല്യം ഒന്നും ഇല്ലാതെ വീണ്ടും ആശ്രയിക്കുന്നത് കാണുമ്പോൾ ചിലപ്പോഴെങ്കിലും നാണിച്ചുപോകാറുണ്ട്.

വളരെ പണ്ട്, എന്നുവച്ചാൽ ഞാൻ ഉണ്ടായ കാലത്ത് ഒരു വീടുകളിലും ക്ഷേത്രങ്ങളിലും എന്നെ പ്രവേശിപ്പിച്ചിരുന്നില്ല. എന്നാൽ ഇപ്പോൾ മിക്ക വീടുകളിലും ഞാൻ അകത്ത് കയറാറുണ്ട്. ഒരു പക്ഷേ അതുപോലെത്തന്നെ നാളെ ക്ഷേത്രങ്ങളിലും കയറ്റുമായിരിക്കാം അല്ലെ ? ക്ഷമിക്കാം, തീർച്ചയായും അങ്ങിനെയൊരു ദിവസം വരും. ഒന്നോർക്കുക, ഇന്നും, ഇനിയുള്ള കാലവും ഞാനില്ലാതെ നിങ്ങൾക്ക് മുന്നോട്ടുപോകാനാവില്ല. സാരമില്ല, ക്ഷമിക്കാനും പൊറുക്കാനും കഴിവുള്ള ഞാൻ എന്നും നിങ്ങൾക്കൊപ്പം ഉണ്ടാവും. 'ഒരു തോഴനോ തോഴിയോ' ആയി. ●

■ കവിത




കമർ അഷ്ക്കർ
8891551508


# കൂട്ട്

എന്റെ കൂട്ടാണ്
എന്റെ നിഴൽ
നിന്റെ സ്മൃതിയാണ്
പോയ പകൽ.
തീയിൽ കുരുത്താണ്
വളർന്നത്
നീ ചിന്തിയ
അഗ്നിയിലാണ്
കരിഞ്ഞത്
വാക്കുകളുടെ
മുള്ളക്ഷരങ്ങൾ
കോറിയിട്ട
ക്ഷതങ്ങളിൽ
നിന്റെ കൂട്ടുണ്ട്.


തുളസി കേരളശ്ശേരി
9526144499




# രക്ഷിതാവ്

**പ്രോ**ഗ്രസ് കാർഡിൽ രേഖപ്പെടുത്തിയ ഒറ്റസംഖ്യകളിലൂടെ വിരലോടിച്ച് ടീച്ചർ രാജേന്ദ്രനെ ബോധ്യപ്പെടുത്താൻ ശ്രമിച്ചുകൊണ്ടേയിരുന്നു.


"മോൻ പഠിച്ചാൽ കിട്ടുന്ന കുട്ടിയാണ്. ക്ലാസ്സിൽ ശ്രദ്ധിക്കുന്നില്ല. കൂട്ടുകെട്ട് മോശം, പുസ്തകമില്ല, പേനയില്ല, എന്നും ക്ലാസ്സിൽ വൈകിയെത്തുന്നു. മുടി നോക്കൂ ഗോപുരം പോലെ ! ശിക്ഷിക്കാൻ വേണ്ടി പറയണതല്ല. വീട്ടിൽ ശ്രദ്ധ വേണം. അവന്റെ അമ്മയോട് പറഞ്ഞിട്ട് യാതൊരു കാര്യോമില്ല. അതാ അച്ഛനെത്തന്നെ കാണണംന്ന് ഞാൻ നിർബന്ധം പിടിച്ചത്."

മകനെക്കുറിച്ചുള്ള പരാതികളുടെ നീണ്ട ലിസ്റ്റ് കേട്ട്, കണ്ണുതള്ളി, പ്രജ്ഞയറ്റപോലെ രാജേന്ദ്രൻ ഇരുന്നു. ഒരൊപ്പ് കാർഡിൽ ചാർത്തിക്കൊടുത്ത് ദീർഘനിശ്വാസമുതിർത്തു. ഇനിയെന്തു പറയണമെന്നറിയാതെ ടീച്ചറും അതേ ഇരിപ്പ് തുടർന്നു. അൽപ്പസമയത്തെ മൗനത്തിനുശേഷം വിഷാദം വിങ്ങും കണ്ണുകളോടെ അയാൾ എഴുന്നേറ്റു. പോക്കറ്റിൽ നിന്ന് വിയർപ്പിൽ നനഞ്ഞ ഒരു നൂറുരൂപ എടുത്ത് ടീച്ചറുടെ മേശപ്പുറത്തുവച്ചു. എന്നിട്ട് തലതാഴ്ത്തി പതിഞ്ഞ ശബ്ദത്തിൽ നിസ്സഹായതയോടെ പറഞ്ഞു, "അവന്റെ മുടി വെട്ടിക്കാനുള്ള കാശാ. ഞാൻ പറഞ്ഞാ കേക്കൂല, ടീച്ചറ് പറഞ്ഞാ വെട്ടും. ടീച്ചറവനെ തല്ലിക്കോളൂ, പരാതീണ്ടാവില്ല. നന്നാവാനല്ലേ..."

ഇത്രയും പറഞ്ഞ് മുഖത്തുനോക്കാതെ തന്നെ അയാൾ നടന്നകന്നു. ●



■ കഥയും കാര്യവും



സത്യൻ താന്നിപ്പുഴ
0484 2462084

# സമയത്തിന്റെ വില

അമൃത വിദ്യാലയത്തിൽ ആറാം ക്ലാസ്സിലാണ് അമ്പിളി പഠിക്കുന്നത്. സ്കൂൾ ബസ്സിലാണ് സ്കൂളിലേക്ക് പോകുന്നത്. രാവിലെ എട്ട് മണിക്ക് ബസ്സ് വരും. നേരം വെളുത്ത് ആറ് മണിയായപ്പോൾ അമ്മ അമ്പിളിയെ വിളിച്ചു. "മോളെ എഴുന്നേൽക്ക്, വേഗം പല്ലുതേച്ച് ബാത്ത്റൂമിൽ പോയി കുളികഴിഞ്ഞ് വന്ന് യാത്രയാവു. അമ്മ അപ്പോഴേക്കും ചായയും അപ്പവും ഉണ്ടാക്കാം."

അമ്മ വിളിച്ചിട്ട് അമ്പിളി എഴുന്നേറ്റില്ല. പുതപ്പ് തലവഴി മൂടി കിടന്നു. അമ്മ അടുക്കളയിൽ ചായയും പലഹാരവും ഉണ്ടാക്കിക്കൊണ്ടിരുന്നു. കുറേ കഴിഞ്ഞ് മുറിയിൽ വന്നു നോക്കിയപ്പോൾ അമ്പിളി മൂടി പുതച്ചുകിടക്കുന്നത് കണ്ടു. അമ്മ ചോദിച്ചു, "മോളെ എഴുന്നേൽക്ക് സമയം ആറരയായി. നിനക്ക് ക്ലാസ്സിൽ പോകണ്ടെ ? ഞാൻ എത്ര നേരമായി വിളിക്കുന്നു."

അമ്പിളി എഴുന്നേറ്റ് യാത്രയായി. ആഹാരം സമാധാനമായിരുന്ന് കഴിക്കാൻ സമയം കിട്ടിയില്ല. അപ്പോഴേക്കും ബസ്സ് വന്നു. ധൃതി പിടിച്ച് ബാഗ് എടുത്തുകൊണ്ട് ബസ്സിൽ കയറി. അമ്പിളി ടെൻഷനടിച്ച് പോകുന്നത് കണ്ടപ്പോൾ അച്ഛച്ഛൻ പറഞ്ഞു: "നേരത്തേ എഴുന്നേറ്റ് യാത്രയായാൽ സമാധാനമായി പോകാൻ പാടില്ലേ ?"

"അതെങ്ങനെയാ പെണ്ണിനെ വിളിച്ചാൽ എഴുന്നേൽക്കണ്ടേ?" അമ്മ പറഞ്ഞു.

പിറ്റേ ദിവസവും രാവിലെ ആറു മണിക്ക് അമ്പിളിയെ അമ്മ എഴുന്നേൽപ്പിക്കാൻ പറഞ്ഞുവിളിച്ചു. അവൾ എഴുന്നേറ്റില്ല. അതു കണ്ടപ്പോൾ അച്ചമ്മ ചെന്നുവിളിച്ചു. എന്നിട്ടും അമ്പിളി എഴുന്നേറ്റില്ല. അമ്പിളി കിടക്കുന്നത് കണ്ടപ്പോൾ അച്ഛച്ഛൻ ചെന്നുവിളിച്ചു.

"മോളെ അമ്പിളി എഴുന്നേൽക്ക്. ആറു മണിക്ക് എഴുന്നേറ്റാൽ മോൾക്ക് എല്ലാ കാര്യത്തിനും സമയം കിട്ടും. തല്ലിപിടക്കാതെ സമാധാനമായി യാത്രയായി പോകാൻ കഴിയും. എല്ലാവരും മാറി മാറി വിളിച്ചിട്ടും അമ്പിളി എഴുന്നേറ്റില്ല. മൂടിപ്പുതച്ചു കിടന്നു. അതു കണ്ടപ്പോൾ അമ്മ പറഞ്ഞു, "ഇനി ആരും വിളിക്കണ്ട. ബസ്സ് പോയാൽ അവൾ നടന്ന് പോകട്ടെ."

അമ്പിളി അങ്ങനെ കിടന്ന് ഉറങ്ങിപ്പോയി. നേരം വൈകിയത് അറിഞ്ഞില്ല. കണ്ണു തുറന്നുനോക്കിയപ്പോൾ സമയം ഏഴു മണി കഴിഞ്ഞിരിക്കുന്നു. ഓടിപ്പിടഞ്ഞ് യാത്രയായി. ആരും എന്നെ വിളിക്കാഞ്ഞത് എന്താ എന്ന് ചോദിച്ചുകരഞ്ഞു.

"ഇനി കരഞ്ഞതുകൊണ്ട് കാര്യമില്ല. ഞങ്ങൾ ആളുവീതം വന്നു മാറി മാറി വിളിച്ചതാണ്. മോളെന്താണ് എഴുന്നേൽക്കാതിരുന്നത്? അവനവൻ ചെയ്യേണ്ട കാര്യങ്ങൾ അവനവൻ തന്നെ ചെയ്യണം. മടിപിടിച്ചു കിടന്നാൽ ഒരു കാര്യവും സമയത്തിന് നടക്കുകയില്ല. അപ്പോഴപ്പോൾ ചെയ്യേണ്ടത് അപ്പോഴപ്പോൾ ചെയ്യണം. പിന്നേക്ക് വയ്ക്കരുത്." അമ്മ പറഞ്ഞു.

■കഥ

# സ്വാർത്ഥത

പി. ആർ. ജോസ്
9847946094



സർക്കാർ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്ത് വിശ്രമ ജീവിതം നയിച്ചുകൊണ്ടിരുന്ന അയാൾ തന്റെ പൂർവ്വകാല സ്മരണകൾ അയവിറക്കാൻ തുടങ്ങി. മക്കളെയെല്ലാം മുന്തിയ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ ചേർക്കാൻ വിമുഖത കാണിച്ചില്ല. സ്കൂൾ അവധി ദിനങ്ങളിൽ മക്കൾക്കണിയാൻ വില കൂടിയ ഡ്രസ്, ആഭരണങ്ങൾ എന്നിവയെല്ലാം വാങ്ങുവാൻ തല്പരനായിരുന്നു. മറ്റുള്ളവരേക്കാൾ കൂടുതൽ മാർക്ക് വാങ്ങണമെന്ന് മക്കളെ ഓർമ്മിപ്പിച്ചുകൊണ്ടിരുന്നു. മക്കൾ രണ്ടുപേരും പഠിച്ച് ഉന്നത നിലയിലെത്തി. ഒരാൾ സർക്കാർ സർവ്വീസിലും രണ്ടാമൻ ബിസിനസ്സിലും. ഇത്രയും കാലം അയാൾ മറ്റാരേയും ശ്രദ്ധിക്കാനോ സഹായിക്കാനോ മിനക്കെട്ടില്ല. സുന്ദരമായ വീട്, ഭാര്യ, കാർ ഇവയൊക്കെ കണ്ട് മക്കളും സ്വാർത്ഥതയോടെ ചിന്തിച്ചപ്പോൾ അയാളും ഭാര്യയും വൃദ്ധസദനത്തിലായി. അയാൾ ചിന്തിച്ചു, "ഇത്രയും സ്വാർത്ഥത മക്കളെ പഠിപ്പിക്കേണ്ടതില്ലായിരുന്നു." മരണശേഷം അയാളുടേയും ഭാര്യയുടേയും ശരീരം കല്ലറയിൽ വയ്ക്കാൻ പള്ളിയിലേക്ക് 5 ലക്ഷം രൂപ കൊടുക്കാൻ തീരുമാനിച്ചത് വേണ്ടെന്നു വച്ചു. അത് പാവപ്പെട്ടവർക്ക് വീട് നിർമ്മിച്ചുകൊടുക്കാൻ നിശ്ചയിച്ചു.

"മരണശേഷം വെയിലും മഴയും കൊള്ളാതെ കല്ലറയിൽ കിടന്നിട്ടെന്തുകാര്യം ? ആ സ്ഥലം മറ്റാരെങ്കിലും ഉപയോഗിക്കട്ടെ. ജീവിച്ചിരിക്കുമ്പോൾ വെയിലും മഴയും കൊള്ളാതെ ആൾക്കാർ ജീവിക്കട്ടെ," അയാൾ ചിന്തിച്ചു. അങ്ങിനെ മരണശേഷമെങ്കിലും സ്വാർത്ഥത കൈവിടാൻ അയാൾ തീരുമാനിച്ചു.



# മനസ്സിലാവാത്ത തെറ്റ്

രചന – അരവിന്ദൻ, നിരൂപണം

**അശോകൻ രാജീവം**

**9447533850**

'**എ**ന്തുതെറ്റാണ് താൻ ചെയ്തതെന്ന് ഉണ്ണിക്ക് മനസ്സിലായില്ല' എന്നാണ് പുസ്തകത്തിന്റെ പേരുസൂചിപ്പിക്കുന്ന കഥയുടെ പ്രാരംഭവാചകം. നിഷ്കളങ്ക ബാല്യത്തിന്റെ ചിന്തകളിലൂടെ ഉരുത്തിരിയുന്ന മനസ്സിലാവാത്ത തെറ്റ് എന്ന കഥയിൽ കഥാകൃത്ത് ഒരു കൊച്ചുകുട്ടിയുടെ ലോകത്തിലിരുന്നുകൊണ്ട് മുതിർന്നയാളുകളുടെ ലോകത്തെ കാണാൻ ശ്രമിക്കുകയാണ് ചെയ്യുന്നത്. ഉണ്ണിയെ സംബന്ധിച്ചിടത്തോളം അവനോടിഴപഴകുന്ന എല്ലാവരും അവന് ഒരുപോലെയാണ്. അത് അമ്മയായാലും അമ്മാവന്റെ മകൾ അഞ്ജലിയായാലും സഹപാഠിയായ നന്ദിനിക്കുട്ടിയായാലും ഒക്കെ... പക്ഷേ, നന്ദിനിക്കുട്ടിയെ ഉമ്മ വെച്ചത് തെറ്റായിപ്പോയെന്ന് അച്ഛനെപ്പോലെയുള്ള സമൂഹം ശകാരിച്ചപ്പോൾ ഉണ്ണി ഞെട്ടിപ്പോയി. ലോകം ഇത്രമാത്രം തലകീഴായി മറിയാൻ മാത്രം താൻ ചെയ്ത തെറ്റ് എന്താണെന്ന് എത്ര ചിന്തിച്ചിട്ടും ഉണ്ണിക്ക് മനസ്സിലായില്ല.

അരവിന്ദൻ എന്ന കഥാകൃത്ത് നമ്മുടെ കരളിലേയ്ക്ക് ഒരു കാരമുള്ള് കൊണ്ടുള്ള ചോദ്യം എറിഞ്ഞു പിടിപ്പിക്കുകയാണ്. കരയാൻ പഠിപ്പിച്ച, ചിരിക്കാൻ പഠിപ്പിച്ച, എല്ലാവരേയും സ്നേഹിക്കാൻ പഠിപ്പിച്ച ഈ സമൂഹം എന്താണ് ചില സന്ദർഭങ്ങളിൽ ഇത്ര ക്രൂരമായി പെരുമാറുന്നത് ? ഉണ്ണിക്ക് എല്ലാവരും ഒരുപോലെയാണ്. അത് അങ്ങിനെയല്ല എന്ന് ശഠിക്കുന്നത് സമൂഹമാണ്. തെറ്റ് ഉണ്ണിയുടെ പക്ഷത്താണോ അതോ സമൂഹത്തിന്റെ പക്ഷത്തോ ?

തീർന്നില്ല. മറ്റൊരു കഥയായ സത്യത്തിന് മരണമില്ല എന്ന കഥയിലേക്കെത്തുമ്പോൾ മറ്റൊരു കഥാപാത്രത്തെ നാം കണ്ടുമുട്ടുന്നു. ആദ്യ കഥയിലെ ഉണ്ണി വളർന്ന് വലുതായി വിരമിക്കൽ പ്രായത്തിനോടടുത്തെത്തിയ പോലെ. ഉണ്ണി മാത്രമേ വളർന്നിട്ടുള്ളൂ. ലോകത്തിന് ഒരു മാറ്റവും സംഭവിച്ചിട്ടില്ല. അതിപ്പോഴും അതിന്റെ കാപട്യം നിറഞ്ഞ മനോഭാവത്തോടെയാണ് പെരുമാറുന്നത്. സത്യസന്ധതയ്ക്കും, ആത്മാഭിമാനത്തിനും ഒരു വിലയും കൽപ്പിക്കാത്ത സമൂഹം. ഇവിടെ പക്ഷെ, കഥാകൃത്ത് ബോധപൂർവ്വം അതിൽനിന്നും മുക്തി നേടുന്നുണ്ട്. തന്നെ വളച്ചുമടക്കി കുപ്പിയിലാക്കാൻ ശ്രമിച്ചവരെ സത്യസന്ധമായിത്തന്നെ നേരിടുന്നുണ്ട്. പഴമക്കാർ പറയും, സത്യം ഗജം പോലെയാണ്. പതുക്കയെ വരൂ. അസത്യം അശ്വം പോലെയാണ് വേഗത്തിൽ വരും എന്ന്. ഈ കഥയിൽ ആ സത്യം അന്വർത്ഥമാക്കുകയാണ് കഥാകൃത്ത്.

ചില കഥകൾ നമ്മളറിയാതെ നമ്മുടെ ആസ്വാദനകവാടം തള്ളിത്തുറന്ന് വന്ന് ഹൃദയത്തിന്റെ പൂമുഖത്ത് കയറിയങ്ങ് ഇരിക്കും. അവിടെയിരുന്നുകൊണ്ട് നമ്മെ നോക്കി അറിയാത്ത ഭാവത്തിൽ പുഞ്ചിരിക്കും. അത്തരത്തിൽ പെടുന്ന രണ്ടു കഥകളാണ് 'ആശയും, ഭാഗ്യവാന്റെ ദുരന്തവും'. പുസ്തകത്തിന്റെ അവതാരികയിൽ കഥാകൃത്ത് സൂചിപ്പിച്ചതുപോലെ, 'സ്വന്തം അനുഭവം പോലെ കഥകൾ രചിക്കുന്ന ഒരു രീതി പലപ്പോഴും അവലംബിച്ചതുകൊണ്ട് പലരും എന്റെ കഥകളെ തെറ്റിദ്ധരിക്കുന്നു' എന്ന്. യഥാർത്ഥത്തിൽ അതിൽ വായനക്കാരന്റെ ആസ്വാദനത്തെ കുറ്റം പറഞ്ഞിട്ടുകാര്യമില്ല. കാരണം, ഒരുപാട് ജീവിതാനുഭവങ്ങൾ കൊണ്ട് ഊതിക്കാച്ചിയെടുത്തതാണ് ഇതിലെ കഥകളുടെ ഇതിവൃത്തങ്ങൾ. എണ്ണ പുരണ്ടിരിക്കുന്ന കൈകൾ കൊണ്ട് തൊടുമ്പോൾ തൊടുന്നതിലെല്ലാം എണ്ണയുടെ അംശം കണ്ടുപോകും എന്ന് പറയുന്നത് പോലയെ ഉള്ളൂ. കഠിനമായ ജീവിതാനുഭവങ്ങളുടെ നേർക്കാഴ്ചകൾ യാതൊരു ഏച്ചുകെട്ടലുമില്ലാതെ ആവിഷ്ക്കരിക്കുമ്പോൾ അതിൽ അൽപ്പമെങ്കിലും കള്ളമോ കാപട്യമോ കൂട്ടിക്കുഴയ്ക്കാമായിരുന്നു എന്ന് സഹൃദയരായ വായനക്കാരിൽ ചിലർക്കെങ്കിലും തോന്നിപ്പോകുന്നതിൽ എന്താണൊരു തെറ്റ് ?

എന്തും എഴുതിത്തീരുന്നതുവരേയേ എഴുത്തുകാരന് സ്വന്തമായുള്ളു. അതിൽ അച്ചടി മഷി പുരണ്ടാൽ, വായനക്കാരന്റെ സമക്ഷം എത്തിപ്പെട്ടാൽ പിന്നെയത് വായനക്കാരന് സ്വന്തമാണ്. വായനകൾ പലതരത്തിലുണ്ട്. അതെങ്ങനെ വായിക്കണം എന്ന് ശഠിക്കാൻ എന്തുകൊണ്ടോ എഴുത്തുകാരന് കഴിയാറില്ല എന്നതാണ് സത്യം. ഒന്നും നമ്മൾ വിചാരിക്കുന്ന രീതിയിൽത്തന്നെ നടക്കണമെന്നില്ല എന്നതിന്റെ ഉത്തമ ഉദാഹരണമല്ലേ 'ആർത്തി' എന്ന കഥ !

ഓരോ കഥയും ഓരോ കാരണങ്ങളാണ്. കഥയ്ക്കുവേണ്ടി ഉണ്ടാക്കിയ കാരണങ്ങളല്ല, മറിച്ച്, എഴുതിയേ തീരു എന്ന് ശഠിക്കുന്ന കാരണങ്ങൾ. മനസാ വാചാ കർമ്മണാ യാതൊരു തെറ്റും ചെയ്തിട്ടില്ലാത്ത, എല്ലാവരേയും സ്നേഹിക്കാൻ ശീലിച്ചിട്ടുള്ള ഒരാൾക്ക് വന്നുഭവിച്ച വലിയൊരു ദുരന്തത്തിന്റെ പ്രതിഫലമാണ് 'മാപ്പ്' എന്ന കഥയിൽ കഥാകൃത്ത് കാണിച്ചുതരുന്നത്. നമ്മൾ വാഹനം നേരാംവണ്ണം ഗതാഗത നിയമങ്ങളെല്ലാം പാലിച്ചുകൊണ്ട് ഓടിച്ചിട്ടു കാര്യമൊന്നുമില്ല. എതിരെ വരുന്ന

വാഹനം ശരിക്കല്ല വരുന്നതെങ്കിൽ നമ്മളും അപകടത്തിൽ പെടും എന്ന തത്വമാണ് 'മാപ്പ്' എന്ന കഥ വായിച്ചപ്പോൾ തോന്നിയത്.

ഭാഷാപ്രയോഗങ്ങൾ കൊണ്ടും ആശയസമ്പുഷ്ടത കൊണ്ടും അതിമനോഹരമാണ് ഇതിലെ ഓരോ കഥകളും. 'അരവിന്ദൻ' എന്ന കഥാകൃത്തിൽ നിന്നും ഇനിയും ഒട്ടേറെ കഥകൾ മലയാള സാഹിത്യത്തിന് ലഭിക്കുമാറാകട്ടെ എന്നാശംസിക്കുന്നു.

**പ്രസാധകർ - H & C Publishing House, Thrissur**
**പേജ് - 128**
**വില - 110 രൂപ**
**മൊബൈൽ - 9745935385**

# അഭിപ്രായങ്ങളും പ്രതികരണങ്ങളും

പ്രിയപ്പെട്ട മുരളി,

കാത്തിരുന്നു കാത്തിരുന്നു
കണ്ണ് കഴച്ചു
ഓർത്തിരുന്നു ഓർത്തിരുന്നു
കരളു പുകഞ്ഞു.
അരുമയായ 'ഏക തത്ത്വ'
യ്ക്കെന്ത് പിണഞ്ഞു
മുരളിനാദ മധുരധാര
പെയ്തു തീർന്നുവോ ?
ഒടുവിലവൾ വൈകിയെത്തി
പുലരി വിടരും പോൽ
പുതുവസന്തപൂക്കൾ ചിന്നും
നറുമണം പൂശി !
അരുമ, മോളെ അരികിലെത്താൻ
ഇനിയും വൈകല്ലേ
അത് സഹിക്കാൻ, കരളിനാകാ-
അത് മറക്കല്ലേ !!

(ആഗസ്റ്റ് 31നകം കിട്ടുന്ന സപ്തംബർ ലക്കം (പുസ്തകം 7 ലക്കം 10) സപ്തംബർ 25നാണ് കൈപ്പറ്റിയത്. ആ കാലതാമസത്തിന്റെ ഉല്ക്കണ്ഠയാണ് ഈ വരികൾ ക്ഷമിയ്ക്കുക.)

മുക്കം ഭാസി
9846138693

**ഏക തത്ത്വ**
**ഏറ്റവും മികച്ച ഒന്ന്**

ആദരണീയ മുരളീധരൻ സാറിന്,

ഏക തത്ത്വ ഒക്ടോബർ ലക്കം കിട്ടി. വളരെ സന്തോഷം. അതിഗംഭീരവും അതിശക്തവുമായ ഒരെഡിറ്റോറിയൽ. നമ്മുടെ സർക്കാർ സംവിധാനങ്ങൾ സാധാരണക്കാരന് അപ്രാപ്യമാണ്. ഭാരിച്ച ശമ്പളം വാങ്ങി ചീട്ടുകളിച്ചിരിക്കുന്ന ആംബുലൻസ് ജീവനക്കാരും. ശവസംസ്കാരത്തിന് ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനങ്ങൾ കേടാക്കി സുഖലോലുപതക്കായി സമയം കണ്ടെത്തുന്ന ജീവനക്കാരും നമ്മൾക്ക് മുന്നിൽ നിലകൊള്ളുന്നു. കൃത്യമായ പരിശോധനയോ നടപടികളോ കൈക്കൊള്ളാതെ നിത്യപട്ടിണിക്കാർക്ക് എച്ച്. ഐ. വി. ബാധിത ബ്ലഡ് കയറ്റി രോഗികളാക്കി വിട്ടുകൊടുക്കുന്ന ആശുപത്രി ജീവനക്കാരും നമ്മുടെ സാംസ്കാരികതയെ, അവകാശത്തെ, കൊല്ലാക്കൊല ചെയ്യുകയാണ്. അനർഹമായി കിട്ടിയ പണം തന്നെയാണ് നമ്മുടെ നീതി, ന്യായ, സാമൂഹ്യ വ്യവസ്ഥകളെ തകർത്തുകൊണ്ടിരിയ്ക്കുന്നത്. താങ്കളുടെ കാഴ്ച്ചപ്പാട് പൂർണ്ണമായും സത്യം. ഗാന്ധിമാർ മരിച്ചു കൊണ്ടിരിക്കുന്നു. ഗോഡ്സെമാർ ഉയിർത്തെഴുന്നേൽക്കുന്നു. ഇതാണ് സത്യം - എഡിറ്റോറിയൽ ഗംഭീരം.

കുഞ്ഞിക്കിളിയുടെ പാട്ട് എന്ന എന്റെ ബാലസാഹിത്യ വിഭാഗത്തിൽ വരുന്ന പുസ്തകത്തെക്കുറിച്ച് വളരെ നല്ല ആസ്വാദനക്കുറിപ്പ് എഴുതിയിരിക്കുന്നു. പുസ്തകം വായിച്ച് ഞാൻ ഉൾക്കൊണ്ട ആശയം മനസ്സിലാക്കി ഇത്ര ഹൃദ്യമായി ഒരാസ്വാദനക്കുറിപ്പ് തയ്യാറാക്കിയ ശ്രീ. അശോകൻ രാജീവത്തിന് എന്റെ അകൈതവമായ നന്ദി അറിയിച്ചുകൊള്ളുന്നു.

ഏക തത്ത്വ മറ്റു പ്രസിദ്ധീകരണങ്ങളിൽ നിന്ന് തികച്ചും വ്യത്യസ്തമാണ്. ഒന്ന് അതിന്റെ മുഖചിത്രം. രണ്ട് അതിലെ വിഭവങ്ങൾ. ചപ്പുചവറുകൾ നിറച്ചുവരുന്ന മാസികകളിൽ നിന്ന് തികച്ചും വ്യത്യസ്തം. എഴുതിവരുന്നവർക്കും സാഹിത്യരംഗത്തെ പുത്തൻ രീതികൾക്കും അർഹമായ സ്ഥാനം നൽകുന്നു. തന്റെ വരികാർക്ക് കൃത്യമായി മാസിക എത്തിച്ചുകൊടുക്കുന്നു എന്നതും ഏക തത്ത്വയുടെ മഹത്വം തന്നെ. ഒരു മാസിക നടത്തിക്കൊണ്ടുപോകുന്ന പ്രയാസം എത്രത്തോളമാണെന്ന് തിരിച്ചറിയുന്ന എനിക്ക് താങ്കളുടെ ഉദ്യമത്തിന് എല്ലാവിധത്തിലുള്ള അഭിനന്ദനങ്ങളും അറിയിച്ചുകൊള്ളട്ടെ.

ടി.വി. ഹരികുമാർ
കണിച്ചുകുളങ്ങര
9446118387

പ്രിയ മുരളി,

ഏക തത്ത്വയെ മറ്റു പ്രസിദ്ധീകരണങ്ങളിൽ നിന്ന് വ്യത്യസ്തമാക്കുന്ന ഒരു പ്രധാന ഘടകം മൂന്നു പേജ് ദൈർഘ്യമുള്ള 'എനിക്ക് പറയാനുള്ളത്' എന്ന പത്രാധിപക്കുറിപ്പാണ് എന്നതിൽ സംശയമില്ല. എണ്ണിയാൽ തീരാത്ത ആശയങ്ങളും ആനുകാലിക സംഭവങ്ങളും കോർത്തിണക്കിയ മുത്തുമാലയാണ് ഓരോ പത്രാധിപക്കുറിപ്പും. ഏക തത്ത്വയിൽ വരുന്ന കഥകളും കവിതകളും ലേഖനങ്ങളും എല്ലാം മികവുറ്റതാണ്. രചയിതാക്കൾക്കെന്റെ അഭിനന്ദനങ്ങൾ. ഏക തത്ത്വയുടെ കാരണവസ്ഥാനത്തിരുന്ന് ഏക തത്ത്വയെ ആശീർവദിക്കുന്ന എം. എം. മേനോൻ സാറും മുക്കം ഭാസി സാറും ഏക തത്ത്വയ്ക്കൊരു അനുഗ്രഹമാണ്, ഭൂഷണമാണ്. ആശംസകളോടെ

സ്റ്റെല്ലാ ഡൺസ്റ്റൺ
കൊല്ലം.
0474 2531890, 9446284735


**മറുപടി**

അഭിപ്രായം അറിയിച്ച എല്ലാവർക്കും നന്ദി. സപ്തംബർ, ഒക്ടോബർ ലക്കങ്ങൾ പലർക്കും ഇനിയും കിട്ടിയിട്ടില്ലെന്നതായി അറിയുന്നു. പോസ്റ്റോഫീസിൽ വന്ന പിഴവാണ് നമ്മുടെ സർക്കാർ സംവിധാനമല്ലേ, നമുക്ക് ക്ഷമിച്ചേക്കാം...

എഡിറ്റർ

# വയറ്റാട്ടി

ടി. കെ. ഉണ്ണികൃഷ്ണൻ
0491 – 2578098



**കാ**ളിയമ്മ, അവൾ ഒരു ഭദ്രകാളിതന്നെയാണ്. കൂസലില്ലാത്ത നടത്തം. ഉറക്കെയുള്ള സംസാരം. എല്ലാവരേയും അവഗണിച്ചുള്ള പെരുമാറ്റം. മുറുക്കിച്ചുവപ്പിച്ച ചുണ്ടുകളിൽ എരിയുന്ന ബീഡി. വയസ്സായാലും ആരോഗ്യമുള്ള ശരീരഘടന. കരയുള്ള മുണ്ടും, വയറുവരെ ഇറക്കമുള്ള ബ്ലൗസ്സും, തോളിൽ തോർത്തു മുണ്ടുമായി അവർ ഇറങ്ങിനടക്കുമ്പോൾ ആരെക്കണ്ടാലും പൈസ ചോദിക്കുന്ന സ്വഭാവം. പലരും എന്തെങ്കിലും കൊടുത്ത് ഒഴിവാക്കും. കൊടുക്കാത്തവരുടെ മുഖത്തേയ്ക്ക് ഒരു തുടം പുകവിട്ട് പറയും "ഇന്നത്തെപ്പോലെ എന്റെ യൗവ്വന കാലത്ത് നേഴ്സും ഡോക്ടറുമൊന്നും ഇവിടെ അടുത്തൊന്നുമില്ലായിരുന്നു. അന്ന് ഇവിടെ പെറ്റു വീണവരൊക്കെ ഈ വയറ്റാട്ടീടെ കൈകളിലാണ്. സർക്കാർ വക പെൻഷനൊന്നുമില്ല എനിക്ക്. അപ്പോൾ നിങ്ങൾ എന്നെ പോറ്റണം."

തർക്കം ശരിയാണ്. ആ കാലത്ത് ഇവിടെ അടുത്തൊന്നും ആശുപത്രിയോ നേഴ്സോ ഡോക്ടറോ ഒന്നും ഉണ്ടായിരുന്നില്ല. ഗ്രാമത്തിൽ ഏതെങ്കിലും സ്ത്രീയ്ക്ക് പ്രസവവേദന തുടങ്ങിയാൽ കാളിയമ്മയെ വിളിക്കും. അവരാണ് നാട്ടിലെ ഏറ്റവും നല്ല വയറ്റാട്ടി.

ചൂടുവെള്ളവും ചില പച്ച മരുന്നുകളും പഴന്തുണികളുമായി അവർ പ്രസവവേദനകൊണ്ട് കരയുന്ന സ്ത്രീയുടെ അടുത്തെത്തിയാൽ ആദ്യം ചെയ്യുന്നത് അവരെ പത്ത് തെറി പറയലാണ്. തോന്ന്യാസത്തെറികൾ. അതുകേട്ടാൽ കരയുന്ന സ്ത്രീ അൽപ്പം കരച്ചിൽ അമർത്തും.

വേഗം പ്രസവം നടക്കാൻ കാളിയമ്മയ്ക്ക് പല പ്രകാരമുള്ള അടവുകളും കയ്യിലിരുപ്പുണ്ട്. അവ പ്രയോഗിച്ച് പ്രസവം കഴിഞ്ഞാൽ കുട്ടിയേയും കൊണ്ട് പുറത്തുവരും. ഗൃഹനാഥനിൽ നിന്ന് നല്ലൊരു തുക വാങ്ങും. പിന്നെ പല അവകാശങ്ങളും കണക്കുപറഞ്ഞ് വാങ്ങും.

ആ കാലം കാളിയമ്മയുടെ നല്ല കാലമായിരുന്നു. നല്ലവണ്ണം പണം വരും. കെട്ടിയവനും അവരുമൊത്ത് നല്ലവണ്ണം കള്ളു കുടിക്കും, മീനു തിന്നും, കപ്പ തിന്നും. വെറ്റിലയും ബീഡിയും ക്ഷാമമില്ലാതെ കൈക്കലുണ്ടാകും. കള്ളിന്റെ ലഹരിയിൽ അവരുടെ ചെറിയ മുറിയിൽ കെട്ടിയവനുമൊത്ത് കെട്ടിമറിയും. അവർ ഒന്നാകും. സ്വപ്നങ്ങൾ കാണും. ഒരു പ്രസവം, ഒരു കുട്ടി. പക്ഷെ വർഷങ്ങൾ കഴിഞ്ഞിട്ടും എത്രയോ പ്രസവങ്ങൾ കൺമുമ്പിൽ നടത്തിയിട്ടും ഒന്ന് പ്രസവിക്കാൻ അവർക്ക് ഭാഗ്യമുണ്ടായില്ല. മനസ്സുനിറയെ വേദനയുമായി അവർ പ്രാർത്ഥിക്കും. ദൈവമേ എനിക്കൊന്നു പ്രസവിക്കണം. ഒരു കുട്ടിയെ തരണേ.

ആയിടയ്ക്കാണ് കെട്ടിയവന്റെ പെങ്ങളും ഭർത്താവും വിരുന്നുവന്നത്. അത് ആഘോഷിക്കാൻ കുപ്പികൾ എത്തി. മീനും കപ്പയുമെത്തി. ബീഡിക്കെട്ടുകളെത്തി. തീറ്റയും കുടിയും കഴിഞ്ഞപ്പോൾ ലഹരി നാലുപേർക്കും തലയിൽ കയറിയിരുന്നു. കെട്ടിയവൻ മൂടിപ്പുതച്ച് കിടന്നുറക്കമായി. മറ്റുള്ളവരും കിടന്നു. അപ്പോഴാണ് കെട്ടിയവന്റെ പെങ്ങൾ കാതിൽ പറഞ്ഞത്, "അനക്ക് ഇത്രകാലായിട്ടും ഒരു കുട്ടിയായില്ലല്ലോ. അനക്കും പെറണന്നും കുട്ടി വേണന്നും ഉണ്ടാകില്ലെ. ഇജ്ജ് ഇന്ന് ഒന്ന് ആളെ മാറ്റി നോക്ക്." എന്നുപറഞ്ഞ് അവർ തന്റെ ഭർത്താവിന്റെ അടുത്തേക്ക് കാളിയമ്മയെ നീക്കിക്കിടത്തി. ഒരു പുതപ്പുമായി ഉമ്മറത്തെ തിണ്ണയിൽ പോയി കിടന്നു.

ഒന്ന് പ്രസവിക്കാനുള്ള മോഹം. ഒരു കുട്ടിക്കുള്ള മോഹം ആ ഉപദേശം ഉൾക്കൊള്ളാൻ കാളിയമ്മയ്ക്ക് സമയമെടുത്തില്ല. അവർ അയാളുടെ പുതപ്പിനുള്ളിലേക്ക് കയറി. അവരുടെ കൈകൾ അയാളുടെ ശരീരത്തിലേക്ക് ഓടിയപ്പോൾ അയാൾ അനങ്ങി. കെട്ടിപ്പിടിച്ച് കുറേ മുത്തം കൊടുത്തു. സ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കാൻ അവർ ഒന്നാകുകയായിരുന്നു.

അവർ മടങ്ങിപ്പോയി. മാസങ്ങൾ കഴിഞ്ഞിട്ടും കാളിയമ്മയുടെ വയർ വീർത്തില്ല. സ്വപ്നങ്ങൾ നിലംപതിച്ചു. എങ്കിലും ഒന്ന് രണ്ട് ചെറുപ്പക്കാരിൽ കൂടി പരീക്ഷണം നടത്തി. ഫലം കിട്ടാഞ്ഞ് അവരെ തോന്ന്യാസം വിളിച്ച് ഓടിച്ചു. വേദന ഉള്ളിലൊതുക്കി നാട്ടിലെ സ്ത്രീകളുടെ പ്രസവവേദനകളുടെ സാക്ഷ്യം വഹിച്ചു.

ഇന്ന് വീട്ടിൽ നിന്ന് ഇറങ്ങിയപ്പോൾ ആരിൽ നിന്നും പണം കിട്ടിയില്ല. ഗ്രാമത്തിൽ വലിയ ആശുപത്രിയും ഒരുപാട് നേഴ്സുമാരും കുറേ ഡോക്ടർമാരും ആയിരിക്കുന്നു. ഇപ്പോൾ ആർക്കും വയസ്സായ ഈ വയറ്റാട്ടിയേ വേണ്ട. വൈകുന്നേരമാകുമ്പോഴേക്കും കള്ളിനും മീനിനും പണം വേണം. അവരേയും കാത്ത് കെട്ടിയോൻ ചുരുണ്ടു കിടപ്പുണ്ടാവും.

അപ്പോഴാണ് തമ്പുരാനെ ഓർമ്മ വന്നത്. നാട്ടുപ്രമാണി. അവിടെപ്പോയാൽ കാശു കിട്ടുമെന്നുറപ്പുണ്ടായിരുന്നു. തമ്പുരാന്റെ മോ

ൾ കഴിക്കാൻ ഭക്ഷണവും തരും. മോളെ കാണുമ്പോൾ ഒരു കുറ്റബോധം മനസ്സിലുദിക്കും. അവളെ പ്രസവിച്ച് തമ്പുരാട്ടി മരിച്ചതിൽ താൻ കുറ്റക്കാരിയാണെന്ന തോന്നൽ.

വളരെ വർഷം മുമ്പാണ്. കടുത്ത മഴ, കൂരാകൂരിരുട്ട്. കുടിലിന്റെ വാതിൽ മുട്ടുകേട്ട് വിളക്കു കൊളുത്തി പുറത്തുവന്നപ്പോൾ തമ്പുരാൻ. "ഇയ്യ് വേഗം വാ. ഭാര്യക്ക് പ്രസവവേദന തുടങ്ങി. ഡോക്ടറെ വിളിക്കാൻ പോയിട്ടുണ്ട്. ഡോക്ടറൊക്കെ ദൂരത്തല്ലെ. വരാൻ വൈകും. അപ്പോഴേക്കും നീയ്യ് വന്നൊന്ന് നോക്ക്." തമ്പുരാൻ പറഞ്ഞുനിർത്തിയപ്പോൾ പിന്നെ മടിച്ചില്ല. ഒപ്പം ഇറങ്ങിനടന്നു.

മഴ കനത്തു. തമ്പുരാന്റെ ടോർച്ചിന്റെ വെളിച്ചത്ത് വയലിന്റെ വരമ്പിലൂടെ നടന്നു. വസ്ത്രങ്ങൾ നനഞ്ഞൊലിച്ചു. അൽപ്പം നടന്നപ്പോൾ തോട് വന്നു. പാറകൾ നിറഞ്ഞ തോട്. പാറകളിൽ വെള്ളമടിച്ച് ഉതിർന്നുവീഴുന്നത് ഇടിമിന്നലിന്റെ വെളിച്ചത്തിൽ ഇടവിട്ട് ഇടവിട്ട് കണ്ടു. മുറിച്ചുകടക്കാൻ തോട്ടിലേക്ക് ഇറങ്ങി. അധികം ആഴമില്ല. മുട്ടിന്നുതാഴെയാണ് വെള്ളം. അപ്പോഴാണ് വഴുക്കുള്ള പാറയിൽ വഴുതിവീണത്. തമ്പുരാൻ വന്ന് കൈപിടിച്ചു. തമ്പ്രാന്റെ കൈപിടിച്ച് നീങ്ങുമ്പോൾ വഴുക്കി രണ്ടുപേരും വീണു. നനഞ്ഞൊലിച്ച തുണികൾക്കുള്ളിൽ ശരീരസൗന്ദര്യം പുറത്തേക്കു കവിഞ്ഞപ്പോൾ തമ്പുരാൻ ഭാര്യയുടെ കാര്യം മറന്നിരുന്നു. ആ പാറക്കെട്ടുകളെ സാക്ഷ്യം വഹിച്ച് അവൾ സ്വപ്നങ്ങൾ നെയ്തു. തമ്പുരാനിൽ നിന്ന് തനിക്കൊരു കുട്ടി. പക്ഷെ വിധിയെ മറി കടക്കാൻ തമ്പുരാനും കഴിഞ്ഞില്ല.

വളരെ വൈകിയായിരുന്നു തമ്പുരാന്റെ വീട്ടിലെത്തിയത്. അവിടെയെത്തിയപ്പോൾ സ്ത്രീകളുടെ നിലവിളി കേട്ടു. തമ്പുരാന്റെ അമ്മ കരഞ്ഞുകൊണ്ട് പറഞ്ഞു, "അവൾ കുട്ടിയേയും തന്ന് എന്നെന്നേക്കുമായി പോയി. തമ്പുരാന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. അൽപ്പം വേഗമെത്തിയിരുന്നെങ്കിൽ രക്ഷപ്പെടുത്താമായിരുന്നു എന്ന വേദന കാളിയമ്മയുടെ മനസ്സിനെ അലട്ടി. ആ അലട്ടൽ ഇന്നുമുണ്ട്. തമ്പുരാന്റെ മോളെ കാണുമ്പോൾ അത് കൂടും.

തമ്പുരാന്റെ വീട്ടിൻ മുറ്റത്ത് പന്തലിടുന്നതുകണ്ട് കാളിയമ്മ മിഴിച്ചുനിന്നു. ആളുകൾ പല പണികളിലും തിരക്കിലാണ്. തമ്പുരാൻ ചാരുകസേരയിൽ പൂമുഖത്തിരിപ്പുണ്ട്. ഗർഭമുള്ള മകൾ വയറുമായി അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നു. വിവരമറിയാൻ കാളിയമ്മ തിടുക്കം കാട്ടി. "എന്താ തമ്പ്രാ പന്തലും മറ്റും വിശേഷം വല്ലതും ?" ചിരിച്ചുകൊണ്ട് തമ്പ്രാൻ പറഞ്ഞു. "മകളുടെ കുട്ടിയുടെ ഇരുപത്തെട്ടാ വരുന്നത്. എല്ലാം റെഡിയാക്കിയാൽ പിന്നെ വിഷമമില്ലല്ലോ. ക്ഷണവും തുടങ്ങി."

കാളിയമ്മക്ക് അത്ഭുതം തോന്നി. "അതിന്ന് പ്രസവം കഴിഞ്ഞിട്ടില്ലല്ലോ." അതിന്ന് കാളിയമ്മക്ക് തമ്പുരാന്റെ മറുപടി. "കാളി ഇത് വയറ്റാട്ടിയുടെ കാലമല്ല. നല്ല ഡോക്ടർമാരുണ്ട്. എന്ന് ഓപ്പറേഷൻ ചെയ്ത് കുട്ടിയെ എടുക്കണമെന്നും എന്ന് ഇരുപത്തെട്ടാഘോഷിക്കണമെന്നും മുമ്പേക്കൂട്ടി തന്നെ നിശ്ചയിക്കാം."

കാളിയമ്മ മൂക്കത്ത് വിരൽ വച്ചു. എന്നിട്ടു പറഞ്ഞു, "ശരിയാ തമ്പ്രാ കാലം മാറിയിരിക്കുന്നു. ഇത് കലികാലം തന്നെ. ഒന്നുകൂടി ഡോക്ടർമാർക്ക് നടത്താൻ പറ്റിയാൽ നന്നായിരുന്നു."

"അതെന്താ കാളി ?" തമ്പ്രാന്റെ ചോദ്യത്തിന്ന് കാളിയമ്മ ചിരിച്ചുകൊണ്ട് പറഞ്ഞു, "ഈ വയറൊന്ന് കീറി കുട്ടിയിട്ട് തുന്നിക്കെട്ടിയാൽ ഇയ്ക്കൊന്ന് പെറാമായിരുന്നു." തമ്പ്രാനും മോളും അതുകേട്ട് പൊട്ടിച്ചിരിച്ചു. ആ ചിരിയുടെ ഇടയിലും തമ്പുരാൻ മനസ്സിലാക്കി, ഇത്ര വയസ്സായിട്ടും പ്രസവിക്കാത്ത ദുഃഖം വയറ്റാട്ടിയെ നീറ്റുന്നുണ്ടെന്ന്. ●



# ചിന്ത


**രാജേന്ദ്രൻ തിരുവല്ല**
**9446990896**

ചിന്തയാൽ യെൻ മനം
വെന്തുരുകുന്നിതാ
ചിന്തകളേറി ഞാൻ
ഭ്രാന്തനായ് തീരുമോ ?
എന്തിനെൻ ബന്ധങ്ങൾ
ചിന്തി തീ കീറുന്നു
ചന്തം നിനക്കേറെ-
യുണ്ടവയൊക്കെ
സത് ചിന്തയായ്
മാറ്റുവാൻ യെന്തേമടിക്കുന്നു.
മോഹങ്ങളേറെ
യെന്നിയ്ക്കേകിയിട്ട്
രാവിലെൻ നിദ്രക്ക്
വിഘ്നം വരുത്തിനി.
വേദനയേറെയനുദിനമേകിയെൻ
മോഹനസ്വപ്നങ്ങൾ
തല്ലിത്തകർക്കയോ ?
എന്തിനും പിന്നാലെ
പായുന്ന ചിന്തയേ,
നിന്നെ ബന്ധിച്ചുനിർത്തുവാൻ
എന്തിനി പോംവഴി
എത്രയോ ദൂരങ്ങൾ താണ്ടി
തളർന്നയെൻ ചിത്തമേ
അൽപമെൻ ചിന്തക്ക്
വിശ്രമമേകുവാൻ
എന്തേ മടി കാട്ടിനിൽപ്പൂ നീ
നിദ്രയെന്നെ തഴുകി
ചാരത്തുവന്നു നിൽപ്പിതാ
എല്ലാം മറന്നൊന്ന്
ഉറങ്ങാൻ തുടങ്ങട്ടെ
എന്നെ ഉണർത്തിത്തളർത്തല്ലേ ?
നാളെ പുലർകാലെ
ഉണർവോടെ യെൻമനം
പൂത്തുലഞ്ഞെങ്ങും സുഗന്ധം
പരത്തുവാൻ പാകപ്പെടുത്തി
തരുവാൻ മടിയ്ക്കല്ലേ ?

**സമൂഹം ആദ്യം നിങ്ങളെ അവഗണിക്കും പിന്നെ പരിഹസിക്കും പിന്നെ പോരടിക്കും ഒടുവിൽ നിങ്ങൾ ജയിക്കും.**

**-മഹാത്മാഗാന്ധി-**

# ആരാണയാൾ ?



സൈനുദീൻ മുണ്ടക്കയം
9947253006

"**ഞാ**നാ കസേരയിലൊന്നിരുന്നോട്ടെ ?" വോക്കിംഗ് സ്റ്റിക്കിന്റെ പിൻബലത്തിൽ സിറ്റൗട്ടിലേക്ക് ആയാസപ്പെട്ടു കയറിവന്ന മാന്യനായ വൃദ്ധൻ പതിഞ്ഞ ശബ്ദത്തിൽ ചോദിച്ചു. ശരീരം വിയർക്കുന്നുണ്ടായിരുന്നു. വീണുപോകുമോ എന്ന് സംശയിച്ചു. ആരാണെന്നും എന്തിനു വന്നു വെന്നും മറ്റും ചോദിക്കാനാഞ്ഞതാണ്. ഇന്ദിര അയാളെ താങ്ങിപ്പിടിച്ച് കസേരയിലിരുത്തിക്കൊണ്ട് ഫാനിന്റെ സ്വിച്ചിൽ വിരലമർത്തി, വേഗത കൂട്ടാനും മറന്നില്ല. ഫാനിന്റെ കാറ്റേറ്റ് അയാൾ കസേരയിൽ ചാരിയിരുന്നു.

"കുടിക്കാനെന്തെങ്കിലും വേണോ ?" ആ ചോദ്യത്തിന് അർത്ഥമില്ലെന്ന് പെട്ടെന്ന് തന്നെ ഓർത്ത് വീട്ടിനുള്ളിലേക്ക് പാഞ്ഞു. ഒരു ഗ്ലാസ് വെള്ളവുമായി വന്ന് വൃദ്ധന് കൊടുത്തു. അയാളത് കുറേശ്ശേയായി കുടിച്ച്, ഗ്ലാസ് കയ്യിൽ ത്തന്നെ വച്ചുകൊണ്ട് ഇന്ദിരയെ നിർന്നിമേഷം നോക്കി ചിന്തയിലാണ്ടിരുന്നു.

ആരാണിയാൾ ? എന്തിനിവിടേക്ക് വന്നു ? ചോദിക്കണമെന്നുണ്ട്. ഈ അവസ്ഥയിൽ അതുചിതമല്ല. ക്ഷീണം മാറട്ടെ. ഇയാൾ ഇവിടേയ്ക്ക് തന്നെ വന്നതായിരിക്കുമോ ? ഏയ് അതാവില്ല. മുമ്പ് കണ്ടതായി ഓർക്കുന്നില്ല. അപ്പോൾ പരിചിതനല്ല. പരിചയഭാവം അയാൾക്കുമില്ല. പെട്ടെന്നുണ്ടായ തളർച്ചയിൽ അടുത്തുകണ്ട വീട്ടിലേയ്ക്ക് വിശ്രമാർത്ഥം കടന്നുവന്നതാകാം. അതെ... അതങ്ങനാകാനേ വഴിയുള്ളു. കാഴ്ചയിൽ മാന്യൻ, കുലീനൻ, തികച്ചും യാദൃശ്ചികമായ സന്ദർശനം തന്നെ.

എന്നിരുന്നാലും, അപരിചിതനായ ഒരാൾ തന്റെ വീട്ടിലേയ്ക്ക് പെട്ടെന്നു കടന്നുവരുന്നു, തളർന്നുവീഴാനൊരുങ്ങുന്നു. താൻ താങ്ങിയിരുത്തി പരിചരിക്കുന്നു. എന്തോ ഒരസ്വാഭാവികത ഈ സംഭവത്തിൽ തോന്നിപ്പോകുന്നു. മനുഷ്യാവസ്ഥയല്ലേ, ആർക്ക് എപ്പോൾ എന്തു സംഭവിക്കും എന്ന് പ്രവചിക്കുക വയ്യല്ലോ. ആപത്തുസമയത്ത് ആര് സഹായിക്കും എന്ന് തീർച്ചയില്ല.

ഇന്ദിര അയാളെ സൂക്ഷിച്ചുനോക്കി. എന്തായാലും ആര് ? എന്ത്? എന്നൊക്കെ ചോദ്യം ചെയ്യാൻ വരട്ടെ. അയാൾ ക്ഷീണത്തിൽ നിന്ന് മുക്തനാകട്ടെ. അദ്ദേഹത്തിന്റെ മാനസികാവസ്ഥ എന്തെന്ന് തനിക്കറിയില്ലല്ലോ. അയാൾ ദീർഘമായി നിശ്വസിച്ചു. കസേരയിൽ നിവർന്നിരുന്നു.

"ക്ഷീണത്തിന് കുറവുണ്ടോ ?" ഇന്ദിര വിനയത്തോടെ അന്വേഷിച്ചു.

"ഉം" അയാൾ മെല്ലെ മൂളി.

"ആരാ മനസ്സിലായില്ല ?"

വൃദ്ധൻ ചിന്തയിൽ നിന്നുണർന്നു. "ങേ, എന്താ ചോദിച്ചത് ?" അയാൾ പരിസരബോധം വീണ്ടെടുക്കുകയായിരുന്നു. "ഞാനാരെന്നാവും അല്ലേ ?" ക്ഷീണസ്വരത്തിൽ പ്രതികരിച്ചു.

അതെ എന്നർത്ഥത്തിൽ ഇന്ദിര തലയിളക്കി അയാളുടെ മുഖത്തേക്കു നോക്കി. ഒരു ചെറുമന്ദഹാസം ചുണ്ടിൽ വിരിഞ്ഞു. "ഞാൻ നിങ്ങൾക്കപരിചിതനാണ്. ഇതുവഴി യാദൃശ്ചികമായി വന്നതാണ്. ചുമരിലെ ഫലകത്തിൽ 'പ്രൊഫസർ. ഇന്ദിരാ മുകുന്ദൻ, മേച്ചേരി' എന്ന് കണ്ടുകേട്ടു പരിചയമുള്ള പേര്, എഴുത്തുകാരിയാണല്ലേ ? പരിചയപ്പെടാമെന്ന് കരുതിയാണ് ഗേറ്റ് കടന്നത്. പെട്ടെന്നൊരു തളർച്ച തോന്നി. അതാണ് അനുവാദം കൂടാതെ കയറിവന്നത്. ബുദ്ധിമുട്ടിച്ചതിൽ ക്ഷമിക്കണം." അയാൾ മെല്ലെ എണീക്കാനാഞ്ഞു.

ഇന്ദിര അയാളെ തടഞ്ഞു. "സാരമില്ല, ഇരുന്നോളൂ. ക്ഷീണം മാറിയിട്ടുപോകാം. ചായയോ മറ്റോ എടുക്കട്ടേ ?"

"നന്ദി ഒന്നും വേണ്ട" അയാൾ എഴുന്നേറ്റുനിന്നു. "എനിക്ക് നടക്കാമെന്ന് തോന്നുന്നു. ഇനിയൊരിക്കൽ വിശദമായി പരിചയപ്പെടാം. അല്ല... ഈ മുകുന്ദൻ...?" അയാൾ അർദ്ധോക്തിയിൽ നിർത്തി.

"അച്ഛനാണ്. മേച്ചേരി അമ്മയുടെ തറവാട്ടുപേരും." ഇന്ദിര അയാളെ നോക്കി. അയാളുടെ മുഖത്ത് ചെറിയ ഭാവമാറ്റം. ഇന്ദിര കാണാതിരിക്കാനെന്നോണം പെട്ടെന്നയാൾ മുഖം തിരിച്ചു. ക്ഷീണിതനെങ്കിലും തിടുക്കത്തിൽ പടിയിറങ്ങി പോകുന്ന അയാളെ അവൾ സാകൂതം നോക്കിനിന്നു. ഒന്നും ചോദിക്കാനും പറയാനും അവസരം ലഭിച്ചില്ല. അയാളുടെ ആഗമനം അപ്രതീക്ഷിതവും ആകസ്മികവുമായിരുന്നു. പേരുപോലും ചോദിക്കാൻ മറന്നു. ആരായിരിക്കാം ? ങാ, ഇനിയെപ്പോഴെങ്കിലും കാണാനിടയായാൽ ചോദിച്ചറിയാം.

അസാധാരണമായ ഒരാകാംക്ഷ സമ്മാനിച്ചിട്ടാണയാൾ പോയത്. ഇന്ദിര കുറച്ചുസമയം അയാളെപ്പറ്റിത്തന്നെ ചിന്തിച്ചിരുന്നു. ഇത്തരം ഒരു കൂടിക്കാഴ്ച ആരുമായും ഉണ്ടായിട്ടില്ല. പലതരത്തിലും പ്രകൃതത്തിലുമുള്ള ആളുകളെ കാണുകയും പരിചയപ്പെടുകയും ചെയ്തിട്ടുണ്ട്. ഇതങ്ങനെയല്ല. അയാളാരാണെന്നറിയാനുള്ള ഒരുൾ

വിളി മനസ്സിൽ മാറ്റൊലി കൊള്ളുന്നു.

തൊട്ടടുത്തുനിന്ന ആളോട് പേര് ചോദിക്കാനും ആരാണെന്നറിയാനും വിട്ടുപോകുക, തന്നെ സംബന്ധിച്ചിടത്തോളം അതപൂർവ്വതയാണ്. അച്ഛന്റെ പേരും വീട്ടുപേരും അയാൾക്ക് പരിചിതമായിത്തോന്നി. എന്നിട്ട് എന്തുകൊണ്ടയാൾ ഒന്നും മിണ്ടാതെ കടന്നുപോയി. ആശ്ചര്യമായിരിക്കുന്നു. ഒരുപക്ഷേ താനാരാണെന്ന് വെളിപ്പെടുത്താൻ മടിയുള്ളതുപോലെ.

അമ്മയുടെ വിളികേട്ടാണ് ചിന്തയിൽ നിന്നുണർന്നത്. “ഓ ഹാ ! നീയിവിടെ വന്നിരിക്കുകയായിരുന്നോ ? മുറിയിലൊക്കെ തെരഞ്ഞിട്ടാണ് ഞാൻ വരുന്നത്. എന്താ! വല്ലതും എഴുതാനുള്ള ചിന്തയിലാണോ ? എങ്കിൽ ഞാൻ ശല്യപ്പെടുത്തുന്നില്ല.” അമ്മ തിരിഞ്ഞു നടക്കാനൊരുങ്ങി.

“അമ്മയിവിടെ ഇരിക്കു. അല്പം മുമ്പ് ഇവിടൊരു നാടക മരങ്ങേറി. അമ്മയോട് പറയാൻ അവസരം കിട്ടിയില്ല.” നടന്ന സംഭവങ്ങൾ അമ്മയോട് വിശദീകരിച്ചു. അമ്മയ്ക്കതിൽ അസ്വാഭാവികമായിട്ടൊന്നും തോന്നിയില്ല.

“വഴിപോക്കനായിരിക്കും. നടന്നുപോകുന്നതിനിടയിൽ ക്ഷീണം തോന്നി കയറിയതാവും. വഴിയിൽ വീണുപോയാലോ എന്നു ഭയന്നുകാണും. പിന്നെ പേര് ചോദിച്ചത്... അത് സാധാരണയല്ലെ. തന്നെ സഹായിച്ച ആളോട് എന്തെങ്കിലും കുശലം ചോദിക്കുക എന്ന മര്യാദ. പോരാഞ്ഞിട്ട് നീ സാഹിത്യകാരിയും. അതിലൊന്നും പ്രത്യേകത കാണാൻ ശ്രമിക്കുന്നതിലർത്ഥമില്ല. ശരി... ഞാൻ വെറുതെ നിന്നെ അന്വേഷിച്ചെന്നേയുള്ളൂ.” അമ്മ അകത്തേക്ക് നടന്നു.

പ്രൊഫസർ ഇന്ദിരാ മുകുന്ദൻ എന്ന കഥാകാരിക്ക് എന്തുകൊണ്ടോ ഇതത്ര നിസ്സാരമായി തള്ളിക്കളയാൻ തോന്നിയില്ല. മനസ്സിൽ അതങ്ങനെ അസ്വസ്ഥതയായി വളർന്നുകൊണ്ടേയിരുന്നു. ഒരു കഥയുടെ ബീജമായി രൂപപ്പെട്ടേക്കാം. കഥകൾ പിറക്കുന്നതുതന്നെ അസ്വസ്ഥതകളിൽ നിന്നും യാദൃച്ഛികതകളിൽ നിന്നുമാണെന്നതാണ് തന്റെ അനുഭവം.

സ്വന്തം ജീവിതം തന്നെ ഏതോ ഒരസ്വസ്ഥ ബിന്ദുവിൽ നിന്നുത്ഭവിച്ച് ഇടറി നീങ്ങി ഇവിടം വരെ എത്തിപ്പെട്ടതാണല്ലൊ. അച്ഛനെ കണ്ടിട്ടില്ല. ഒരു ഫോട്ടോ പോലും സൂക്ഷിച്ചുവച്ചിട്ടുമില്ല. അച്ഛനെക്കുറിച്ച് അറിയാനാഗ്രഹിച്ചപ്പോഴൊക്കെ അമ്മ കോപം കൊണ്ട് പൊട്ടിത്തെറിക്കുമായിരുന്നു. തിരിച്ചറിവായ കാലത്തൊരിക്കൽ അച്ഛനെപ്പറ്റി ചോദിച്ചപ്പോൾ എന്താടീ... നിനക്കച്ഛനെ വേണോ ? എന്നെ തീരെ പറ്റാതായോ ? ഒ...ര...ച്ഛ...ൻ ! മേലിലെന്നോടിക്കാര്യം ചോദിച്ചുപോകരുത്. നിനക്കച്ഛനില്ല ! ആ പ്രതികരണത്തിന് കാർക്കശ്യം വളരെ കൂടുതലായിരുന്നു. തന്നെ തള്ളിമാറ്റി കിടക്കയിൽ കിടന്ന് ഇടനെഞ്ചുപൊട്ടുമാറുള്ള കരച്ചിൽ കണ്ടുനില്ക്കാനായില്ല. അമ്മ അത്രമേൽ വേദനപ്പെടുന്നത് കാണാനുള്ള കരുത്ത് തനിക്കില്ല. അതോടെ അന്വേഷണം നിലച്ചു. സംശയം ബാക്കിയായി.

സ്വന്തം കുടുംബക്കാരെപ്പറ്റിയും അമ്മ ഒന്നും പറഞ്ഞിട്ടില്ല. ആരോരുമില്ലാതെ നടുക്കടലിൽ, ഒറ്റത്തുരുത്തിൽ കഴിയുന്നവരാണോ താനുമമ്മയും ? ഉറ്റവരും ഉടയവരുമില്ലാത്തവർ ! കുട്ടിക്കാലം മുതൽ ഈ ചോദ്യം മനസ്സിൽ കിടന്ന് എരിപൊരി കൊള്ളുകയാണ്. പിന്നീടൊരിക്കൽ പോലും അമ്മയെ പ്രകോപിപ്പിക്കാതിരിക്കാൻ ബോധപൂർവ്വം ശ്രമിച്ചിരുന്നു. ശൂന്യതയിൽ നിന്നും വന്നവരാണ് തങ്ങളെന്ന ഒരു തോന്നൽ നിലനിന്നു. അമ്മയുടെ സ്നേഹത്തണലിൽ വളർന്നു, പഠിച്ചു, കോളേജ് അദ്ധ്യാപികയുമായി. സ്നേഹം ഞങ്ങൾ പരസ്പരം പങ്കുവച്ചു പകുത്തുകൊടുക്കാൻ മറ്റാരുമില്ലല്ലോ.

പ്രീഡിഗ്രിക്ക് പഠിക്കുന്ന കാലത്ത് ഒരനാഥ പെൺകുട്ടിയുടെ കഥ എഴുതി. ആദ്യ കഥ. അത് ഒരു വാരികയിൽ പ്രസിദ്ധീകൃതമായപ്പോൾ എഴുത്തിലുള്ള താല്പര്യം വളർന്നു. മനസ്സിന്റെ കോണിൽ കിടന്ന് തന്നെ അലോസരപ്പെടുത്തിയിരുന്ന ചിന്തകൾ കഥകളായി. അങ്ങനെ മേച്ചേരി ഇന്ദിരാ മുകുന്ദൻ അറിയപ്പെട്ടുതുടങ്ങി.

എന്തുകൊണ്ടോ അച്ഛന്റെ പേര് തന്റെ പേരിനൊപ്പം ചേർത്തത് ഇഷ്ടത്തോടെയല്ലെങ്കിലും അമ്മ അനുവദിച്ചുതന്നു. അത്രയും ആശ്വാസം. എങ്കിലും ഒരിക്കൽ പോലും കണ്ടിട്ടില്ലാത്ത അച്ഛൻ മനസ്സിലൊരു നീറ്റലായി നില്ക്കുന്നു.

അമ്മ എന്നും ഒരു പ്രഹേളികയായിരുന്നു. ആരോടും ഒന്നും വെളിപ്പെടുത്താതെ, തന്റെ ദുഃഖങ്ങൾ ഒളിപ്പിച്ച്, ജോലി സ്ഥലത്തും സുഹൃത്തുക്കൾക്കുമിടയിൽ പ്രസന്നത പ്രകടിപ്പിച്ച്, മകളുടെ രക്ഷയും വിദ്യാഭ്യാസവും ഉയർച്ചയും ലക്ഷ്യമാക്കിയുള്ള ഒരൊറ്റയാൾ പോരാട്ടം. സ്വന്തം സുഖം അവർക്കന്യമായിരുന്നു.

പല രാത്രികളിലും അമ്മയുടെ നീറുന്ന മനസ്സിന്റെ ചുടുനിശ്വാസം തന്റെ ശരീരത്തിൽ തട്ടിയിരുന്നത് ഇന്ദിര ഓർത്തു. അമ്മയെ കൂടുതൽ വേദനിപ്പിക്കാതിരിക്കാൻ താനതൊന്നും അറിഞ്ഞതായി ഭാവിച്ചിട്ടില്ല. ആശ്വാസവാക്കുകൾ അമ്മയെ വിറളി പിടിപ്പിക്കുമായിരുന്നു.

അച്ഛനുമായി അടുക്കുന്ന കാലത്ത് സർക്കാരുദ്യോഗസ്ഥയായിരുന്നതിനാൽ സ്വന്തം കാലിൽ നില്ക്കാൻ കഴിഞ്ഞു. അതായിരുന്നമ്മയുടെ ജീവിതനേട്ടം.

അമ്മ ഗർഭിണിയായ കാലത്ത് അച്ഛനെ വീട്ടുകാർ നിർബന്ധിച്ച് മറ്റൊരു വിവാഹം കഴിപ്പിച്ചു. മകന്റെ പ്രണയം അവർ അംഗീകരിച്ചില്ല. അദ്ദേഹം കുടുംബക്കാർക്ക് കീഴടങ്ങുകയായിരുന്നു. അതോടെ അമ്മയിൽ നിന്നകന്നു. താൻ കാരണം പതിതയാക്കപ്പെട്ട പെണ്ണിനെ തിരിഞ്ഞുനോക്കാൻ അദ്ദേ

ഹത്തിന് കഴിഞ്ഞില്ല. ഒരുതരം ഒളിച്ചോട്ടം അല്ലെങ്കിൽ ഭീരുത്വം. ഒരിക്കലെങ്കിലും തങ്ങളെപ്പറ്റി അന്വേഷിക്കേണ്ടതല്ലെ ? ഇന്നേവരെ അതുണ്ടായില്ല.

അമ്മുടെ കുടുംബവും അകന്നു. അതോടെ സ്വന്തം നാട്ടിൽനിന്നും വളരെ അകലെ, ഈ നാട്ടിലേക്ക് സ്ഥലം മാറിവന്നു. ആരും അറിയാത്ത ദിക്കിൽ ചേക്കേറി. പ്രസവിച്ചതും കുട്ടിയെ വളർത്തിയതും ഇവിടെത്തന്നെ. സ്വന്തനാടും കുടുംബവുമായി പിന്നീടൊരു ബന്ധവും പുലർത്തിയില്ല. അമ്മയുടെ മനസ്സ് ദൃഢമായിരുന്നു.

ഇത്രയും വിവരങ്ങൾ, അമ്മ ഏതോ ഒരു ദുർബ്ബല നിമിഷത്തിൽ പറഞ്ഞുപോയതാണ്. കേട്ടത് ഓർമ്മയിൽ സൂക്ഷിക്കാനുള്ള പ്രായമായിരുന്നതിനാൽ താനുമത് മനസ്സിന്റെ ചെപ്പിലൊളിപ്പിച്ചു. പൂർവ്വ ചരിത്രം അത്രമാത്രം. പറഞ്ഞുതരാൻ മറ്റാരുമുണ്ടായിരുന്നില്ലല്ലൊ.

സ്കൂൾ സർട്ടിഫിക്കറ്റിൽ നിന്നാണ് തറവാട്ടുപേരും അച്ഛന്റെ പേരും കണ്ടെത്തിയത്. മകളെ തന്തയില്ലാത്തവളായി ആരും ചിത്രീകരിക്കരുത് എന്നു കരുതിയിട്ടാവാം അച്ഛന്റെ പേര് സർട്ടിഫിക്കറ്റിൽ കൊടുത്തത്. ഇന്നും അമ്മയുടെ സ്വന്തക്കാരാരൊക്കെയുണ്ടെന്നതും ദുരൂഹം. തനിക്കുതാനും പുരയ്ക്ക് തൂണുമെന്നതുപോലെ അമ്മയ്ക്കു ഞാനും എനിക്ക് അമ്മയും മാത്രം.

അമ്മയുടെ ജീവിത കഥയോർത്തപ്പോൾ തനിക്കും ഒരു ജീവിത പങ്കാളി വേണ്ടെന്ന് തീരുമാനിക്കുകയായിരുന്നു. അമ്മയും സഹപ്രവർത്തകരും ഏറെ നിർബന്ധിച്ചതാണ്. തീരുമാനത്തിൽ ഉറച്ചുനിന്നു.

തന്റെ കഥകളിലെ കഥാപാത്രങ്ങൾ പ്രണയിച്ചു, വിവാഹിതരായി, പ്രസവിച്ചും മക്കളെ താലോലിച്ചു. ആ സുഖങ്ങളിലൂടെ തന്റെ ജീവിതവും ധന്യമായി. നിരാശതെല്ലുമില്ല.

അയാൾ ആരായിരിക്കും? വീണ്ടും ആ ചിന്ത ഒരു സൈ്വരക്കേടായി മനസ്സിൽ അലയുന്നു. ഒരവധി ദിനം. ടൗണിലേക്ക് പോയതായിരുന്നു. തിരക്കുള്ള റോഡ് മുറിച്ചുകടക്കുന്നതിനിടയിൽ എതിർ ഭാഗത്തുനിന്നും ആ മനുഷ്യൻ നടന്നുവരുന്നു. മനുഷ്യരുടേയും വാഹനങ്ങളുടേയും തിരക്കിനിടയിൽ നില്ക്കാനോ മിണ്ടാനോ കഴിഞ്ഞില്ല. അയാൾ മുഖത്തേക്കുനോക്കി പുഞ്ചിരിച്ചുകൊണ്ട് കടന്നുപോയി. തിക്കിത്തിരക്കി മറുവശത്തെത്തി തിരിഞ്ഞുനോക്കുമ്പോൾ, കാറിൽ കയറി പോകുന്നതും മായാത്ത പുഞ്ചിരിയോടെ തിരിഞ്ഞുനോക്കുന്നതും കണ്ടു.

കഷ്ടമായി. ഒന്ന് മിണ്ടാൻ പറ്റിയില്ലല്ലോ. അയാൾ ചിരിച്ചതും തിരിഞ്ഞുനോക്കിയതും അന്നു കണ്ട പരിചയം വച്ചാകാം. എന്തായാലും അയാൾ തന്റെ മനസ്സിൽ ചിന്തകളുണർത്തിക്കൊണ്ടിരിക്കുന്നു. ഇനി ഒരു പക്ഷേ അമ്മയുടെ അടുത്ത ബന്ധുക്കളാരെങ്കിലുമായിരിക്കുമോ ? ഒരിക്കൽ പോലും കുടുംബാംഗങ്ങളെ അമ്മ പരാമർശിച്ചിട്ടേയില്ല.

അച്ഛനെക്കുറിച്ച് അറിയാനൊരു വഴിയുമില്ല. അമ്മയുടെ മുഖത്തുനിന്നും കേൾക്കാൻ കഴിഞ്ഞെന്നുവരില്ല. ബന്ധുക്കൾ ആരും ഒരിക്കലും തിരഞ്ഞുവന്നിട്ടുമില്ല. അമ്മയുടെ മാതാപിതാക്കളോ കൂടപ്പിറപ്പുകളോ ആരും തിരിഞ്ഞുനോക്കിയിട്ടില്ലെന്നതും അത്ഭുതം !

അവിഹിത ഗർഭം ധരിച്ചവളെ അഭിമാനികളായ കുടുംബക്കാർ പടിയടച്ചു പിണ്ഡം വച്ചിരിക്കണം. അമ്മയുടെ പിടിവാശിയും കാരണമായേക്കാം. വർഷങ്ങൾ ഇല കൊഴിയും പോലെ ഉതിർന്നു വീഴുകയാണല്ലൊ. തനിക്കിപ്പോൾ നാല്പത്തഞ്ചു കഴിഞ്ഞു. അമ്മയുടെ പലായനത്തിനും അത്രതന്നെ പ്രായം.

ടൗണിൽ നിന്നും തിരിച്ചെത്തി. വൈകുന്നേരം അമ്മയുമായി പലതും സംസാരിച്ച കൂട്ടത്തിൽ അയാളെപ്പറ്റിയും സൂചിപ്പിച്ചു. അമ്മ നിസ്സംഗതയോടെ കേട്ടിരുന്നു. അയാളുടെ രൂപഭാവങ്ങൾ വെറുതെ വർണ്ണിച്ചു.

"സാമാന്യം നല്ല ഉയരം, മെലിഞ്ഞ ശരീരപ്രകൃതി, ചുണ്ടിനരികുപറ്റിയ നേർത്ത മേൽ മീശ, പിന്നിലേക്ക് ചീകിയൊതുക്കിയ നരച്ച ചുരുണ്ടമുടി, വെള്ള ഷർട്ടും മുണ്ടും. പിന്നെ വോക്കിംഗ് സ്റ്റിക്കും കണ്ണടയും. പ്രായമായപ്പോൾ അവ രണ്ടും സഹയാത്രികരായതായിരിക്കും."

ഇതൊക്കെ നീയെന്തിനെന്നോടു പറയുന്നു. എനിക്കയാളെ അറിയില്ല. ഞാൻ കണ്ടിട്ടുമില്ല. നീ പറഞ്ഞുള്ള അറിവല്ലെ എനിക്കുള്ളു." തെല്ലു പരിഭവത്തോടെ അമ്മ പറഞ്ഞു. ആ മുഖത്ത് ഗൗരവഭാവം. ഇനി എന്തുചോദിച്ചിട്ടും കാര്യമില്ല. മറുപടി കിട്ടുകയുമില്ല. ഗൗരവഭാവം അതിന്റെ സൂചനയാണ്.

അമ്മയുടെ മുഖത്ത് ചിന്തയുടെ ലാഞ്ചന കണ്ടു. അത് എന്റെ ശ്രദ്ധയിൽ പെടാതിരിക്കാൻ ധൃതിയിൽ നടന്നകന്നു. ഒരുപക്ഷെ, ആരുടെയെങ്കിലും ഛായ മനസ്സിൽ തെളിഞ്ഞിട്ടുണ്ടാകുമോ ആവോ ?


എന്തായാലും, ആ അപരിചിതൻ തന്റെ മനസ്സിൽ ഒരു കഥാപാത്രമായി വളരുകയായിരുന്നു. അയാൾ കയറിപ്പോയ കാറിന്റെ നമ്പരെങ്കിലും ശ്രദ്ധിക്കാമായിരുന്നു. അതിനും കഴിഞ്ഞില്ല. ഒരുവേള തന്റെ കഥയുടെ വായനക്കാരനാകാനും മതി.

ദിവസങ്ങൾ പിന്നേയും ചിലതുകഴിഞ്ഞു. ദിനപ്പത്രത്തിലെ ചരമകോളത്തിൽ അയാളുടെ ചിത്രം കണ്ടമ്പരന്നു. അറിയാതൊരു തേങ്ങൽ തൊണ്ടയിൽ നിന്നൂർന്നു വീണു. ആകാംക്ഷയോടെ വാർത്തയിലേക്ക് കണ്ണയച്ചു. 'ജില്ലാ കലക്ടർ രാകേഷ് മുകുന്ദന്റെ പിതാവ് കൃഷ്ണകൃപയിൽ മുകുന്ദൻ മേനോൻ എഴുപത്തിയഞ്ച് നിര്യാതനായി. ഹൃദയസ്തംഭനമാ

യിരുന്നു. രാകേഷ് മുകുന്ദൻ ഏക മകനാണ്.'

വാർത്തയും ചിത്രവും അമ്മയെ കാണിച്ചു. അമ്മ ചിത്രത്തിലേക്ക് അല്പനേരം സൂക്ഷിച്ചു നോക്കുന്നതും കണ്ണുകൾ നിറയുന്നതും വിതുമ്പലടക്കാൻ വിമ്മിട്ടപ്പെടുന്നതും കണ്ട് അത്ഭുതമായി. അതാരാണെന്നറിയാൻ അദമ്യമായ ആഗ്രഹം. അമ്മയുടെ മനസ്സ് ശാന്തമാകുന്നതുവരെ കാത്തിരിക്കാതെ വയ്യ! പൊടുന്നനെ അമ്മ പൂജാ മുറിയിൽ കയറി വാതിലടച്ചു. വാതിൽ തുറക്കുന്നതും കാത്ത് മകൾ പുറത്തിരുന്നു. ●


■ കവിത



**അജയ് ബാലചന്ദ്രൻ**

# വെളിച്ചം ദുഃഖമാണുണ്ണീ...

വെളിച്ചം ദുഃഖമാണുണ്ണീ...
അടുപ്പം വികലമാണുണ്ണീ,
അകലം ആനന്ദകരം.
ബന്ധങ്ങൾതീർക്കും
കെട്ടുപാടോർത്താലുണ്ണീ,
അനാഥത്വം സുഖപ്രദം.
പകൽക്കൊള്ളകൾ പെരുകും
നാട്ടിലെന്നുണ്ണീ,
രാത്രിചാരികൾ ഭാഗ്യവാന്മാർ.
കുങ്കുമപ്പാലിൽ കുളിച്ചിടാമെന്നുണ്ണീ,
ദാഹമകറ്റാൻ തുള്ളി നീരില്ലെങ്കിലും.
അകലെയെങ്ങോ സ്വർഗ്ഗം
കാത്തിരിപ്പുണ്ടുണ്ണീ,
വിസ്മരിച്ചീടാം ഈ സുകൃതജന്മത്തിൽ
അനുനിമിഷസ്വർഗ്ഗം.
ജഡ കൽപ്രതിമകൾ തോറും
തേടിയലയാമെന്നുണ്ണീ,
ചേതനാചൈതന്യമാകുമാ അനുഭൂതിയെ.



# അനന്തം അജ്ഞാതം

**ജോസഫ് പൂതക്കുഴി**
**9846751749**

ആകാശവുമാഴിയുമൂഴിയുമനന്തകോടി
താരാപഥങ്ങളും സൂര്യചന്ദ്രന്മാരും
അതിനുമപ്പുറമാശൂന്യതമോഗർത്തങ്ങളും
അനന്തമജ്ഞാതം മഹാത്ഭുതം !!
ആഴിതന്നടിത്തട്ടിലുഷ്ണപ്രവാഹം
മേലേത്തട്ടിൽ നീലിമയാളും തിരമാല
അംബര ചുംബികളാം ഗിരിശൃംഗങ്ങൾ
ദേവതാരുക്കൾ പൂത്തുനിൽക്കും മഞ്ഞുമല
അടിവാരത്തിൽ പച്ചവില്ലീസുവിരിച്ച
ഗോതമ്പുപാടത്തെ കതിരുകൾ കൊത്തി
മാനത്തുപറക്കും കുഞ്ഞാറ്റക്കിളികൾ
വയലിൽ വിരിഞ്ഞുനിൽക്കും ലില്ലിപ്പൂവുകൾ
സാഗരങ്ങളെപ്പാടിപ്പാടിയുറക്കും തിരമാലകൾ
പുള്ളിമാൻ കിടാവൊപ്പം കളകളം പാടി
തുള്ളിയോടും കാട്ടുചോലതൻ പാൽച്ചിരി
ആറ്റിനക്കരെ തേന്മാവിൻ കൊമ്പത്തു
കൂടുകൂട്ടും പൂങ്കുയിലിൻ രാഗമാധുരി
അമ്മിഞ്ഞപ്പാലമൃതൂട്ടുമമ്മതൻ താരാട്ടു
പാട്ടുകേട്ടു മയങ്ങുമോമൽകുഞ്ഞിൻ
തൂമന്ദഹാസം
അദ്ധ്വാനഭാരമേന്തിടും കർഷകനുടെ
തൂവിയർപ്പിലും
എന്തിലുമേതിലും മിന്നിത്തിളങ്ങുന്നു
പരമേശ്വരൻ തന്നുടെ സൃഷ്ടിവൈഭവം.
ഈരേഴുപതിനാലുലോകങ്ങൾ വാണിടുന്ന
ചൈതന്യമൂർത്തിയാം പരംപൊരുളെ നമഃ

# അഹങ്കരിക്കരുത്

**അനുപമ പി. എസ്.**

അഹങ്കരിക്കരുത് സോദരീ നിന്നെച്ചൊല്ലീ
മാദ്ധ്യമങ്ങളിൽ വാർത്ത നിറയുന്നത് കണ്ട്.
ഒരുപാട് വീട്ടമ്മമാർ കരഞ്ഞു കണ്ണീർ വാർത്തു.
നം വില അറിഞ്ഞപ്പോൾ, അരിഞ്ഞിട്ടും കരയുന്നു.
നീയല്പം ചെറുതല്ലേ കാഴ്ച്ചയിൽ മൂത്തവൾ ഞാൻ
നിൻ വിലകൂടിപ്പോയി അഹങ്കരിക്കരുത് സോദരീ.
നമ്മളിൽ വെളുത്തവൾക്കെന്തുപറ്റിയെന്നോർക്കൂ.
അനുഭവങ്ങളിൽ നിന്ന് പാഠങ്ങൾ പഠിക്കേണം.
ഔഷധഗുണമേറെ അവൾക്കുണ്ടെന്നു ചൊല്ലി
കൊണ്ടാടിയവർക്കിന്ന് അവളെ വേണ്ടാ പോലും.
വെളുത്തവൾ മിടുക്കിയാ കാണാനും ചന്തക്കാരി
വായ്നാറ്റം മനുഷ്യരേ അവളിൽ നിന്നകറ്റുന്നു.
ഇരുനൂറ്റിഅമ്പതിന്റെ മുകളിൽ പോയി അവളിപ്പോൾ
അറുപതിൽ എത്തിനില്പൂ. ഇത്രയേ ഉള്ളൂ കാര്യം.
നൂറ്റി അമ്പതിൽ മേലെ നീ പോയി നിന്നപ്പോഴും
പതിനഞ്ചിൽ തന്നെ നിന്നൂ ഞാൻ കുറേ ദിവസങ്ങളായ്.
അഹങ്കാരമരുതെന്റെ സോദരീ നമ്മെച്ചൊല്ലി
വാർത്തകൾ വന്നെന്നോർത്ത് ഒന്നും ശാശ്വതമല്ല.
സവോള, ചുവന്നുള്ളി എന്നൊക്കെ വിളിച്ചാലും
നാമൊരു കുടുംബക്കാർ, തറയിൽ കിടക്കുന്നോർ
എന്നെപ്പറ്റി 'ഒട്ടൻചത്രം' അണ്ണാച്ചി പറഞ്ഞത്രെ
"ഓണമാ വരുന്നത്, സവോള മേലേപ്പോകും."
എനിക്കതിലഹങ്കാരം തെല്ലുമില്ലല്ലോ കുട്ടി
ഒന്നു ചീഞ്ഞെന്നാൽ നമ്മൾ ദുർഗന്ധം വമിക്കുന്നോർ
ഉള്ളി ഇല്ലാതെ തന്നെ ഉള്ളിപ്പൊക്കോട തീർക്കാൻ
വിരുതന്മാർ മലയാളി, സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട.

# ബൂമറാങ്ങ്

***ചോ: മറ്റ് നടീനടന്മാരിൽ നിന്നും വ്യത്യസ്തമായി കാവ്യാ മാധവനും മഞ്ജുവാര്യർക്കും പത്രങ്ങൾ ഇത്ര പ്രാധാന്യം കൊടുക്കുന്നതെന്തുകൊണ്ട് ?***
***പി. എം. കുര്യൻ, വിജയഗിരി.***

ബൂമറാങ്: അവർക്കിടയിൽ ദിലീപ് ഉള്ളതുകൊണ്ട്.

***ചോ: പതിനെട്ടുവയസ്സു തികഞ്ഞു കഴിഞ്ഞാൽ ചെയ്യാൻ പറ്റുന്ന ഒരു ക്രൂരകൃത്യം ?***
***ഗോപി പി. കെ., കോട്ടായി, പാലക്കാട്.***

ബൂമറാങ്: വോട്ട്.

***ചോ: ഇത് ദൈവത്തിന്റെ സ്വന്തം നാടാണോ ക്വട്ടേഷൻകാരുടെ സ്വന്തം നാടാണോ എന്നറിയാൻ എന്തുചെയ്യണം ?***
***ടി. അശോകൻ, വെള്ളാട്.***

ബൂമറാങ്: ഏതാണെന്നറിയാൻ ഒരു ക്വട്ടേഷൻ കൊടുത്താൽ മതി.

***ചോ: ഭർത്താവ് എന്ന് പദത്തിന്റെ അർത്ഥം തനി മലയാളത്തിൽ എങ്ങനെയാണ്?***
***കെ. എം. രാഗിണി, പെരുമ്പാവൂർ.***

ബൂമറാങ്: അച്ചീടെ നായര്.

***ചോ: നല്ല പിടിയുള്ളവർ പിടിയിലായാൽ എന്തുസംഭവിക്കും ?***
***സി. കെ. രാമചന്ദ്രൻ, തൃശ്ശൂർ.***

ബൂമറാങ്: പിടി പോകും.

***ചോ: ആട്ടം കണ്ടാൽ അരങ്ങത്ത് നിൽക്കരുതെന്ന് പറയുന്നത് എന്തുകൊണ്ടാ?***
***പി. എം. തോമസ്, കാപ്പിമല.***

ബൂമറാങ്: പെർഫോമൻസ് ശരിയല്ലെങ്കിൽ തടി കേടാവും.

***ചോ: വർക്കിയും വർഗ്ഗീസും തമ്മിലുള്ള വ്യത്യാസം എന്താണ് ചേട്ടാ ?***
***രാധിക പി. കെ., ചങ്ങനാശ്ശേരി.***

ബൂമറാങ്: സിമ്പിൾ സാദാ ദോശയും നെയ് റോസ്റ്റും പോലുള്ള വ്യത്യാസം മാത്രം.

***ചോ: കുംഭമാസനിലാവുപോലെ കുമാരിമാരുടെ ഹൃദയം. അപ്പോൾ കുമാരന്മാരുടെ ഹൃദയമോ?***
***എം. എം. ഷൈനി, മാനന്തവാടി.***

ബൂമറാങ്: കന്നിമാസനിലാവുപോലെ.

***ചോ: ഞാൻ സിനിമാ നടൻ ദിലീപേട്ടനെ വിവാഹം കഴിക്കാൻ ആഗ്രഹിക്കുന്നു. എന്തെങ്കിലും ഉപദേശം ?***
***പി. ടി. ഓമന, കൊല്ലം.***

ബൂമറാങ്: വിട്ടുപിടി ഓമനേ. ദിലീപ് രണ്ട് കഴിച്ചതിന്റെ കെട്ട് ഇതുവരെ വിട്ടിട്ടില്ല. പിന്നാ.

***ചോ: പിടക്കോഴി കൂവുന്ന നൂറ്റാണ്ടിൽ പൂവൻകോഴി എന്തെടുക്കും?***
***ആൽബിൻ ജോസ്, അമ്പായത്തോട്.***

ബൂമറാങ്: റസ്റ്റെടുക്കും.

***ചോ: ആദ്യരാത്രി പാലുമായി വന്ന ഭാര്യയോട് ചേട്ടൻ എന്താണ് പറഞ്ഞത് ?***
***ജോബിഷ് ആന്റണി, എടക്കോം.***

ബൂമറാങ്: പട്ടുസാരിയിൽ പാല് വീഴാതെ ശ്രദ്ധിക്കണേ എന്ന്.

**നിങ്ങൾക്കും ബൂമറാങ്ങിനോട് ചോദിക്കാം വിലാസം**
**കാരിത്തടം വർക്കി**
**ആലക്കോട് പി. ഒ.,**
**കണ്ണൂർ – 670571.**
**സെൽ : 8281926230**

**അറിയിപ്പ്**


RMS ലൂടേയും സ്റ്റാമ്പൊട്ടിച്ച് പോസ്റ്റോഫീസിലൂടേയും അയക്കുന്ന നിരവധി മാഗസിനുകൾ നഷ്ടപ്പെടുന്നുണ്ട്. അത്തരത്തിൽ നഷ്ടപ്പെടുന്ന മാഗസിൻ വായിച്ച് നിരവധി പേർ എന്നെ വിളിക്കാറുണ്ട് എന്നതാണ് കൗതുകം. എവിടെയാണ് ജോലി എന്ന് ചോദിച്ചാൽ പോസ്റ്റോഫീസിലാണ് എന്ന് പറയുന്നു. Subscriber ആണോ എന്ന് ചോദിച്ചപ്പോൾ ഫോൺ കട്ട് ചെയ്യാറാണ് പതിവ്. പോസ്റ്റോഫീസിലെ ഒരു ഉദ്യോഗസ്ഥനോട് ഇക്കാര്യം പറഞ്ഞപ്പോൾ അദ്ദേഹം ചിരിച്ചുകൊണ്ട് പറഞ്ഞു, "ഞങ്ങളുടെ ഡിപ്പാർട്ടുമെന്റിൽ നിന്ന് നിറയെ വായനക്കാരെ കിട്ടിയില്ലേ. ഇങ്ങനെ ബുക്കെടുക്കുന്നവർ എന്തായാലും വായിക്കും. അതുപോരെ ? പൈസയില്ലാഞ്ഞിട്ടല്ല പലരും മോഷ്ടിക്കുന്നത്. അത് ചിലർക്കൊരു സ്വഭാവമാണ്." എന്തുചെയ്യും ? എന്തായാലും ബന്ധപ്പെട്ടവർക്കെല്ലാം പരാതി നല്കണം. അതനുസരിച്ച് ഞാൻ പരാതി നല്കിയിട്ടുണ്ട്. പോസ്റ്റൽ ഡിപ്പാർട്ടുമെന്റ് ഈ പ്രശ്നം കഴിയുന്ന വേഗത്തിൽ പരിഹരിച്ചു തരുമെന്ന് വിശ്വസിക്കാം.

എല്ലാ മാസവും ഇരുപത്തഞ്ച് മുതൽ അമ്പതുവരെ ബുക്കുകളാണ് നഷ്ടപ്പെടുന്നത്. എന്നാൽ സപ്തംബറിലേയും ഒക്ടോബറിലേയും ഇരുന്നൂറുകോപ്പികൾ വീതം നഷ്ടമായി. എന്തായാലും എല്ലാ മാസവും പതിനഞ്ചാം തിയതിക്കകം മാസിക ലഭിച്ചില്ലെങ്കിൽ 9446443321 എന്ന നമ്പറിലേയ്ക്ക് SMS ചെയ്യുക. മാസിക വീണ്ടും അയച്ചുതരാം. അങ്ങനെ അയക്കുന്ന മാസികകളും നഷ്ടപ്പെട്ടിട്ടുണ്ട്. അത് ശ്രദ്ധയിൽ പെടുമ്പോൾ വീണ്ടും ഒരുമടിയും കൂടാതെ അയക്കാറുമുണ്ട്. ഞങ്ങളുടെ നഷ്ടം വലുതാണ്. ആരോടും പരാതിപ്പെടാതെ ഞങ്ങൾ ക്ഷമിക്കുന്നതുപോലെ പുസ്തകം കിട്ടുവരെ ഏവരും ക്ഷമിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

എഡിറ്റർ


Printed, Published Edited & Owned by E.T. Muralidharan, Printed at S.K Offset Manali, Palakkad
Published From A-9 New Civil Nagar, Behind Civil Station, Palakkad. Pin: 678 001

# പുസ്തകപരിചയം




**കുപ്പന്റെ മഴു**
(കഥകൾ)
ടി. കെ. ഉണ്ണികൃഷ്ണൻ
9447972209
വില - 100 രൂപ
പേജ് - 100
പ്രസാധകർ - ഏക തത്ത്വ പബ്ലിക്കേഷൻ, പാലക്കാട്.

ലോകത്ത് നടക്കുന്ന അനീതിയും സ്വാർത്ഥതയും ജീവിതരീതിയും എല്ലാം ഉൾപ്പെടുത്തി തീർത്തും വ്യത്യസ്തതയുള്ള പ്രമേയങ്ങളാണ്, സന്ദേശങ്ങളാണ് ഇതിലെ ഓരോ കഥയും.




**രാമായണ സംഗ്രഹം (പദ്യം)**
ഭാസ്കരൻ കേരളശ്ശേരി
0491-2576529, 9895164948
പ്രസാധകർ - ലേഖകൻ
വില - 40 രൂപ
പേജ് - 54

രാമായണത്തെ ആധാരമാക്കിയുള്ള പ്രശ്നോത്തരിയിൽ വരാവുന്ന 300ൽ പരം ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ ഇതിൽ ലഭ്യമാണ്.



**കണ്ണുകൾ**
(തെരഞ്ഞെടുത്ത മിനിക്കഥകൾ)
എഡിറ്റർ : എൻ. എം. നൂലേലി
പ്രസാധകർ - ഭാവനാ ബുക്സ്, പാലക്കാട്
വില - 70 രൂപ
പേജ് - 60
9249965566

ഗ്രന്ഥപ്പുര സാംസ്കാരിക വേദിയും ഭാവനാ ബുക്സും ചേർന്ന് അവതരിപ്പിക്കുന്ന കണ്ണുകൾ എന്ന സമാഹാരത്തിൽ മൂന്നു ഡസനിലേറെ കൊച്ചു കഥകളാണുള്ളത്. ചെറിയ ചെറിയ വാചകങ്ങളിൽ വൈവിധ്യമാർന്ന ജീവിതത്തിന്റെ സത്യസന്ധമായ പ്രതിഫലനമാണ് ഇവയിൽ ദൃശ്യമാകുന്നത്.



**രാജകുമാരി അമ്മ**
ജിജോ രാജകുമാരി
8086350652, 9495260652
പ്രസാധകർ - തണൽ ബുക്സ്, നെടുംകണ്ടം
വില - 40 രൂപ
പേജ് - 28


സുഗന്ധവ്യഞ്ജനങ്ങളുടെ നാട്ടിലെ സ്വർഗ്ഗീയ രാജ്ഞിയെക്കുറിച്ചുള്ള ചരിത്രവഴിയാണ് ഈ പുസ്തകം.

ഗ്രന്ഥകർത്താക്കളുടേയും പ്രസാധകരുടേയും ശ്രദ്ധയ്ക്ക് - നിങ്ങൾ രചിച്ച/പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ ഏക തത്ത്വയ്ക്ക് അയച്ചു തരാവുന്നതാണ്. പുസ്തകനിരൂപണത്തിനായി രണ്ടു ബുക്കുകളും പുസ്തകപരിചയത്തിലേയ്ക്കായി ഒരു ബുക്കും അയക്കേണ്ടതാണ്.




**രക്ഷിതാക്കൾക്കുള്ള 51 മന്ത്രങ്ങൾ**
എടപ്പാൾ സി. സുബ്രഹ്മണ്യൻ
9446472231, 0494-2684183
പ്രസാധകർ - രാക്കി ബുക്സ്, തിരൂർ
വില - 50 രൂപ
പേജ് - 66

കുട്ടിക്കും രക്ഷിതാവിനും അദ്ധ്യാപകനും ജനപ്രതിനിധികൾക്കും വിദ്യാഭ്യാസ ചിന്തകൾക്കും എന്നെന്നും തുണയാകുന്ന ഹൃദയത്തിൽ ചേർത്തുവെയ്ക്കാവുന്ന വായനക്കാരുടെ മുക്തകണ്ഠമായ പ്രശംസക്ക് പാത്രമായ പുസ്തകം.




**ഇത്തിരി പ്രണയവും ഏറെ നർമ്മവും**
ഭാസ്കരൻ കേരളശ്ശേരി
0491-2576529, 9895164948
പ്രസാധകർ - ലേഖകൻ
വില - 85 രൂപ
പേജ് - 82

ആത്മബോധത്തിന്റെ കലഹങ്ങളിൽ നിന്നുതിർന്നുവീഴുന്ന ഹാസ്യത്തിന്റെ ശൈലിപരിണാമങ്ങൾ നർമ്മത്തിന്റെ പൊടിപൂരങ്ങൾ ഒപ്പം പ്രണയത്തിന്റെ തീവ്രനൊമ്പരങ്ങളും മികച്ച വായനാനുഭവം നൽകുന്ന കഥകളുടെ സമാഹാരമാണിത്.



**അന്ന**
ജിജോ രാജകുമാരി
8086350652, 9495260652
പ്രസാധകർ - കോനാട്ട് പബ്ലിക്കേഷൻസ്, അടിമാലി
വിതരണം - നളന്ദ ബുക്ക് സ്റ്റാൾ, അടിമാലി
വില - 40 രൂപ
പേജ് - 54

ജീവിതത്തിന്റെ വെള്ളച്ചുമരുകളിൽ കോറിയിട്ട പ്രണയത്തിന്റെ മഞ്ചാടിച്ചുവപ്പുള്ള ഇടങ്ങൾ. ഓർമ്മകൾ വേദനയോടെ കത്തുന്നതിന്റെ വെളിച്ചം പലദിശകളിൽ നിന്നായി ഇറ്റുവീഴുന്ന വാക്കുകൾ. നക്ഷത്രങ്ങളൊന്നൊന്നായി അടരുന്ന ആകാശത്തിന്റെ മനോഹാരിതയും നിലാവിന്റെ ഇളം ചൂടും അനുഭവപ്പെടുത്തുന്ന കവിതകൾ.



**മഴ അരലിറ്റർ വെയിൽ ഒരുകിലോ**
ജിജോ രാജകുമാരി
8086350652, 9495260652
പ്രസാധകർ - പായൽ റൈറ്റേഴ്സ് ക്ലബ്ബ്
വില - 60 രൂപ
പേജ് - 58

ചെറിയ വാക്കുകളിൽ സ്ഫോടനാത്മകത ഒളിപ്പിച്ചുവെച്ച കഥകളാണ് ഈ പുസ്തകത്തിൽ. ജീവിതത്തിന്റെ നേർക്കാഴ്ചകളും വർത്തമാനത്തിന്റെ വിഹ്വലതകളും ഈ രചനകളിൽ ഇഴചേരുന്നു.

Published on 15/10/2017, RNI No. KERMAL/2010/35818, REGISTERED Eka Thathwa Monthly, Vol 7, Issue 12, November 2017, Rs. 15/-
Postal Regn No. KL/PGT/032/2017-2019, Licence to Post without Pre-payment No. KL/PMG/NR/WPP/9-6/PKD/2017-2019


# TECHNOWOOD

KITCHEN | CURTAIN & MORE

Updated Kitchen concepts

MATTRESSES/PILLOWS/BEDSPREAD/CURTAINS

MULTI BRAND SHOW ROOM


Kitchens/bedrooms/interiors


Sensible design solutions
Fully customized Kitchens & Wardrobes
Hand-picked raw materials
German hardware & accessories
More than 150 shades & textures to choose from
Solutions for every budget
A total interior solutions



KAFF | HÄFELE | SIEMENS | Whirlpool | deseo | Lifetime




















Lovics | Sleepwell MATTRESSES PILLOWS CUSHIONS | Peps | RUBCO

For Modular Kitchens /Appliances / Accessories and more...

**Mangalam Towers**
Opp Town Bus Stand, T.B. Road, Palakkad- 14.
Tel: 0491-2515112
+91 9447034614, +91 9400496112
e-mail: technowoodfurniture@gmail.com

For Mattresses / Bedspread / Pillows / Cushions and more...

**10/257(1) Ram Estate**
College Road, Palakkad -1.
Tel: 0491 - 2545112
+91 9447034614, +91 9400499112
Website: www.technowoodkitchens.com